കുലശേഖരപുരം ഗ്രാമ പഞ്ചായത്ത്



വികസന റിപ്പോർട്ട്

1996

കുലശേഖരപുരം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

വികസന സെമിനാർ

96 ഡിസംബർ 31, ചൊവ്വ

സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമേ ഇൻഡ്യക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കൂ.

പഞ്ചായത്ത് രൂപരേഖ



ആലംബം : വിതരുപടം, സെന്സ്

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. ജി. കാർത്തികേയൻ
1953 - 1979

ശ്രീ. മുത്താംവീട്ടിൽ രാമൻപിള്ള
1979 - 1995

പഞ്ചായത്ത് ഭരണസമിതി



എ. നാസ്സർ
പ്രസിഡന്റ്

കെ. ശ്രീധരൻ
വൈസ് പ്രസിഡന്റ്

ജഗദമ്മ ഗോവിന്ദക്കുറുപ്പ്
സ്റ്റാൻ: കമ്മിറ്റി
ചെയർ പേഴ്സൺ

കെ. രാജശേഖരൻ
മെമ്പർ



എസ്. സതീശൻ

കെ. ചന്ദ്രൻപിള്ള

ജെ. പ്രസന്ന



അഡ്വക്കേറ്റ്
എം. ഇബ്രാഹിംകുട്ടി

കെ. സത്യവതി

സി. രാധാമണി



എ. ഷാഹുൽഹമീദ്



കെ.പി. വിശ്വൻ

എൽ. സരസ്വതി

എ. ഷരീഫാക്കുഞ്ഞ്

ശില്പികൾ

സഹായികൾ

ജനപ്രതിനിധികൾ

എസ്. മോഹനൻ (കൺവീനർ)

എൻ. ബാലകൃഷ്ണപിള്ള (ഡി.ആർ.പി.)

എസ്. രവികുമാർ (ഡി.ആർ.പി.)

സി.പി. ഉണ്ണികൃഷ്ണൻ (ഡി.ആർ.പി.)

പ്രേമചന്ദ്രൻ (ഡി.ആർ.പി.)

ജി. ശ്രീധരൻ പിള്ള (എൽ.ആർ.പി.)

ജി. രാഘവൻപിള്ള (എൽ.ആർ.പി.)

പ്രൊഫ: എം. മുരളീധരൻപിള്ള (എൽ.ആർ.പി.)

ഡി. ശിവപ്രസാദ് (ഡി.ആർ.പി.)

കെ. രാഘവൻ (എൽ.ആർ.പി.)

നീലികുളം കുട്ടൻപിള്ള (എൽ.ആർ.പി.)

രവീന്ദ്രൻ പിള്ള (എൽ.ആർ.പി.)

പ്രഹ്ലാദൻ (എൽ.ആർ.പി.)

അക്ഷരസംവിധാനം
മാസ്, കൊല്ലം.
കവർ ഡിസൈൻ
എൻ. അജയൻ
അച്ചടി
കാത്തലിക് പ്രസ്സ്, കൊല്ലം.

താളുകൾ മറിക്കുമ്പോൾ

1. ആമുഖം
2. ചരിത്ര പശ്ചാത്തലം
3. ഭൂപ്രകൃതി
4. കൃഷി-ജലസേചനം
5. മത്സ്യമേഖല, മൃഗപരിപാലനം
6. വിദ്യാഭ്യാസം
7. ആരോഗ്യം, കുടിവെള്ളം
8. വ്യവസായം
9. ഗതാഗതം, ഊർജ്ജം
10. ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ
11. സംസ്ക്കാരം
12. വനിത
13. സഹകരണമേഖല
14. പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം
15. വിഭവസമാഹരണം

കുലശേഖരപുരം ഗ്രാമപഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	കുലശേഖരപുരം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	കുലശേഖരപുരം, ആദിനാട്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	:	കുലശേഖരപുരം A,B,C
ബ്ലോക്ക് പഞ്ചായത്ത്	:	ഓച്ചിറ
താലൂക്ക്	:	കരുനാഗപ്പള്ളി
ജില്ല	:	കൊല്ലം
അസംബ്ലി മണ്ഡലം	:	കരുനാഗപ്പള്ളി
വിസ്തീർണ്ണം	:	16.75 ച.കി.മി.
അതിരുകൾ :		
വടക്ക്	:	ക്ലാപ്പന ഓച്ചിറ പഞ്ചായത്തുകൾ
കിഴക്ക്	:	തഴവ പഞ്ചായത്ത്
തെക്ക്	:	കരുനാഗപ്പള്ളി പഞ്ചായത്ത്
പടിഞ്ഞാറ്	:	ടി.എസ്. കനാൽ
ജനസംഖ്യ	:	41464
പുരുഷന്മാർ	:	20476
സ്ത്രീകൾ	:	20988
പട്ടികജാതി.	:	2595
വാർഡുകളുടെ എണ്ണം	:	14
പ്രസിഡന്റ്	:	എ.നാസർ
വൈസ് പ്രസിഡന്റ്	:	കെ.ശ്രീധരൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ	:	ജഗദമ്മ ഗോവിന്ദക്കുറുപ്പ്



ആമുഖം

സാമൂഹ്യ പുരോഗതിയ്ക്കായുള്ള ഏത് പ്രവർത്തനത്തിലും ജനപങ്കാളിത്തം അനിവാര്യമായ ഒരു ഘടകമാണ്. ഇന്നലെകളിലെ അനുഭവങ്ങൾ ഈ വസ്തുതകൾ കൂടുതൽ ശരിവയ്ക്കുന്നു. നിലവിലുള്ള ആസൂത്രണ വികസന പദ്ധതികളുടെ അടിസ്ഥാനപരമായ പോരായ്മ, അതിൽ ജനങ്ങൾക്ക് യാതൊരു പങ്കുമില്ല എന്നതുതന്നെ. ജനകീയ ഇടപെടലിന്റെ അഭാവത്തിൽ വികസന പരിപാടികൾ വിവിധ വകുപ്പുകളുടെ യാന്ത്രികവും പരസ്പരബന്ധമില്ലാത്തതുമായ കേവല പദ്ധതികളാവുകയും, വികസന ലക്ഷ്യത്തിന്റെ ദിശ തെറ്റുകയും ചെയ്തു. ഈ നിലയ്ക്ക് വികസന പ്രതിസന്ധിയുടെ നിർണ്ണായകഘട്ടത്തിൽ കേരളീയ സമൂഹം എത്തിപ്പെട്ടിരിക്കുകയാണ്. ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പൂർത്തിയാക്കുവാൻ വഴികാണാതിരിക്കുകയും ഇന്നോളം നാം നേടിയ നേട്ടങ്ങൾ തകരുന്നതിന്റെ സൂചനകൾ വ്യക്തമാവുകയും ചെയ്യുന്നു. കാർഷിക വ്യാവസായിക മേഖലകളിലെ ഉൽപ്പാദന മുരടിപ്പും വിദ്യാഭ്യാസ, ആരോഗ്യസേവനാദി മേഖലകളിലെ ഗുണനിലവാരത്തകർച്ചയും അതിരൂക്ഷമാവുകയാണ്. ഈ സ്ഥിതിവിശേഷം തരണം ചെയ്യാതെ പുരോഗതിയെക്കുറിച്ച് ചിന്തിക്കാൻ നമുക്ക് ആവില്ല. അധികാരം കേന്ദ്രീകൃതമായി നിലനിർത്തിക്കൊണ്ട് ഈ ദുഃസ്ഥിതി മറികടക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യത്തിലേയ്ക്ക് നാം കൂടുതൽ അടുത്തുകൊണ്ടിരിക്കുകയാണ്. അധികാരവികേന്ദ്രീകരണത്തിനായുള്ള മുറവിളി ഏറെ പഴക്കമുള്ളതാണെങ്കിലും ഇന്ന് അത് കൂടുതൽ ശക്തമായി ജനങ്ങളുടെ ബോധമണ്ഡലത്തിലെത്തിയിരിക്കുന്നു. സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ മഹാത്മാഗാന്ധി ഗ്രാമസ്വരാജ് എന്ന ആശയം അവതരിപ്പിക്കുകയുണ്ടായി. ഗ്രാമീണ ജനതയുടെ പുരോഗതിയിലൂടെ മാത്രമേ രാജ്യത്തിന് പുരോഗതി നേടാനാവൂ എന്ന് അദ്ദേഹം തറപ്പിച്ചുപറയുകയുണ്ടായി. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും, ഇന്ത്യൻ ഗ്രാമങ്ങളെ സ്വാശ്രയമാക്കിക്കൊണ്ടു മാത്രമേ പുരോഗതി സാധ്യമാവൂ എന്ന് അദ്ദേഹം വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു.

വികസനവുമായി ബന്ധപ്പെട്ട് നാനാ മേഖലകളിൽ രൂപം കൊള്ളുന്ന തീരുമാനങ്ങളും സമീപനങ്ങളും വികസനത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കളിൽനിന്നും, അവരുടെ മുൻകൈയോടെയും, ആയിരിക്കണമെന്ന സങ്കൽപ്പം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

കേന്ദ്രീകൃത ആസൂത്രണത്തിന്റെ മൗലിക ദൗർബല്യങ്ങളായ അഴിമതിയും ധൂർത്തും ചുവപ്പുനാടയും ഒഴിവാക്കുവാൻ സമയബന്ധിതവും കാര്യക്ഷമവും മുൻഗണനാക്രമത്തിലും വികസന പരിപാടികൾക്ക് രൂപം കൊടുക്കുവാനും അധികാരവികേന്ദ്രീകരണത്തിന് മാത്രമേ കഴിയൂ. ജനങ്ങളുടെ ഇച്ഛാശക്തി വളർത്തിയും അവരുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പാക്കിയും നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾവഴി സാമൂഹ്യ പുരോഗതിയിൽ വൻ കുതിച്ചുചാട്ടം നടത്താനാകും. ഉദാത്തമായ കാഴ്ചപ്പാടോടെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് രൂപംകൊടുത്ത ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം നിറവേറ്റാനുള്ള കർമ്മ പരിപാടികൾ കുലശേഖരപുരം ഗ്രാമപഞ്ചായത്ത് രൂപംകൊടുക്കുകയാണ്. കുലശേഖരപുരത്തിന്റെയും കേരളത്തിന്റെയും വരുംകാല ചരിത്രത്തിന്റെ ഉജ്ജ്വലമായ ഒരേടാകാൻ പോകുന്ന ഈ സംരംഭത്തിൽ നമ്മളും ഇഴുകിച്ചേരുകയാണ്. അതിന്റെ ഭാഗമാണ് ഈ വികസന റിപ്പോർട്ട്.

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് – നഗരപാലികാ നിയമം നമ്മുടെ ഭരണഘടനയുടെ ഭാഗമായിരിക്കുന്നു. അതിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട പഞ്ചായത്ത് – മുനിസിപ്പൽ സമിതികൾ നിലവിൽവന്നുകഴിഞ്ഞിരിക്കുകയാണല്ലോ. ജില്ല–ബ്ലോക്ക്– ഗ്രാമപഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനകീയ സമിതികൾ ചലനാത്മകമായിട്ടുണ്ട്. അതിനും പുറമേ അധികാരവികേന്ദ്രീകരണം നടപ്പിലാക്കാൻ പ്രതിബദ്ധമായ ഒരു രാഷ്ട്രീയ–സാമൂഹ്യ അന്തരീക്ഷം കേരളത്തിൽ സംജാതമായിരിക്കുകയാണ്. പുത്തൻ വികസന കാഴ്ചപ്പാടുമായി മുന്നേറാൻ പറ്റിയ സവിശേഷമായ ഒരു സാഹചര്യം നമുക്ക് കൈവന്നിരിക്കുകയാണ്. 1977 ഏപ്രിൽ 1 ന് ആരംഭിക്കുന്ന കേരള

ത്തിന്റെ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കാനുള്ള കേരളസർക്കാർ തീരുമാനവും അതിന്റെ ഭാഗമായി നടക്കുന്ന ജനകീയ ആസൂത്രണ പ്രവർത്തനങ്ങളും ഇന്ന് ഇന്ത്യ മുഴുവൻ ഉറ്റുനോക്കുകയാണ്. ഈ പശ്ചാത്തലത്തിൽ മുഴുവൻ ജനങ്ങളേയും യോജിപ്പിച്ചുകൊണ്ട് വിപുലമായൊരു ജനകീയ ആസൂത്രണപ്രസ്ഥാനം കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ രൂപം കൊള്ളുകയാണ്. പഞ്ചായത്തിന്റെ വികസനത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ജനാധിപത്യം കൂടുതൽ അർത്ഥവത്താക്കുക എന്ന കാഴ്ചപ്പാടോടെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെയും സുപ്രധാനങ്ങളായ രണ്ട് ഘട്ടങ്ങൾ പൂർത്തിയാവുകയാണ്.

ഒന്നാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ വളരെ ചിട്ടയോടെ ഏറ്റെടുത്ത് നടത്താൻ നമുക്ക് കഴിഞ്ഞു. കുലശേഖരപുരം പഞ്ചായത്തിൽനിന്നും 13 DRPകളും 140 LRPകളും ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുത്തു. ശരിയായ തയ്യാറെടുപ്പുകളോടെയാണ് ഗ്രാമസഭകൾ ചേർന്നത്.

ഗ്രാമസഭകൾ ചേരുന്നതിന് പരമാവധി പ്രചരണം കൊടുക്കാൻ ശ്രദ്ധിച്ചിരുന്നു. ഒക്ടോബർ 2ന് തന്നെ നിശ്ചയിച്ചിരുന്ന പ്രകാരം ഗ്രാമസഭകൾ പൂർത്തിയാക്കി. 150 മുതൽ 350 പേർവരെ ഓരോ ഗ്രാമസഭയിലും പങ്കെടുത്തു. നമ്മുടെ പഞ്ചായത്തിലെ 14 വാർഡുകളിലെ ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ മൊത്തം 2134 പേർ പങ്കെടുക്കുകയുണ്ടായി. ഓരോ പ്രദേശത്തെയും തനത് പ്രശ്നങ്ങളും പൊതുവായ പ്രശ്നങ്ങളും സൂക്ഷ്മതയോടെ പരിശോധിച്ച് ക്രിയാത്മകമായ പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഗ്രാമസഭാ ചർച്ചകൾ നല്ല നിലവാരം പുലർത്തുന്നവയായിരുന്നു. ജനപ്രതിനിധികളും DRP, LRP കളും ഗ്രാമസഭാചർച്ചകൾക്ക നേതൃത്വം നൽകി. ഇതിൽ രാഷ്ട്രീയനിറക്കൂട്ടുകളില്ലാതെ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ സാധിച്ചു. വിശേഷാൽ ഗ്രാമസഭകൾ നമ്മുടെ നാടിന് ഏറെ പുതുമ നിറഞ്ഞ ഒരു അനുഭവമായിരുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിന്നുള്ളവർ ഗ്രാമസഭകളിൽ ഒത്തുചേർന്നത് ഏറെ ശ്രദ്ധേയമായിരുന്നു.

രണ്ടാംഘട്ട പരിശീലനത്തിൽ 10 DRP കളും, 86 LRP കളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായി തിരിച്ച് ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചു. ജനാധികാര കലാജാഥയും നമ്മുടെ പഞ്ചായത്തിൽ പര്യടനം നടത്തുകയുണ്ടായി. നവംബർ 1ന് പുനരർപ്പണ ദിനാചരണത്തിന്റെ ഭാഗമായി ഒരു വികസന പദ്ധതിക്ക് തുടക്കം കുറിച്ചു. മാരുത്താഴെ പാടശേഖരത്തിലെ ഗ്രൂപ്പ് ഫാമിംഗ് ഉപ്പുവെള്ളം കയറി നെൽക്കൃഷി നശിക്കുന്ന സ്ഥിതി പരിഹരിക്കാൻ പുതിയൊരു ബണ്ടിന്റെ നിർമ്മാണം നടന്നുവരുന്നു. വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ഓരോ വകുപ്പിനും കീഴിലുള്ള നടപ്പ് പദ്ധതികൾ അവലോകനം ചെയ്തു. നമ്മുടെ പഞ്ചായത്തിന്റെ ഭൂമിശാത്രപരമായ പ്രത്യേകതകളും ജലസേചനം, കൃഷി, മണ്ണ് എന്നിവയെ സംബന്ധിച്ച് നേരിട്ട് പഠിക്കാൻ പഠനപര്യടനം നടന്നു. 15അംഗ പഠനസംഘം പഞ്ചായത്തിന്റെ കിഴക്കേയറ്റം മുതൽ പടിഞ്ഞാറേയറ്റംവരെ കാൽനടയായി സഞ്ചരിച്ച് വസ്തുതകൾ ശേഖരിച്ച് കുലശേഖരപുരം പഞ്ചായത്തിന്റെ പോയകാല ചരിത്രപശ്ചാത്തലം അന്വേഷിക്കുകയും ലഭ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതിനായി പഞ്ചായത്തിലെ മുതിർന്ന പൗരന്മാരുടെ യോഗം ചേരുകയും പ്രായമേറിയ നിരവധി വ്യക്തികളെ നേരിൽക്കാണുകയും പഴയകാലരേഖകൾ പരിശോധിക്കുകയും ചെയ്തു. തുടർന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കുകയും വിശകലനംചെയ്യുകയുണ്ടായി. ഇങ്ങനെ ലഭിച്ച എല്ലാ വിവരങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ജനപ്രതിനിധികളും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരും DRP LRP കളും പ്രത്യേക വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞ് പഠനവും വിശകലനവും ചർച്ചകളും നടത്തിയാണ് ഈ റിപ്പോർട്ടിന് രൂപം കൊടുത്തിട്ടുള്ളത്. ഗ്രാമസഭാ ഗ്രൂപ്പ് ചർച്ചകളിൽനിന്നും തെരഞ്ഞുടുക്കപ്പെട്ടവരും ഇതുമായി ബന്ധപ്പെട്ട മറ്റുള്ളവരും പങ്കെടുക്കുന്ന പഞ്ചായത്ത് വികസന സെമിനാറിൽ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവളർച്ചയ്ക്ക് ഉതകുന്ന ചർച്ചകളും ധാരണകളുമുണ്ടാകണം. പഞ്ചായത്തിന്റെ വികസനത്തിനുള്ള കർമ്മപരിപാടിക്ക് രൂപം കൊടുക്കണം. അവ വിപുലമായ ജനപങ്കാളിത്തതോടെ പ്രവർത്തിപഥത്തിൽ എത്തിക്കാനും ഒരു പുത്തൻ വികസന സംസ്ക്കാരം ജനങ്ങളുടെ ജീവിതശൈലിയാക്കുവാനുമുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒന്നിക്കാം. വഴിമുട്ടി നിൽക്കുന്ന ഗ്രാമവികസനത്തിൽ രചനാത്മകമായ പന്ഥാവിലൂടെ മുന്നോട്ട് നയിക്കാനും നമുക്ക് പരിശ്രമിക്കാം.

സാമൂഹിക-സാംസ്ക്കാരിക-ചരിത്ര പശ്ചാത്തലം

മധ്യതിരുവിതാംകൂറിലെ കരുനാഗപ്പള്ളി താലൂക്കിലാണ് കുലശേഖരപുരം ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഓണാട്ടുകര കാർഷികമേഖലയിൽപ്പെടുന്ന ഈ പ്രദേശത്തിന്റെ പഴയകാല ചരിത്രത്തെ സംബന്ധിച്ച ലിഖിത രേഖകൾ പരിമിതമാണ്. ഐതിഹ്യങ്ങളും നാട്ടറിവുകളുമാണ് ഏറെയും. "കുലശേഖരപുരം" എന്ന സ്ഥലനാമത്തിന്റെ ചരിത്രം ഇങ്ങനെയാണ് കരുതപ്പെടുന്നത് - ദക്ഷിണഭാരതത്തിലെ 12 ആഴ്വാക്കളിൽ പ്രധാനിയായിരുന്നു കുലശേഖര ആഴ്വാർ. ഇദ്ദേഹം കവിയായിരുന്നെന്നും "തിരുമൊഴി" യുടെ കർത്താവാണെന്നും കരുതപ്പെടുന്നു. കുലശേഖര ആഴ്വാറുടെ പേരിൽനിന്നും ഈ പ്രദേശത്തിന് കുലശേഖരപുരം എന്നപേർ സിദ്ധിച്ചു എന്നൊരു വിശ്വാസം നിലവിലുണ്ട്. അതുപോലെ ചേരരാജാക്കന്മാരുടെ സാമന്തന്മാർ താവളമടിച്ചിരുന്ന പ്രദേശങ്ങൾക്ക് ഈ പേരുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. തെക്കൻ കേരളത്തിൽ "കുലശേഖരം" "കുലശേഖരമംഗലം" എന്നീ സ്ഥലനാമങ്ങളും നിലവിലുണ്ട്. മേൽപ്പറഞ്ഞ വംശങ്ങളുമായി ബന്ധപ്പെട്ട ഒരു രാജസ്ഥാനം എന്ന അർത്ഥത്തിൽ കുലശേഖരപുരം എന്ന പേർ ലഭിച്ചതാകാമെന്നുകരുതുന്നതിൽ തെറ്റില്ല. ഈ പ്രദേശത്ത് കൊട്ടാരവും മറ്റുമുള്ള ഒരു രാജഭരണം ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാൻ കാരണമുണ്ട്. കുലശേഖരപുരം പഞ്ചായത്തിലെ കടത്തൂർ, നീലികുളം ഭാഗത്ത് തകർന്ന കൊട്ടാരാവശിഷ്ടങ്ങൾ കുറേക്കാലം മുമ്പുവരെ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. കൂടാതെ രാജകൊട്ടാരവുമായി ബന്ധപ്പെട്ട വീടുകൾക്ക് പറയുന്ന കൊട്ടാരത്തിൽ, കോയിക്കൽ, മാളിയേക്കൽ എന്നിങ്ങനെ നിരവധി കുടുംബപ്പേരുകളും കുലശേഖരപുരത്ത് ഇന്നും നിലവിലുണ്ട്.

വേണാട്ടരചൻ കായംകുളം രാജ്യം കീഴടക്കിയപ്പോൾ കുലശേഖരപുരവും കൂട്ടിച്ചേർക്കപ്പെടുകയും തിരുവിതാംകൂറിൽ ആക്കുകയും ചെയ്തു. മാർത്താണ്ഡവർമ്മയുടെ ദാസരായി മാറിയ തദ്ദേശീയരായ പടയാളികൾക്ക് ഭൂമി ദാനമായി നൽകിയിരുന്നു. ഇങ്ങനെ നൽകിയ ഭൂമിക്ക് "വിരുത്തി" വസ്തുക്കൾ എന്നാണ് പറയാറ്. ഇത്തരം ധാരാളം ഭൂമി കുലശേഖരപുരത്തിന്റെ പല ഭാഗത്തും കാണുന്നുണ്ട്.

കുലശേഖരപുരം പഞ്ചായത്തിൽ തഴത്തോടിന് പടിഞ്ഞാറ് കായലിനോട് ചേർന്നുകിടക്കുന്ന ഭാഗം "ആതനാട്" എന്നാണ് അറിയപ്പെടുന്നത്. ഐതിഹ്യങ്ങൾ പ്രകാരം "ആതനാട്" എന്നാൽ ആതന്റെ അഥവാ ബുദ്ധന്റെ നാട് എന്നാണർത്ഥം. ഈ പ്രദേശത്ത് ഒരു കാലത്ത് ധാരാളം ബുദ്ധമതവിശ്വാസികൾ കഴിഞ്ഞിരുന്നതായി തെളിവുകളുണ്ട്. ബുദ്ധമതവിശ്വാസിയായിരുന്ന അകത്തൂട്ട് രാജാവും അദ്ദേഹത്തിന്റെ കൊട്ടാരവും മറ്റും ഉണ്ടായിരുന്നതായി കാണാം. അകത്തൂട്ട് ചന്തയ്ക്ക് സമീപം കൊട്ടാരാവശിഷ്ടങ്ങൾ അടുത്തകാലംവരെ ഉണ്ടായിരുന്നതാണ്. അതിനടുത്തുതന്നെയുള്ള അയ്യൻകോയിക്കൽ ക്ഷേത്രവും ബുദ്ധമതാനുയായികളുടെ ആരാധനാകേന്ദ്രമായിരുന്നു. "അയ്യൻ" എന്ന വാക്കിന് "ബുദ്ധൻ" എന്നാണർത്ഥം. അയ്യൻ കോയിക്കൽ ക്ഷേത്രത്തിൽ സ്ഥാപിച്ചിരുന്നതും പിൽക്കാലത്ത് കായലിൽനിന്ന് കണ്ടെടുത്തതുമായ കൃഷ്ണശിലയിൽ തീർത്ത ബുദ്ധ വിഗ്രഹം പ്രസിദ്ധമാണ്. ഈ വിഗ്രഹം കുറേക്കാലം കരുനാഗപ്പള്ളി പടനായർ കുളങ്ങര ക്ഷേത്രത്തിന് പടിഞ്ഞാറുവശത്ത് സ്ഥാപിച്ചിരുന്നു. ഇപ്പോൾ ഈ വിഗ്രഹം കൃഷ്ണപുരം കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അങ്ങനെ, ശങ്കരാചാര്യരുടെ കാലംവരെ കുലശേഖരപുരത്ത് ബുദ്ധമതവിശ്വാസം പ്രബലമായിരുന്നുവെന്ന് ഊഹിക്കാവുന്നതാണ്.

ക്ഷേത്രപ്രവേശനവിളംബരത്തിനു മുമ്പുതന്നെ ജാതി- മതഭേദങ്ങളില്ലാതെ എല്ലാവർക്കും കയറാനും ആരാധന നടത്താനും അവകാശമുണ്ടായിരുന്ന തിരുവിതാംകൂറിലെ മൂന്ന് ക്ഷേത്രങ്ങളിലൊന്നായിരുന്നു ആതനാട് ശക്തികുളങ്ങര ദേവിക്ഷേത്രം. ഒരുകാലത്ത് ഈ ക്ഷേത്രത്തിന്റെ അവകാശം അഞ്ച് കുടുംബങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടപ്പോൾ അതിലൊന്ന് ഒരു മുസ്ലീം

കുടുംബമായിരുന്നുവെന്നത് ശ്രദ്ധേയമായ ഒരറിവാണ്.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ നവോത്ഥാനപ്രസ്ഥാനത്തിനും കുലശേഖരപുരം പ്രദേശത്ത് ശക്തമായ സ്വാധീനം ലഭിച്ചിരുന്നതായി കാണാം. സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ജനത അയിത്തത്തിനും മറ്റ് സാമൂഹ്യ ദുരാചാരത്തിനും കീഴ്പ്പെട്ടാണ് കഴിഞ്ഞിരുന്നത്. ശ്രീനാരായണ ഗുരു ആരംഭിച്ച പ്രസ്ഥാനത്തിന്റെ അലകൾ കുലശേഖരപുരത്തും സാമൂഹിക അനാചാരങ്ങൾക്കും മനുഷ്യനിലെ വേർതിരിവുകൾക്കുമെതിരായ ആശയഗതികൾക്ക് ജനങ്ങളിൽ സ്വാധീനമുണ്ടായി. 1894ലും അതിനുശേഷവും ശ്രീനാരായണഗുരു പലവട്ടം കുലശേഖരപുരത്ത് വരികയും താമസിക്കുകയും ചെയ്തിട്ടുണ്ട്. സമുദായത്തിൽ നിലനിന്നിരുന്ന താലികെട്ട്, പുളികുടി, തിരണ്ടുകുളി തുടങ്ങിയ അനാചാരങ്ങൾക്കെതിരായ ബോധവൽക്കരണവും അരുവിപ്പുറം പ്രതിഷ്ഠയ്ക്ക് ധനം ശേഖരിക്കാനുംവേണ്ടിയുള്ള യാത്രയ്ക്കിടയിൽ ആതനാട് തെക്ക് കരിച്ചാലിൽ വീട്ടിലും തുറയിൽ വീട്ടിലും താഴത്തോടത്ത് ആശ്രമത്തിലും ഗുരു വരികയും പലരുമായി ചർച്ചകളും ആശയ വിനിമയവും നടത്തിയതിന് രേഖകളുണ്ട്. അദ്ദേഹത്തോടൊപ്പം മഹാകവി കുമാരനാശാൻ, സഹോദരൻ അയ്യപ്പൻ എന്നിവർ ഇവിടെ വരികയും നിരവധി ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരളംകണ്ട മറ്റൊരു മഹാ യോഗിവര്യനായ ചട്ടമ്പി സ്വാമികളും തന്റെ ജീവിതത്തിൽ നല്ലൊരു കാലം കുലശേഖരപുരത്ത് കഴിഞ്ഞിട്ടുണ്ട്. കുലശേഖരപുരം പത്താം വാർഡിൽ ഇപ്പോഴുള്ള താഴത്തോടത്ത് ആശ്രമത്തിലാണ് സ്വാമികളും ശിഷ്യന്മാരും താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് ഈ പ്രദേശത്ത് നല്ല സ്വാധീനം ലഭിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികളുടെ പ്രഥമ ശിഷ്യനായ ശ്രീനീലകണ്ഠ തീർത്ഥപാദരുടെ സ്മാരകമായി താഴത്തോടത്ത് ശ്രീ.കെ.വേലായുധൻപിള്ള സ്ഥാപിച്ചതാണ്. പുതിയകാവിലെ SNTV സംസ്കൃത സ്ക്കൂൾ

സാമൂഹ്യമാറ്റങ്ങളുടെ ശക്തി സ്രോതസ്സായിരുന്നു ശ്രീനാരായണ ഗുരുദേവനും, ചട്ടമ്പി സ്വാമികൾക്കും കുലശേഖരപുരവുമായി ഉണ്ടായിരുന്ന ബന്ധം ഇവിടുത്തെ സാമൂഹ്യജീവിതത്തിലും പ്രതിഫലിച്ചിട്ടുണ്ട്. നവോത്ഥാന പ്രസ്ഥാനം പിൽക്കാലത്ത് മാറ്റങ്ങൾക്ക് ഭദ്രമായ അടിത്തറ ഈ പ്രദേശത്ത് ഉണ്ടാക്കിയെന്ന് വ്യക്തമാവുന്നുണ്ട്.

ദേശീയ സ്വാതന്ത്ര്യസമരചരിത്രത്തിലെ രക്തനക്ഷത്രമായ വക്കം അബ്ദുൾ ഖാദർ കുലശേഖരപുരവുമായി നാഭീ-നാളീ ബന്ധമുള്ള ദേശസ്നേഹിയായിരുന്നു. ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായ അബ്ദുൾ ഖാദർ, സുഭാഷ് ചന്ദ്രബോസിന്റെ INA യിൽ ചേരുകയും രാജ്യം വിട്ടുപോവുകയും ചെയ്തു. പിന്നീട് ഇന്ത്യയിൽ വന്ന് പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെട്ട അദ്ദേഹം, ഇന്ത്യയിൽ വച്ച് ബ്രിട്ടീഷുകാരാൽ പിടിക്കപ്പെടുകയും രാജ്യദ്രോഹക്കുറ്റം ചുമത്തി വിചാരണചെയ്ത് തൂക്കിക്കൊല്ലുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ മാതാവ് കുലശേഖരപുരത്തുകാരിയാണെന്നും അദ്ദേഹം ജനിച്ചത് കുലശേഖരപുരത്താണെന്നും ചരിത്രരേഖകൾ വ്യക്തമാക്കുന്നു. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കോൺഗ്രസ് പ്രവർത്തകരും അല്ലാത്തവരുമായ നിരവധി പേർ കുലശേഖരപുരത്ത് ഉണ്ടായിരിന്നു. ഇവരിൽ പ്രധാനികൾ ആദിനാട് കരുണാകരൻ പിള്ള, ചമ്പക്കോട്ട് കൃഷ്ണപിള്ള, എൻ. ശ്രീധരൻ, ആർ. എസ്. വാര്യർ, മരങ്ങാട്ട് പത്മനാഭൻ, താഴത്തോടത്ത് കൃഷ്ണപിള്ള, കെ.ജി. ദിവാകരൻ, പുന്നയ്ക്കൽ ഗോപാലപിള്ള, ആപ്പിഴെത്ത് പരമേശ്വരൻപിള്ള, കടവിൽ രാമകൃഷ്ണപണിക്കർ, മാരൂർ കുഞ്ഞാണുപിള്ള, കൊട്ടയ്ക്കാട്ട് ജോൺ ഫെർണാണ്ടസ് എന്നിവരായിരുന്നു. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലൂടെ പൊതുരംഗത്ത് വന്ന നിരവധി യുവാക്കൾ മാർക്സിസ്റ്റ് – ലെനിനിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടരാവുകയും വിദ്യാർത്ഥി പ്രസ്ഥാനവും കയർതൊഴിലാളി, കർഷകതൊഴിലാളി, ബീഡിതൊഴിലാളി, നാവികതൊഴിലാളി യൂണിയനുകൾക്ക് രൂപം കൊടുക്കുകയും സാമ്രാജ്യത്വത്തിനും ജന്മിത്വത്തിനും എതിരായ പ്രസ്ഥാനത്തിന് ശക്തിപകരുകയും ചെയ്തു. ദിവാൻ ഭരണത്തിനും ജന്മിത്വവാഴ്ചക്കും എതിരെ തൊഴിലാളികളേയും സാധാരണജനങ്ങളേയും സംഘടിപ്പിക്കുന്നതിൽ എൻ. ശ്രീധരനും, ജി. കാർത്തികേയനും ഒപ്പം പ്രവർത്തിച്ചവരിൽ പ്രമുഖർ ആർ. ശങ്കരവാര്യർ , എ.പി. കളയ്ക്കാട്, പി.കെ ബദർ, നമ്പലത്തേതിൽ കേശവൻ, പി. രാമകൃഷ്ണൻ, കെ.ജി ദിവാകരൻ, ജയപ്രകാശ്, പി. പ്രഭാകരൻ, പറത്തോടത്ത് കുട്ടപ്പൻ, നല്ലേത്ത് കുഞ്ഞികൃഷ്ണൻ, കോളഭാഗത്ത് ഗോപിനാഥപിള്ള എന്നിവരാണ്. വയലാർ – ശൂരനാട് സംഭവങ്ങൾക്ക് ശേഷം ഈ പ്രദേശങ്ങൾക്ക് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ആഴത്തിൽ വേരോട്ടമുണ്ടായി.

കലാ–സാംസ്കാരിക രംഗങ്ങളിലും കുലശേഖരപുരത്തുകാർ പലരും ഉയർന്നുവന്നിട്ടുണ്ട്. വളരെപണ്ട് മുതൽ തന്നെ ഈ പഞ്ചായത്തിൽ തുറയിൽ, വെള്ളങ്ങാട്ട് കുടുംബങ്ങളിലെ കാരണവൻമാർ കഥകളി യോഗങ്ങൾ സംഘടിപ്പിക്കുകയും നിലനിറുത്തുകയും ചെയ്തി

രുന്നു. മറ്റ് കലാരൂപങ്ങളും ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. പഴയതലമുറയിലെ നാടകകലാകാരൻമാരിൽ പ്രമുഖനാണ് ഓച്ചിറ ശങ്കരൻകുട്ടിനായർ. നോവൽ – ചെറുകഥാരംഗത്ത് കേരളത്തിലൊട്ടാകെ പ്രസിദ്ധനായ എ. പി കളയ്ക്കാടന്റെ നേതൃത്വത്തിലാണ് പുരോഗമന സാഹിത്യപ്രസ്ഥാനം ഈ പ്രദേശത്ത് രൂപമെടുത്തത്. പിന്നീട് നീലികുളം കുട്ടൻപിള്ള, എൻ. രാജശേഖരൻ നായർ എന്നിവരുടെ നേതൃത്വത്തിൽ ദേശാഭിമാനി സ്റ്റഡിസർക്കിൾ പോലുള്ള സാംസ്കാരിക പ്രസ്ഥാനങ്ങൾ ഈ പ്രദേശത്ത് വ്യാപകമായി. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വായനശാലയാണ് വള്ളിക്കാവ് സംസ്കാരം സന്ദായനി. കടമ്പാട്ട് കെ.വാസുദേവ ശർമ്മയുടെ നേതൃത്വത്തിലാണ് ഈ ഗ്രന്ഥശാല സ്ഥാപിച്ചത്. അതിനു ശേഷം കൊച്ചുവല്ലാറ്റിൽ ദാമോദരക്കുറുപ്പിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ഗ്രാമസേവാസംഘം വായനശാലയാണ് പഞ്ചായത്ത് സാസംകാരികനിലയം പിന്നീട് കാട്ടിൽക്കടവ് പ്രകാശംഗ്രന്ഥശാലയും നീലികുളം ഗാന്ധിസ്മാരക വായനശാലയും ആദിനാട് തെക്ക് S.N ലൈബ്രറിയും അരുണോദയം ഗ്രന്ഥശാലയും സ്ഥാപിക്കപ്പെട്ടു.

കുലശേഖരപുരത്തിന്റെ ആധുനിക വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത് 1894 ആണ്. തുടക്കത്തിൽ കളരിവാതുക്കൽ ക്ഷേത്രത്തിനു വടക്ക് ചങ്ങൻകുളങ്ങര ദേവസ്വംകെട്ടിടത്തിൽ പ്രവർത്തിച്ച് ഈ സ്കൂൾ പിൽക്കാലത്ത് ശ്രീ വരിക്കോലിൽ കേശവപിള്ള ദാനമായി നൽകിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. പിന്നീട് പലപ്പോഴായി ആവിശ്യമായ ഭൂമി വാങ്ങി ചേർക്കുകയുണ്ടായി. പ്രസിദ്ധിപണ്ഡിതൻ ശ്രീ. സി.എസ്. സുബ്രമണ്യൻപോറ്റി ഒരു കാലത്ത് ഈ സ്ക്കൂളിൽ അദ്ധ്യാപകനായിരുന്നിട്ടുണ്ട്. പ്രൈമറി സ്കൂളായിരുന്ന ഈ സ്ഥാപനം പടിപടിയായി U.P സ്കൂളും ഹൈസ്കൂളുമായി ഉയർത്തിയെടുക്കുന്നതിൽ എൻ. ശ്രീധരനും മുത്തോംവീട്ടിൽ രാമൻപിള്ളയും മുഖ്യ പങ്കുവഹിച്ചിരുന്നു. ഈ പഞ്ചായത്തിലെ മറ്റൊരു വിദ്യാലയമായ ആദിനാട് ശക്തികുളങ്ങര സ്കൂൾ 1971 സ്ഥാപിക്കപ്പെട്ടു. പിന്നീട് പലകാലങ്ങളിലായി ഇതര സ്കൂളുകളും നിലവിൽവന്നു. ഈ വിദ്യാലയങ്ങളെല്ലാംതന്നെ നമ്മുടെ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസപുരോഗതിയിൽ വിലമതിക്കാനാവാത്ത പങ്കാണ് നിർവഹിച്ചിട്ടുള്ളത്.

പിറകോട്ടുനോക്കുമ്പോൾ ഇൻഡ്യയുടേയും കേരളത്തിന്റേയും ചരിത്രത്തിൽ സ്ഥാനം പിടിച്ച സാമൂഹിക മാറ്റങ്ങളുടെ മുന്നിൽ നിക്കാൻ എന്നും ഈ തീരദേശ ഗ്രാമം ഉണ്ടായിരുന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാം.

പഞ്ചായത്ത് ഭരണചരിത്രം.

1953– ആഗസ്റ്റ് 27–ാം തീയതിയാണ് കുലശേഖരപുരം പഞ്ചായത്ത് നിലവിൽവന്നത്. പത്തംഗങ്ങളുണ്ടായിരുന്ന ആദ്യ പഞ്ചായത്തുകമ്മിറ്റിയുടെ പ്രസിഡന്റ് ശ്രീ. ജി.കാർത്തികേയനും, വൈസ് പ്രസിഡന്റ് ശ്രീ അബ്ദുൾഖാദർ കുഞ്ഞുമായിരുന്നു. ഈ കമ്മറ്റിയിൽ വനിതകൾ ഉണ്ടായിരുന്നില്ല. തുടക്കത്തിൽ സ്വന്തമായ സ്ഥാനമില്ലായിരുന്ന പഞ്ചായത്തിന്റെ ഓഫീസ് ഗ്രാമസേവാസംഘം ഗ്രന്ഥശാലാഹാളിൽ ആയിരുന്നു പ്രവർത്തിച്ചിരുന്നത്. പിന്നീട് കൊച്ചുമാംമൂട്ടിലുള്ള കുന്നുംകട ദാമോദരൻ മുതലാളിയുടെ കടയിലേക്ക് ഓഫീസ് മാറ്റുകയും ചെയ്തു. തുടർന്ന് ശ്രീ വെള്ളങ്ങാട്ട് കുഞ്ഞികൃഷ്ണപിള്ള ദാനമായി നൽകിയ ഭൂമിയിൽ ഇപ്പോഴത്തെ ഓഫീസ് 1958 ൽ പ്രവർത്തനമാരംഭിച്ചു. 1963 ൽ രണ്ടാമത്തെ പഞ്ചായത്തുകമ്മിറ്റി നിലവിൽവരുകയും ഈ കമ്മറ്റി പതിനാറുവർഷം നിലവിലിരിക്കുകയും ചെയ്തു. ഇക്കാലത്ത് കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ. ജി. കാർത്തികേയനും വൈസ്പ്രസിഡന്റ് ശ്രീ. എൻ രാമൻപിള്ളിയുമായിരുന്നു. അതിനുശേഷം 1979 ൽ നടന്ന തിരഞ്ഞെടുപ്പിൽ രൂപംകൊണ്ട പഞ്ചായത്തുകമ്മിറ്റി 1984 വരെ തുടരുകയും ചെയ്തു. 1988ൽ വീണ്ടും പുതിയകമ്മിറ്റി നിലവിൽവന്നു. ഈ കമ്മിറ്റി 1995 വരെ നിലനിന്നു. 79മുതൽ 95വരെ 4വർഷത്തെ ഉദ്യോഗസ്ഥഭരണകാലമൊഴിച്ച് പഞ്ചായത്ത്കമ്മിറ്റിയുടെ പ്രസിഡന്റായി ശ്രീ. എൻ. രാമൻപിള്ളയും വൈസ്പ്രസിഡന്റുമാരായി ശ്രീ. പനമുട്ടിൽ ഹമീദ്കുഞ്ഞും, ശ്രീ. കൊട്ടിലിൽ ഇബ്രഹിം കുട്ടിയും പ്രവർത്തിച്ചു. കുലശേഖരപുരം പഞ്ചായത്തിന്റെ പ്രസിഡന്റായി ശ്രീ. ജി. കാർത്തികേയനും (26 വർഷം) വൈസ്പ്രസിഡന്റായി ശ്രീ. എൻ. രാമൻപിള്ള(16 വർഷം)യും പ്രവർത്തിച്ചു. പഞ്ചായത്തുരൂപമെടുത്ത 1953മുതൽ 95വരെ തുടർച്ചയായി 42വർഷം പഞ്ചായത്തുകമ്മിറ്റിയിൽ അംഗമായിരുന്ന ഒരേ ഒരാൾ എൻ. രാമൻപിള്ളയാണ്. പഞ്ചായത്ത് രാജ്നിലവിൽ വന്നശേഷം 95സെപ്തംബറിൽ ശ്രീ. എ.നാസർ പ്രസിഡന്റും, ശ്രീ. കെ. ശ്രീധരൻ വൈസ്പ്രസിഡന്റുമായി ഇപ്പോഴത്തെ പഞ്ചായത്തുകമ്മിറ്റി നിലവിൽവന്നു. കുലശേഖരം പഞ്ചായത്തിന്റെ കഴിഞ്ഞ 43വർഷത്തെ പ്രവർത്തനത്തിനിടയിൽ ഒട്ടേറെ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ രൂപമെടുത്തു. ഭൂമിയും സമ്പത്തും അദ്ധ്വാനവും നൽകി ഈ പഞ്ചായത്തിന്റെ വളർച്ചയ്ക്ക് സഹായിച്ച എല്ലാവ്യക്തികളേയും കൃതജ്ഞതയോടെയും സ്മരിക്കുന്നു. ◆

ഭൂപ്രകൃതി

കൊല്ലംജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെട്ടതാണ് കുലശേഖരപുരം ഗ്രാമപഞ്ചായത്ത്. കുല ശേഖരപുരം, ആതനാട് വില്ലേജുകൾ ചേർന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 16.75ച.കി.മി ആണ്. 14 വാർഡുകളുള്ള ഈ പഞ്ചായത്തിന്റ് വടക്ക് ക്ലാപ്പന, ഓച്ചിറപഞ്ചായത്തുകളും, കിഴക്ക് തഴവാ പഞ്ചായത്തും, തെക്ക് കരുനാഗപ്പള്ളി പഞ്ചായത്തും, പടിഞ്ഞാറ് ടി.എസ് കനാലുകളുമാണ് അതിരുകൾ. ഭൂമിശാസ്ത്ര പരമായി ഈ ഭൂപ്രദേശത്തിന്റെ സ്ഥാനനിർണ്ണയം നട ത്തുമ്പോൾ വടക്കേ അക്ഷാംശം 9 5'മിനിറ്റിനും കിഴ ക്കേരേഖാംശത്തിനും 76 30' മിനിറ്റിനും ഇടയിലാണ് സ്ഥിതിചെയ്യുന്നത്.

ഭൂവിഭാഗങ്ങൾ

സമുദ്രനിരപ്പിൽനിന്നും 3 മി. ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്ത് ഒരു തീരസമതല മേഖല യാണ്. പ്രധാനമായും മണൽതിട്ടകളും സമതലപ്രദേ ശങ്ങളുമാണ്. ഇതിൽ 40% ഭാഗങ്ങളിൽ സമതലങ്ങളും ബാക്കിഭാഗം മണൽതിട്ടകളുമാണ് ഇവ ഇടവിട്ട് കാണ പ്പെടുന്നു. സമതലങ്ങളെ കായലുമായി ബന്ധിപ്പിക്കുന്ന നിരവധിതോടുകളും കൈത്തോടുകളുമുണ്ട്. കൂടാതെ പഞ്ചായത്തിൽ പലഭാഗത്തായി ചെറുതുംവലുതുമായ നിരവധി കുളങ്ങളുമുണ്ട്. കിഴക്കുനിന്നു പടിഞ്ഞാറോട്ട് ചരിവ്തലംപോലെയാണ് ഭൂമയുടെ കിടപ്പ്. (ചിത്രം A1)

മൺതരങ്ങൾ

പ്രധാനമായും 3തരം മണ്ണാണ് ഇവിടെ കാണപ്പെടു ന്നത്- മണൽമണ്ണ്, പശിമരാശി മണ്ണ്, ലാറ്ററൈറ്റ് മണ്ണ്. റിഡ്ജുകളിലാണ് (മണൽതിട്ടകളിലാണ്) സാധാരണ യായി മണൽമണ്ണ് കാണപ്പെടുന്നത്. ഓണാട്ടുകര ചാര മണൽ എന്നാണ് പണ്ടുകാലം മുതൽ വിളിച്ചുപോരു ന്നത്. മണലും ചെളിയും ചേർന്ന പശിമരാശിമണ്ണ് സമ തലങ്ങളിലാണുള്ളത്. പഞ്ചായത്തിലെ കടത്തൂർ,നീലി കുളം, പുന്നക്കുളം ഭാഗങ്ങളിൽ ഇളം ചുവപ്പുകലർന്ന ലാറ്ററൈറ്റ് മണ്ണ് കാണുന്നുണ്ട്. ജലം വളരെവേഗം ഊർന്നിറങ്ങി ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നു എന്നാണ് മണൽമണ്ണിന്റെ സവിശേഷത. വയൽപ്രദേശങ്ങളിൽ കാണുന്ന പശിമരാശിമണ്ണ് ഈർപ്പം സൂക്ഷിക്കാൻ കഴി യുന്ന മണ്ണാണ്. പുഴകളും മറ്റ് ജലസ്രോതസ്സുകളും കൊണ്ട് നിക്ഷേപിച്ച മൺപ്രദേശമാണിത് എന്നാണ് മ ണ്ണിൽകാണുന്ന വിവിധപാളികളും ചെമ്മണ്ണിന്റെ സാന്നി ദ്ധ്യവും വ്യക്തമാക്കുന്നത്.

ഭൂവിനിയോഗം

മൊത്തം ഭൂമിയുടെ 25% ഭാഗങ്ങളിൽ നെൽകൃഷി യാണ്. ബാക്കിഭാഗങ്ങളിൽ മിശ്രകൃഷിയുമാണ്. ഇതിൽ തെങ്ങ്,മാവ്,പ്ലാവ് തുടങ്ങിയ ഫലവിക്ഷങ്ങളും മരച്ചീനി,കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും കൃഷിചെ യ്യുന്നു. നെൽകൃഷിലാമേല്ലാത്തതിനാൽ നെൽപ്പാടങ്ങൾ നികത്തി തെങ്ങുവെയ്ക്കുന്നത് വ്യാപകമായിട്ടുണ്ട്. വാഴ കൃഷിയും ഒട്ടൊക്കെയുണ്ട്. കൃഷിമിക്കവാറും മഴയെ ആശ്രയിച്ചാണ്. ജലസേചിതകൃഷി വളരെചുരുക്കം കർഷകർ മാത്രമാണ് ചെയ്യുന്നത്. നിലങ്ങളിൽ ഇരിപ്പു കൃഷിയാണ്. മുന്നാംവിളയായി എള്ളുകൃഷിനടത്തുന്നു. തെങ്ങ് വ്യാപകമായി രോഗബാധിതമാണ്. നെൽവയ ലുകളിൽനിന്നും വെള്ളം ഒഴുകിപോകാനുള്ള പരമ്പരാ ഗത ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നശിപ്പിക്കപ്പെട്ടതുമൂലം നല്ലൊരു പങ്ക് നിലങ്ങളിൽ കൃഷിഇറക്കാൻ കഴിയാതി രിക്കുകയോ, കൃഷിവെള്ളപ്പൊക്കത്തിൽ നശിച്ചുപോകു കയോ ചെയ്യുന്നു. പഞ്ചായത്തിലെ മിക്കവാർഡുകളിലും വെള്ളക്കെട്ടുകളുണ്ട്. ഇത് തെങ്ങുകളെ പോലുംകാര്യ മായി ബാധിച്ചിട്ടുള്ളതായി പഠനത്തിൽ വ്യക്തമാകുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറൻവാർഡുകളിൽ ഓരുജലം കയറുന്നത് കൃഷിയെപ്രതികൂലമായി ബാധിക്കുന്നു. കായലോരവാർഡുകളിൽ ഉപ്പുവെള്ളം കയറി നിലങ്ങൾ കൃഷിയോഗ്യമല്ലാതായി. (ചിത്രം A2)

നമ്മുടെ പഞ്ചായത്തിലെ പതിനാലുവാർഡുകളായി 40പരം സർപ്പക്കാവുകളുണ്ട് ഇതിൽ പതിനാറെണ്ണത്തിൽ കുളങ്ങളുണ്ട്. അപൂർവ്വസസ്യങ്ങളായ വല്ലഭം,പനച്ചി,പൈൻ, കടപ്ലാവ്, ചെറുപുന്ന,

പട്ടിക1

വിവിധതരം ഭൂവിനിയോഗവും അവയുടെ വിസ്തീർണ്ണവും

ഭൂവിനിയോഗം	വിസ്തീർണ്ണം (ച.കി.മി.)	ശതമാനം
മിശ്രിതകൃഷി	9.20	54.92
നെൽകൃഷി	4.10	24.47
നികത്തിയനിലങ്ങൾ	3.21	19.10
വെള്ളക്കെട്ടുകൾ	0.243	01.45
ചതുപ്പുപ്രദേശങ്ങൾ	0.01	00.05
ആകെ	16.75	

കുവളം,താന്നി തുടങ്ങിയ ഈ കാവുകളിൽ സംരക്ഷിക്കപ്പെടുന്നു.

ജലലഭ്യത

കുലശേഖരപുരം പഞ്ചായത്തിന്റെ പടിഞ്ഞാറെഅതിർത്തിയിലുള്ള കായലിലേക്കു തുറക്കുന്ന ചിലപ്രധാന തോടുകളും അവയുമായി ബന്ധപ്പെട്ട കൈതോടുകളും കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. മഴയിൽനിന്ന് ലഭിക്കുന്ന അധികജലം ഈ തോടുകളിലൂടെ കായലിലെത്തുന്നു. എന്നാൽ നിലംനികത്തും, തോടുകൾ വെട്ടി റോഡുകൾ നിർമ്മിച്ചതും മൂലം പരമ്പരാഗതമായ ഈ ജലനിർഗ്ഗമനമാർഗ്ഗങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുകയാണ്. തൽഫലമായി മഴവെള്ളം ഒഴുകിപോകാൻ മാർഗ്ഗമില്ലാതെ പഞ്ചായത്തിൽ വ്യാപകമായി വെള്ളംകെട്ടുനിലനിൽക്കുന്നു. ഇത് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. ഇതിന് പരിഹാരം കാണാൻ നിരവധിതോടുകൾ തെളിക്കുകയും പുതിയതോടുകൾ വെട്ടുകയും വേണം. പണ്ടുകാലത്ത് ഈ പ്രദേശത്തെ ഓരോ പറമ്പിലും ഒന്നോ അധിലധികമോ കുളങ്ങളുണ്ടായിരുന്നു. ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിൽ ഇവയ്ക്ക് വലിയപങ്കുണ്ടായിരുന്നു. എന്നാൽ ഇവമിക്കാവാറും നികത്തപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ പഞ്ചായത്തിൽ ചെറുതുംവലുതുമായ പന്ത്രണ്ടു പൊതുകുളങ്ങൾഇപ്പോളുണ്ട് ഇവയിൽ മിക്കതും വറ്റാത്ത കുളങ്ങളാണ്. ഈ കുളങ്ങളിൽ സംഭരിക്കപ്പെടുന്ന ജലം ഉപയോഗപ്പെടുത്താൻ ഇന്ന് സംവിധാനങ്ങളില്ല. കൂടാതെ പാടശേഖരങ്ങൾക്കിടയിൽ കാണുന്ന ചാലുകൾ സ്വകാര്യവ്യക്തികളുടെ കയ്യേറ്റത്തിന് വിധേയമായി ഇല്ലാതായികൊണ്ടിരിക്കുകയാണ്. ജലസേചനംഉദ്ദേശിച്ച് കല്ലടഇറിഗേഷൻ പ്രൊജക്ടിന്റെ ഒരു കനാൽ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. എന്നാൽ ഈ കനാൽവഴി ജലസേചനം നടത്താനുള്ള സാധ്യതയില്ല. മാത്രമല്ല ഈ കനാൽ കൂടുതൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. തോടുകൾ സംരംക്ഷിക്കാത്തതുമൂലം വശങ്ങൾ ഇടിഞ്ഞ് ആഴം കുറഞ്ഞിട്ടിട്ടുണ്ട്. ഓരു ജലംകയറുന്ന 1,5,7,8 വാർഡുകളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്.

ഈ പ്രദേശത്തെ കിണറുവെള്ളം ഉപ്പുകലർന്നതാണ്. കായലിൽനിന്ന് തള്ളിക്കയറുന്ന ഉപ്പുവെള്ളംതടയാൻ ചീർപ്പുകളോ അണകളോ ഇല്ലാത്തതാണ് കാരണം.

പാറ്റോലിത്തോട് പന്നിത്തോട് എന്നിവശരിയാക്കിയെടുത്താൽ നല്ല ജലസ്രോതസ്സുകളായിരിക്കും. കായിക്കരതോട്, തഴത്തോട്, പന്നിത്തോട് എന്നിവിടങ്ങളിലെ വെള്ളം കൃഷിയ്ക്ക് ഉപയുക്തമാക്കാം. തഴത്തോട് കേരാഫെഡ് പ്ലാന്റിനായി കുറേയധികം നികത്തപ്പെട്ടു.

ഈ പഞ്ചായത്തിലുള്ള 12പൊതുകുളങ്ങളിൽ മുപ്പട്ടിച്ചിറയും വേളൂർകുളവും ഒഴിച്ച് ബാക്കിയുള്ളവയെല്ലാം പത്തുസെന്റിൽ മാത്രം വിസ്ത്രിതിയുള്ളതാണ്. മിക്ക കുളങ്ങളുടേയും റവന്യൂരേഖകൾ പ്രകാരമുള്ള വലിപ്പം മുകളിൽ (പട്ടിക 3ൽ) കൊടുത്തിട്ടുണ്ട്. അനധികൃതമായി കൈയേറ്റം പൊതുകുളങ്ങളുടെ നേരെ നടക്കുന്നുണ്ട്. ഇത് തടയാനുള്ള അടിയന്തിരനടപടികൾ ഉണ്ടായില്ലെങ്കിൽ ഇന്നുള്ള കുളങ്ങൾ വിസ്മൃതിയിലാകും പൊതുകുളങ്ങളുടെ അതിരുകൾ ഭിത്തികെട്ടി സംരക്ഷി

(ചിത്രം A1)

കുലശേഖരപുരം പഞ്ചായത്ത് ഭൂവിഭാഗങ്ങൾ



പട്ടിക 2

പഞ്ചായത്തിലെ പ്രധാനതോടുകളും
അവ സ്ഥിതിചെയ്യുന്ന വാർഡുകളും

തോട്	വാർഡ്	നീളംകി.മി.
പാറ്റോലിത്തോട്	11,13,14	5
തഴത്തോട്	2,3,6,9,10	5
പന്നിത്തോട്	1,2,3,4,5	2.5
കായിക്കരത്തോട്	7	1
താഴത്തോടത്ത് തോട്	10	0.150

പട്ടിക III

പഞ്ചായത്തിലെ പ്രധാനകുളങ്ങളും അവ സ്ഥിതിചെയ്യുന്ന വാർഡുകളും

	കുളങ്ങൾ	വാർഡ്	വിസ്തീർണ്ണം(സെന്റ്)
1.	പായിക്കുളം	6	14
2.	പഴഞ്ഞിയിൽകുളം	6	12
3.	വല്യത്തുകുളം	1	24
4.	കയ്യാലത്തുകുളം	9	27
5.	ഇടവനാട്ടുകുളം	12	20 1/2
6.	വേളൂർകുളം	6	16
7.	പായിക്കാട്ടുശേരികുളം	3	6 1/2
8.	കല്ലുംമൂട്മുക്ക് കുളം	7	10
9.	പുന്നയ്ക്കൽവടക്കുകുളം	3	9 1/2
10.	പണിയ്ക്കവീട്ടിൽകുളം	3	9
11.	മുല്ലശ്ശേരികുളം	14	15
12.	മുപ്പട്ടിച്ചിറ	4	34

ക്കണം. ഈ കുളങ്ങൾ നിലനിർത്തേണ്ടതിന്റെയും ശുചിയായി സൂക്ഷിക്കേണ്ടതിന്റേയും പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താനാകണം ഈ കുളങ്ങളിലെ ചെളിയും എക്കലും നീക്കംചെയ്ത് ജലസംഭരണശേഷിയും വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ കൃഷിയ്ക്കും മറ്റും ഒരുമുതൽകൂട്ടായിരിക്കും വേനൽകാലത്ത് ഈ പ്രദേശം ഇപ്പോൾ നേരിടുന്ന ജലക്ഷാമം പരിഹരിയ്ക്കാൻ ഈ വഴിയുള്ള പുതിയപദ്ധതിയും ഉണ്ടായിരിക്കണം.

കാലാവസ്ഥ.

കാലവർഷവും തുലാവർഷവും നല്ലതുപോലെ ലഭിയ്ക്കുന്ന ഈ പ്രദേശത്ത് കൃഷിമിക്കവാറും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്. 1990 മുതൽ 95വരെ ഈ പഞ്ചായത്തിൽ പെയ്തമഴയുടെ തോത് ചിത്രം 6,7 വ്യക്തമാക്കുന്നു.

വർഷത്തിൽ ശരാശരി 2564 മി.മി മഴയാണ് ഇവിടെ ലഭിക്കുന്നത്. അതുപോലെ പറയുകയാണെങ്കിൽ കൂടിയതാപനില മാർച്ച്-ഏപ്രിൽമാസങ്ങളിലും കുറഞ്ഞതാപനില ഡിസംബർ-ജനുവരി മാസങ്ങളിലുമാണ് അനുഭവപ്പെടുന്നത്. കഴിഞ്ഞ ആറുവർഷക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെട്ട താപനില വ്യക്തമാക്കുന്ന

ചിത്രം A2



സൂചിക

- മിശ്രിത കൃഷി
- നിലങ്ങൾ
- നികത്തിയ നിലങ്ങൾ
- വെള്ളക്കെട്ട്
- തരിശുഭൂമി

ഗ്രാഫ് ചിത്രം 8ൽ കൊടുത്തിരിക്കുന്നു.

പരിസ്ഥിതിപ്രശ്നങ്ങൾ

പഞ്ചായത്തിലെ പ്രധാനപരിസ്ഥിതിപ്രശ്നങ്ങളിലൊന്ന്, നല്ല ജലസംഭരണികളായിരുന്ന പൊതു–സ്വകാര്യകുളങ്ങൾ നികത്തപ്പെട്ടതാണ്. തൽഫലമായി ഭൂഗർഭജലനിരപ്പ് ഗണ്യമായികുറയുന്നു. വേനൽകാലത്ത് പഴയവറ്റാത്തകിണറുകളും അടുത്തകാലത്ത് വറ്റിപോകുന്ന സാഹചര്യമുണ്ട്. പൊതുകുളങ്ങളും കഴിയുന്നത്ര സ്വകാര്യകുളങ്ങളും സംരക്ഷിക്കാനുള്ള അടിയന്തിരനടപടികളുണ്ടാവണം. മറ്റൊന്ന്, അശാസ്ത്രീയവും ദീർഘവീക്ഷണമില്ലാതെയുമുള്ള വികസനരീതികൾ മൂലം മിക്കവാറും തോടുകളെല്ലാം റോഡുകളായിമാറികഴിഞ്ഞിരിക്കുന്നു. ഇത് മൂലം നീരൊഴുക്ക് ഗണ്യമായി തടസ്സപ്പെടുകയും അത് കൃഷിയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു മിക്കവാർഡുകളിലും നിലനിൽക്കുന്ന പ്രധാനപ്രശ്നമാണ് വെള്ളക്കെട്ട്. ഇത് പരിഹരിക്കാൻ സമഗ്രമായ പരിപാടി ഉണ്ടാകണം. തോടുകൾക്കൊപ്പമുള്ള ചാലുകളും സംരക്ഷിക്കപ്പെടണം.

നെൽപ്പാടങ്ങൾ നിരന്തരം നികത്തപ്പെടുകയാണ്. നെൽകൃഷി ആദായകരമല്ലാത്തതിനാലാണിത്. ഇതൊരു പരിസ്ഥിതി വിഷയമാണ്. എന്നാൽ, നിലംനികത്തി തെങ്ങികൃഷിചെയ്ത ഭൂരിപക്ഷം തോപ്പുകളും പരാജയമാണെന്ന് കാണാം. അതിനാൽ പാടങ്ങൾ നികത്തുന്നത് കർശനമായി നിയന്ത്രിക്കണം. കൂടാതെ ഉൾഗങ്ങളിലെ മണ്ണെടുത്ത് റോഡരികുകൾ നകത്തുന്നതും പഞ്ചായത്തിൽ സാർവത്രികമായി കാണാം. ഇങ്ങനെ ഉൾപ്രദേശങ്ങളിൽ വെള്ളക്കെട്ടുകൾ രൂക്ഷമാകുന്നു. 1,5,7,8 വാർഡുകളിൽ കായലിൽനിന്ന് ഓരുജലംകയറുന്നത് ഒരു മുഖ്യപ്രശ്നമാണ് ഓരുജലം തടയാനുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഇല്ലാത്തതുമൂലം കായലോരവാർഡുകളിലെ കൃഷിഇടങ്ങൾ കൃഷിചെയ്യാനാകാത്തനിലയിൽ ആയിട്ടുണ്ട്. മാത്രമല്ല, കുടിവെള്ളക്ഷാമവും രൂക്ഷമായിരിക്കുന്നു. പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒരു കിലോമീറ്റർ ഓരുബാധയുണ്ട്. ഈ പ്രദേശത്തെ കിണറുകളിൽ കുമ്മായം, ആലം എന്നിവയുട്ട് ഉപ്പിന്റെ അംശം കുറയ്ക്കാവുന്നതാണ്. കായലോരങ്ങളിലെ മുണ്ടകനിലങ്ങളിൽ നിന്നും മണ്ണെടുത്തുണ്ടായിട്ടുള്ള അഗാധമായ കുഴികളും ഓരുവെള്ളം കയറുന്നതിനെ സഹായിക്കുന്നു. സമീപവയലുകളും കൃഷിയ്ക്ക് യോഗ്യമല്ലാതായിത്തീരുന്നു. ഇതിനൊക്കെ അടിയന്തിരപരിഹാരം ഉണ്ടാകണം.

വ്യാപകമായികൊണ്ടിരിക്കുന്ന കോൺക്രീറ്റ് കെട്ടിടനിർമ്മാണവും ഈ പഞ്ചായത്തിന്റെ പരിസ്ഥിതിക്ക് ആഘാതമായിട്ടുണ്ട്. പരിസ്ഥിയ്ക്ക് യോജിച്ച വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കണം. നാട്ടിൻപുറത്ത് അവശേഷിക്കുന്ന ചെറുതും വലുതുമായ കാവുകളും സംരക്ഷിക്കാൻ പദ്ധതിയുണ്ടാകണം. ഇത്തരം കാവുകളുടെ സംരക്ഷണവും പരിസ്ഥിതി സംരക്ഷണത്തിൽ പ്രധാനമാണ്.

ചിത്രം - 8

മുതിരക്കുളം ഗ്രാമപഞ്ചായത്ത്

വർഷിപാതം (1993-'95



ചിത്രം - 7

കുലശേഖരപുരം ഗ്രാമ പഞ്ചായത്ത് വർഷിപാതം (1990-93)



ചിത്രം - 8

കുലശേഖരപുരം പഞ്ചായത്ത്
താപനില രേഖാചിത്രം



സൂചിക

▨ – കൂടിയ താപനില

▤ – കുറഞ്ഞ താപനില

കൃഷിയും ജലസേചനവും

തിരുവിതാകൂറിന്റെ നെല്ലറകളിലൊന്ന്,മൂന്ന് താലൂക്കുകൾ ഉൾപ്പെട്ടതും അതിവിശാലമായ ഓണാട്ടുകര പ്രദേശത്തിൽ ഉൾപ്പട്ടതുമാണ് കുലശേഖരപുരം ഗ്രാമ പഞ്ചായത്ത്. ഭൂപ്രകൃതി തീരദേശ സമതലമാണ്. പൊതുവേ പൊടിമണൽ കലർന്ന പശിമരാശി മണ്ണാണ് ഭൂമി. പ്രധാനമായി ഒഴുകുന്ന തോടുകൾ തഴത്തോട്, പന്നിതോട്, പാറ്റോലിതോട്, കായിക്കരതോട് മുതലായവയാണ്. ഇതിൽ തഴത്തോട് തെക്കവടക്ക് നെടുകെ എത്തിച്ചുകിടക്കുന്നു. സാധാരണ ജൂൺമുതൽ ഡിസംബർവരെയാണ് ഇതിൽവെള്ളമുണ്ടാകുക. ഒന്നാംതഴത്തോടിലും കായിക്കരതോടിലും പലസ്ഥലത്തും ചീർപ്പുകളുണ്ടായിരുന്നു. അനധികൃത കയ്യേറ്റംമൂലവും സംരക്ഷണമില്ലായ്മ നിമിത്തവും തോടുകൾ നാശോൻമുഖമായികൊണ്ടിരിക്കുന്നു.

അനുബന്ധം 3

കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

3.1 ഭൂമിസംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം Hac:'s
നിലം	295
പുരയിടം	1200
പുറംപോക്ക്	40
കൃഷിയോഗ്യ തരിശ്	45
കൃഷിയോഗ്യമല്ലാത്ത തരിശ്ശ്	75.6
ആകെ	1655.6 Hac:'s

റവന്യൂ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 4194 ഏക്കറാണ്. ഇതിൽ നിലം 2283 ഏക്കറും പുരയിടം 1705 ഏക്കറുമാണ്.

കൂടാതെ പുറംപോക്ക്, തരിശ് എന്നിവ മൊത്തം 206ഏക്കർ വരും. 1950 ശേഷം ഇതിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. നിലത്തിന്റെ വിസ്തൃതിയിലാണ് പ്രധാനമായും ഈ മാറ്റം. നെൽകൃഷി ആദായകരമല്ലാതെ വന്നതും കാർഷികവൃത്തിക്ക് തൊഴിലാളികളെ ലഭിക്കാതായതും തൊഴിലാളികൾ കൂടുതൽ മാന്യമെന്ന് കരുതുന്ന മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടതും ജനസംഖ്യ വർദ്ധിച്ചുവരുന്നതനുസരിച്ച് നിലംനികത്തി കൂടുതൽ പാർപ്പിടസൗകര്യങ്ങൾ കണ്ടുപിടിച്ചതും തെങ്ങ് കൃഷി കൂടുതൽ ആദായകരവും ചിലവും പ്രയത്നവും കുറഞ്ഞതുമായതും കാലാവസ്ഥയുടെ പ്രാതികൂല്യവുമാണ് കാരണങ്ങൾ. നെൽകൃഷി മുമ്പുണ്ടായിരുന്നതിൽ നിന്നും ഏതാണ്ട് 50%സ്ഥലത്തായി കുറഞ്ഞിരിക്കുകയാണ്. നിലംനികത്തലിനെതിരെ സാമൂഹിക നിയന്ത്രണം ഉണ്ടായില്ലെങ്കിൽ ഭാവിയിൽ കൂടുതൽ ദൂഷ്യഫലങ്ങളുണ്ടാകും.

ഇപ്പോൾ പൊതുവേ കൃഷിചെയ്തുവരുന്ന നെല്ലിനങ്ങൾ ഒന്നാംവിളയ്ക്ക്, അത്യുൽപ്പാദന ശേഷിയുള്ള ശബരിയും, ജ്യോതിയും രണ്ടാവിളയ്ക്ക് നാടൻ ഇനങ്ങളായ 19,20, മുണ്ടകൻ എന്നിവയുമാണ്. എല്ലാത്തിന്റെയും ഉൽപ്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇന്നുനെല്ലിന്റെ ഉൽപ്പാദനക്ഷമത സെന്റൊന്നിന് ഒരു പറയിൽ കൂടുതലില്ല.

ഈ പഞ്ചായത്തിലെ പ്രധാന നാണ്യവിള തെങ്ങാണ്. നിലംനികത്തലിനനുസരിച്ച് തെങ്ങ്കൃഷി

കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

3.2 വിള വിസ്തീർണ്ണവും ഉൽപാദനവും (Ref:അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണംHac:'s	മൊത്തംഉൽപ്പാദനം	ഉൽപ്പാദനക്ഷമത(ഹെക്ടർ)
നെല്ല്(ഒന്നാംവിള)	282	790.0M.T.	2.800M.T(Approx:)
നെല്ല്(രണ്ടാംവിള)	295	678.0M.T.	2.300M.T (")
നെല്ല്(മൂന്നാംവിള)	Nil	Nil	Nil
പയർ	40	28.0M.T.	700K.g(")
എള്ള്	160	33.6M.T.	210K.g (")
പച്ചക്കറികൾ	20	20.0M.T.	1000k.g (")
തെങ്ങ്	890	47,17000.00 Nuts	5300Nuts/Hac:
വാഴ	20	150.0M.T.	7500K.g/Hac:
മരച്ചീനി	40	720.0M.T.	18000K.g/Hac:
കുരുമുളക്	10	2.5M.T.	250K.g/Hac:
പ്ലാവ്	Nil		
കശുമാവ്	7	5.5M.T	780.K.g/Hac:
മാവ്			
റബ്ബർ	Nil	Nil	Nil
കവുങ്ങ്	46	8970M.T.	195000Nuts/Hac:
വെറ്റ	5	-	- -
ഇഞ്ചി	20	63M.T.	3150K.g/Hac:
മഞ്ഞൾ	10	18.5M.T.	1850K.g/Hac:

വ്യാപകമാകുന്നുണ്ടെങ്കിലും ഉൽപ്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നു.

നാടൻതെങ്ങിനങ്ങളും TxD, DxT മുതലായ സംകര ഇനങ്ങളുമാണ് ഇപ്പോഴുള്ളത്. കുമ്പ്ചീയൽ, മച്ചിങ്ങാ പൊഴിച്ചിൽ, കാറ്റുവീഴ്ച, ചെമ്പൻചെല്ലിയുടെ ആക്രമണം, ചെന്നീരൊലിപ്പ്, ജലസേചനത്തിന്റെയും ജൈവ വളത്തിന്റെയും അപര്യാപ്തത മുതലായകാരണങ്ങളാൽ ഉല്പാദനക്ഷമത ദേശീയശരാശരിയെക്കാൾ വളരെ താഴെയാണ്. ദേശീയശരാശരി 38ആണെങ്കിൽ ഈ പഞ്ചായത്ത് തലത്തിൽ അത് 16മാത്രമാണ്. ഉൽപ്പാദനക്ഷമതകുറവും നാളീകേരത്തിന്റെ വിലക്കുറവും തെങ്ങുകൃഷിയെ മാത്രം ആശ്രയിച്ചുജീവിക്കുന്ന ഈ പഞ്ചായത്തിലെ കർഷകരെ വളരെകൂടുതൽ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഇത് ഒരു ദേശീയ വിപത്തായി കണക്കാക്കി സംസ്ഥാനതലത്തിൽ എത്രയുംവേഗം പരിഹാരം കാണേണ്ടതുണ്ട്.

ഓണാട്ടുകരയിൽപ്പെട്ട ഈ ഗ്രാമപഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വേനൽകാല വിളയാണ് എള്ള്. സാധാരണയായി നാടൻഇനവും കായംകുളം ഒന്നും ആണ് കൃഷിചെയ്തുവരുന്നത്. നെൽപാടങ്ങൾ നികത്തിയതുമൂലവും മറ്റും എള്ള്കൃഷിചെയ്യുന്ന സ്ഥലം വളരെ കുറഞ്ഞിരിക്കുന്നു. നെൽകൃഷിയ്ക്കുള്ള രാസവള പ്രയോഗംമൂലം മണ്ണിന്റെ അംമ്ലാംശം കൂടുന്നതുകൊണ്ട് എള്ളിന്റെ ഉൽപ്പാദനക്ഷമത വളരെകുറയുന്നു. ഒരു സെന്റിന് ഏകദേശം ഒരുകിലോ ആണ് ഇന്നത്തെ ഉത്പാദനം.

മേൽപ്പറഞ്ഞവ കൂടാതെ ഇടവിളയായി മരച്ചീനി, വാഴ, കുരുമുളക്, പയർ, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ, വെറ്റില എന്നിവ പല സ്ഥലത്തും കൃഷി ചെയ്യുന്നുണ്ട്. കുമി, കീടബാധ മുതലയാവ വിളകളെ വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മരച്ചീനിക്കൃഷിക്ക് ഏറ്റവും വ്യാപകമായ വിപത്ത് എലിശല്യമാണ്. കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം, തണ്ടുചീയൽ മുതലായ രോഗങ്ങൾ മൂലം കർഷകർ പ്രതിസന്ധി നേരിടുന്നു. ഈ ഗ്രാമപഞ്ചായത്തിലെ പല കർഷകരുടെയും ഒരു പ്രധാന ഉപജീവനമാർഗ്ഗമാണ് വെറ്റിലക്കൃഷി. ഇതും പ്രതിസന്ധിയെ നേരിടുന്നു. പ്രധാന നാണ്യവിളയായ തെങ്ങ് കൂടാതെ, കുരുമുളക്, കശുമാവ്, മാവ്, പ്ലാവ് മുതലായവയും സാർവ്വത്രികമായുണ്ട്. വേനലിന്റെ കാഠിന്യംമൂലം കവുങ്ങ്, വളരെക്കൂടുതൽ ഉണങ്ങിപ്പോകുന്നു. ഇവയുടെയെല്ലാം ഉൽപ്പാദനക്ഷമതയും കുറഞ്ഞുവരുന്നു. പ്രതികൂലമായ കാലാവസ്ഥ, കീടബാധ എന്നീ കാരണങ്ങളാലാണ് ഇടവിള കുറഞ്ഞുകൊണ്ടിരിക്കുന്നത്. ഇടവിളക്കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പച്ചക്കറിക്കൃഷി ചെറിയ തോതിലെങ്കിലും നടത്തിവരുന്നുണ്ട്. പക്ഷേ, അവയുടെ ഉൽപ്പാദനം ഈ ഗ്രാമപഞ്ചായത്തിലെ ആവശ്യത്തിന്റെ ഒരംശംപോലും നികത്താൻ പര്യാപ്തമല്ല. ഈ കൃഷി വിപുലീകരിക്കുക അത്യന്താപേക്ഷിതമായിരിക്കുന്നു. കൈവശമുള്ള ഭൂമിയുടെ തോത് എത്ര ചെറുതായാലും കുടുംബത്തിന് ആവശ്യമുള്ള പച്ചക്കറിയെങ്കിലും സ്വന്തം ഭൂമിയിൽ ഉൽപ്പാദിപ്പിക്കാവുന്നതേയുള്ളു.

ഗ്രാമവാസികളിൽ ഏറിയ പങ്കും ചെറുകിട നാമമാത്ര കൃഷിക്കാരാണ്. കാർഷിക വരുമാനംകൊണ്ടുമാത്രം ജീവസന്ധാരണത്തിന് അവർ പ്രയാസം നേരിടുന്നു.

ജലസേചനസൗകര്യങ്ങൾ

സ്വകാര്യവ്യക്തികളുടെ വകയും പുറമ്പോക്കിലുമായി ഏതാനും കുളങ്ങളും തോടുകളുമുണ്ടെങ്കിലും അവയിൽനിന്നും ജലസേചന സൗകര്യം ലഭ്യമല്ല. അമ്മൻകുളം, പുന്നയ്ക്കൽ ഇറിഗേഷൻ ടാങ്ക്, പണിക്കവീട്ടിൽക്കുളം ആലുംതറമുക്ക് കുളം, മുപ്പട്ടിച്ചിറ, കയ്യാലത്ത് കുളം, പായിക്കുളം, പഴഞ്ഞിയിൽക്കുളം, വേളൂർക്കുളം, കല്ലുംമുട് മുക്ക് കുളം, മനുഷ്യൻ കുളം, ഇടവനാട്ട് ചിറ എന്നിവയാണ് പ്രധാന കുളങ്ങൾ.

തോടുകൾ

പാറ്റോലിത്തോട് തഴത്തോട് പന്നിത്തോട്, കായിക്കരത്തോട്, താഴത്തോടത്ത് തോട് എന്നിവയാണ് കൃഷിഭവനിൽനിന്നും ലഭിച്ചവിവരങ്ങൾ അനുസരിച്ച് ജലസേചന സംവിധാനങ്ങൾ 1994-95, 1995-96 എന്നീ വർഷങ്ങളിൽ പൊതു കിണറുകൾ, മോട്ടോറുകൾ എന്നിവ യഥാക്രമം (1) 11 ഉം, 15ഉം (2) 25 ഉം, 22 ഉം ആണ്. ജലസ്രോതസ്സുകളേയും അവയുടെ ഇന്നത്തെ അവസ്ഥയേയും കുറിച്ച് ഈ റിപ്പോർട്ടിന്റെ ആദ്യഘട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഉൽപ്പന്നങ്ങളുടെ വിലയും വിപണനവും

ഈ ഗ്രാമപഞ്ചായത്തിൽ മൂന്ന് പ്രാഥമിക സഹകരണസംഘങ്ങളുണ്ട്. അവയിൽക്കൂടി കാർഷികോൽപ്പന്നങ്ങളുടെ വിപണനസാദ്ധ്യത നിലവിലില്ല. വിവിധ കാർഷികോൽപ്പന്നങ്ങൾക്ക് അസ്ഥിരമായ വിലനിലവാരമാണുള്ളത്. മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിച്ച് മതിയായ വിപണന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

കാർഷിക ബന്ധങ്ങൾ

റവന്യൂ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം കൈവശ ഭൂമിയുടെ തോത് താഴെക്കാണുന്ന പ്രകാരമാണ്.

1 മുതൽ 10 സെന്റ് വരെ	–	4793 പേർ
10 മുതൽ 25 സെന്റ് വരെ	–	11347 പേർ
25 മുതൽ 50 സെന്റ് വരെ	–	11333 പേർ
50 സെന്റ് മുതൽ ഒരു ഏക്കർ വരെ	–	622 പേർ
ഒരു ഏക്കർ മുതൽ 2 ഏക്കർ വരെ	–	427 പേർ
2 ഏക്കർ മുതൽ 5 ഏക്കർ വരെ	–	123 പേർ
5 ഏക്കറിന് മേൽ	–	4 പേർ

ഈ കണക്കിന് അനുദിനം നടക്കുന്ന ഭൂമികൈമാറ്റം മൂലം വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു.

കർഷകത്തൊഴിലാളികളുടെ പ്രതിദിന വേതനനിരക്ക് പുരുഷന് 120 രൂപയും സ്ത്രീയ്ക്ക് 60 രൂപയുമാണ്. മറ്റ് പല തൊഴിലുകൾക്കും ഇതിലേറെ ഉയർന്ന വേതനനിരക്ക് നിലവിലുണ്ട്.

വളം ഉപഭോഗം

ഇവിടെയുള്ള മൂന്ന് സഹകരണബാങ്കുകൾ മുഖേന കഴിഞ്ഞ മൂന്നുവർഷത്തെ രാസവളം കീടനാശിനി ഉപഭോഗത്തിന്റെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

	1993-94	1994-95	1995-96
രാസവളം	99276kg.	74600kg	187228kg
കീടനാശിനി	2252 kg	1432 kg	1466 kg

ജൈവവള ഉപഭോഗം വളരെ കുറഞ്ഞിരിക്കുന്നു. കർഷകത്തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഇതിന് പ്രധാന കാരണമാണ്.

പ്രശ്നങ്ങൾ

* മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞുവരുന്നു.
* കൃഷിയോഗ്യമായ ഭൂമി പലയിടത്തും തരിശ്ശിട്ടിരിക്കുന്നു.
* മണ്ണൊലിപ്പ് ചില പ്രദേശങ്ങളിൽ ഗണ്യമാണ്.
* ജലസേചന സൗകര്യം അപര്യാപ്തം
* പാടങ്ങൾ നികത്തപ്പെടുന്നു.
* കീടബാധ
* നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല
* നീർക്കെട്ട് വിളനാശത്തിന് കാരണമാകുന്നു.
* ഉൽപ്പാദന ക്ഷമത കുറഞ്ഞുവരുന്നു.
* ജൈവവളങ്ങളുടെ ദൗർലഭ്യം
* കർഷകത്തൊഴിലാളികളെ കിട്ടാനില്ല.
* വേതനക്കൂടുതൽ
* ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭിക്കുന്നില്ല.
* ഉൽപ്പന്നങ്ങൾക്ക് വിലക്കുറവ്
* വാങ്ങാൻ ആളില്ല.
* കാലാകാലങ്ങളിൽ കൃഷിഭവനിൽനിന്നും സഹായസഹകരണങ്ങൾ ലഭിക്കുന്നില്ല.
* വായ്പാ സൗകര്യങ്ങൾ കുറവ്
* ഉൽപ്പന്ന സംസ്ക്കരണത്തിന് സൗകര്യങ്ങളില്ല.

ഇത് സംബന്ധിച്ച് ഗ്രാമസഭകളിൽനിന്ന് വന്നിട്ടുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

* കൃഷിയെ ദോഷകരമായി ബാധിക്കുന്ന ഉപ്പുവെള്ളക്കയറ്റം തടയുന്നതിന് പന്നിത്തോട് അവസാനിക്കുന്നിടത്തും വള്ളിക്കാവ്, ബോട്ട് ജെട്ടിക്ക് തെക്കും, വടക്കും, വശങ്ങളിലുള്ള തോടുകളിൽ ചീർപ്പുകൾ നിർമ്മിച്ച് അതിന് പലക സ്ഥാപിക്കണം.
* അമരിത്തറ വയലിലും, കോളഭാഗം വയലിലും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് തെക്കുവശത്തേയ്ക്കുള്ള പന്നിത്തോടിലേയ്ക്ക് ഓട നിർമ്മിക്കണം.
* കർഷകത്തൊഴിലാളികളുടെ വേതനം ഏകീകരിക്കുകയും അതിനുവേണ്ടി ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സ്ഥാപിക്കുകയും വേണം.
* ഭൂഗർജ്ജലം സംഭരിച്ച് വേനൽക്കാലത്ത് കൃഷിക്ക് ലഭ്യമാക്കണം.
* മണ്ണ് പരിശോധന കാലാകാലങ്ങളിൽ നടത്തുകയും ഫലം താമസം വിനാ അറിയിക്കുകയും വേണം.
* രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി സാമ്പത്തിക സഹായവും, ഉൽപ്പാദനക്ഷമതയേറിയ പുതിയ തൈകളും കേരകർഷകർക്ക് വിതരണം ചെയ്യണം. മുറിച്ചുമാറ്റുമ്പോൾ ഒരു പ്രദേശത്ത് രോഗം ബാധിച്ച എല്ലാ തെങ്ങുകളും മുറിച്ചുമാറ്റണം.
* കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. കൃഷി ആഫീസറോ ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥന്മാരോ കാലാകാലങ്ങളിൽ എല്ലാ വാർഡുകളും സന്ദർശിച്ച് കൃഷിക്കാർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയുംവേണം.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളും കാർഷി കോപകരണങ്ങളും യന്ത്രങ്ങളും കീടനാശിനികളും ആവശ്യമായ സമയത്തുതന്നെ കൃഷിക്കാർക്ക് നൽകണം.

* പച്ചക്കറിക്കൃഷിക്ക് ആവശ്യമായ വിത്തും വളവും ഉപദേശങ്ങളും നൽകുകയും വിപണന സൗകര്യം ഏർപ്പെടുത്തുകയും വേണം.

* വള്ളിക്കാവ് മാർക്കറ്റ്, കാർഷികോൽപ്പന്നങ്ങളുടെ വിപണന കേന്ദ്രമാക്കിമാറ്റണം.

* അത്യുൽപ്പാദനശേഷിയുള്ള വിത്തുകമ്പുകൾ നൽകി മരച്ചീനിക്കൃഷി പ്രോത്സാഹിപ്പിക്കുകയും എലി നശീകരണത്തിന് ഗ്രാമതലത്തിൽ പ്രവർത്തനം സംഘ ടിപ്പിക്കുകയും വേണം.

* കാട്ടിലേത്ത് കിഴക്കുഭാഗത്ത് താഴക്കാട്ട് പടിഞ്ഞാ റുകൂടി ഓട സ്ഥാപിച്ച് ആ ഭാഗത്തുള്ള ജല നിർഗ്ഗമന മാർഗ്ഗങ്ങൾ സുഗമമാക്കണം.

* ചക്കാലമുറി തെക്കുവശം മുതൽ പടിഞ്ഞാറ് മുള യ്ക്കത്തറവരെ പുതുതായി നിർമ്മിച്ച റോഡിന് ഇരുവ ശത്തും ഓട നിർമ്മിക്കണം.

* പുളിനിൽക്കും കോട്ടയിൽനിന്നും വടക്കോട്ടുള്ള റോഡിലെ കലുങ്ക് താഴ്ത്തണം.

* കെ.എസ്.പുരം എച്ച്.എസിന് കിഴക്കുവശമുള്ള നീർക്കെട്ട് ഒഴിവാക്കുന്നതിന് പന്നിത്തോട്ടിലേയ്ക്ക് ഓട നിർമ്മിക്കണം.

* കൊന്നയിൽ കിഴക്കുവശമുള്ള 50 സെന്റ് നില ത്തിൽ ജലസേചനം നടത്തി കൃഷി മെച്ചപ്പെടുത്തണം.

* കോയിക്കൽ മുക്ക്, തയ്യിൽമുക്ക് റോഡിന്റെ വശ ങ്ങളിലുള്ള ഓട സുഗമമായ ജലനിർഗ്ഗമനത്തിന് ഉപ യുക്തമാക്കണം.

* കട്ടേച്ചാൽ വയലിൽനിന്നുള്ള വെള്ളം തെക്കോ ട്ടൊഴുകി പോക്കാട്ട് തെക്കുവശമുള്ള ഓടയിൽ എത്ത ത്തക്കവണ്ണം ഓട നിർമ്മിക്കണം.

* വടശ്ശേരി കോയിക്കൽ വടക്കുവശംകൂടി പടിഞ്ഞാ റോട്ട് പോകുന്ന ഓടയിലെ വെള്ളം കോയിപ്പുറത്ത് വട ക്കുവശത്തുനിന്നും ഒഴുകിപ്പോകാൻ നിവർത്തിയില്ലാതെ കെട്ടിക്കിടക്കുന്നതിന് പരിഹാരം ഉണ്ടാക്കണം.

* പെല്ലത്ത് കിഴക്കുവശമുള്ള വെള്ളം കുരുക്കശ്ശേ രിൽ വടക്കുവശമുള്ള ഓടയിൽ എത്തത്തക്കവണ്ണം ഓട നിർമ്മിക്കണം.

* പഴഞ്ഞി വയലിലെ വെള്ളം പടിഞ്ഞാറോട്ട് കാവും കട തെക്കുവശമുള്ള റോഡിന്റെ സൈഡിൽക്കൂടി ഓട കെട്ടി പള്ളിയിൽവീടിന്റെ വടക്കുവശത്തുള്ള തോടിന്റെ സൈഡ് വാൾ കെട്ടി അതിൽക്കൂടി വരമ്പിനകം ഏലാ യിൽ എത്തിക്കണം.

* പനച്ചിമേത്ത് കിഴക്കുവശത്തുനിന്നും പടിഞ്ഞാ റോട്ട് ഓട നിർമ്മിക്കണം.

* വരിക്കോലിൽ പടിഞ്ഞാറുവശത്തുള്ള വെള്ളം കോച്ചിമേത്ത് കിഴക്കുവശംകൂടി വടക്കോട്ട് ഓടകെട്ടി വടക്കേ നിലങ്ങളിലെത്തിക്കണം.

* വരിക്കോലിൽ പടിഞ്ഞാറുവശത്തെ K.I.P കനാ ലിന്റെ തെക്കുവശത്തുള്ള വെള്ളം തെക്കോട്ട് ഓടകെട്ടി കുരിക്കശ്ശേരി ഓടയിൽ എത്തിക്കണം.

* അയണിക്കാട്ട് കിഴക്കുവശമുള്ള വെള്ളം പടിഞ്ഞാ റോട്ട് ഓടകെട്ടി ഒഴുക്കിവിടണം.

* മാനൂർ വടക്കുവശത്തുനിന്നും പടിഞ്ഞാറോട്ട് ഓട കെട്ടി പടിഞ്ഞാറേ വീട്ടിനു പടിഞ്ഞാറുവശമുള്ള വയ ലിൽ എത്തിക്കണം.

* പന്നിത്തോടിന്റെയും തഴത്തോടിന്റെയും, സൈ ഡ് കെട്ടി സംരക്ഷിക്കുക, ചീർപ്പുകൾ പുനഃസ്ഥാപിക്കു കയും വേണം.

* കൃഷിക്കാർക്ക് കാർഷിക വായ്പയും സബ്സിഡി നിരക്കിൽ വളം, വിത്ത് എന്നിവ ലഭ്യമാക്കുകയും വിള ഇൻഷ്വറൻസ് എല്ലാ കൃഷിക്കാർക്കും ബാധകമാക്കു കയും ചെയ്യണം.

* കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വിത്ത്, വളം, കീടനാശിന കൾ, യന്ത്രോപകരണങ്ങൾ എന്നിവ കർഷകർക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള കാർഷിക-വിഭവശേഖരണ വിപണന സംഘങ്ങൾ രൂപീ കരിക്കണം.

* മെച്ചപ്പെട്ട ഇനം വിത്തുകളുടേയും തൈകളു ടേയും നടീൽ വസ്തുക്കളുടേയും നഴ്സറികൾ സ്ഥാപി ക്കുകയും പരിപാലിക്കുകയും ചെയ്യണം.

* വിള വികസനത്തിന് ഉപയുക്തമായ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ പോലെയുള്ള സംവി ധാനങ്ങൾ ഉണ്ടാക്കണം.

* താഴ്പ്രദേശങ്ങളിൽ ഓട കൾ സ്ഥാപിച്ച് വെള്ളക്കെട്ട് ഒഴിവാക്കണം.

1. വള്ളിക്കാവ് ജെട്ടി റോഡിന് തെക്കുവശം തുരു ത്തിൽ

2. പുന്നയ്ക്കൽ കിഴക്കും പടിഞ്ഞാറും വശങ്ങളിൽ

3. ചോങ്കേരിൽ പടിഞ്ഞാറുവശം

4. വട്ടത്തറ കിഴക്കുവശം

5. കുട്ടുങ്ങൽ കിഴക്കുവശം

6. പുതുവീട്ടിൽ പടിഞ്ഞാറുവശം

7. പുല്ലം വയലിൽ പടിഞ്ഞാറുവശം

8. വലിയതറ കിഴക്കുവശം

9. കളീക്കൽ കിഴക്കുവശം

10. നല്ലവീട്ടിൽ കിഴക്കുവശം

* പന്നിത്തോട് നമ്പലത്തേരിത്തോട് സൈഡ്വാൾ കെട്ടി സംരക്ഷിക്കണം.

* കാഞ്ഞൂർ തെക്കുവശത്തുനിന്നും ചെങ്ങളിൽ തെക്കുവശത്തുകൂടി വെട്ടിക്കുറ്റിയടുത്തുകൂടി പതിക്കുന്ന തോടിന്റെയും കാഞ്ഞൂർ തെക്കുവശത്തുകൂടി കൊച്ചുപുരയ്ക്കൽ വടക്കുവശത്ത് നിലത്തിൽ പതിക്കുന്ന തോടിന്റെയും സൈഡ്വാൾ കെട്ടി സംരക്ഷിക്കണം.

* സംരക്ഷണമില്ലാതെ കിടക്കുന്ന ചീർപ്പുകൾ പ്രവർത്തനക്ഷമമാക്കണം.

* നാളീകേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുകയും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

* K.I.Pയിൽനിന്നും കൃഷിക്ക് വെള്ളം ലഭ്യമാക്കണം.

* കൃഷി സമ്പ്രദായം ഏകീകരിക്കുകയും ഗ്രൂപ്പ് ഫാമിംഗ് ഇല്ലാത്തിടങ്ങളിൽ ആയത് ഏർപ്പെടുത്തുകയും ചെയ്യണം.

* കൃഷിക്കാവശ്യമായ വൈദ്യുതി കർഷകർക്ക് സൗജന്യമായി ലഭ്യമാക്കണം.

* കുറുങ്ങാട്ട് മുക്കിൽ വെട്ടത്തുവീടിന് പടിഞ്ഞാറുവശം ഓടകെട്ടി വടക്കേത്തോട്ടിലെത്തിക്കണം.

* S.N.D.P മുക്കിന് പടിഞ്ഞാറോട്ടു കെട്ടിയിട്ടുള്ള ഓട പടിഞ്ഞാറേ പാടംവരെ പൂർത്തീകരണം.

* ഒന്നാം തഴവയലിൽ നെടുകേയുള്ള തോടിന്റെ വീതി പുനഃസ്ഥാപിച്ച് സൈഡ്വാൾ കെട്ടുകയും ചീർപ്പുകൾ വീണ്ടും സ്ഥാപിക്കുകയും വേണം.

* മരം കയറ്റത്തിന് താൽപ്പര്യമുള്ള യുവാക്കളെ പരിശീലിപ്പിച്ച് ആ രംഗത്തെ പ്രതിസന്ധി ഒഴിവാക്കണം.

* മണ്ടാനത്ത് വയലിലെ വെള്ളം ഒഴുകിപ്പോകുന്നതിന് പള്ളിമുക്ക്-കല്ലുംമൂട് റോഡിൽ കൊടുർ കിഴക്കുവശത്തും പുത്തൻവീട്ടിൽ പടിഞ്ഞാറുവശത്തും ഓടകെട്ടി റോഡിലെ കലുങ്കിനോട് ബന്ധിപ്പിക്കണം.

* കൊച്ചു കാഞ്ഞിക്കൽ വയലിൽ കൃഷിനാശം പരിഹരിക്കാൻ ഓട നിർമ്മിക്കണം.

* കല്ലൂർ വയലും തഴവയലും കൃഷിയോഗ്യമാക്കാൻ അമ്പിയിൽ വടക്കുവശം മുതൽ ഓടകെട്ടി കാട്ടയ്യത്ത് വടക്കുവശത്ത് കൊണ്ടുചെന്ന് മുട്ടിക്കണം.

* കല്ലുംമൂട്ടിൽ വയലിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കല്ലുംമൂട് സംഘപ്പുര റോഡിന്റെ സൈഡിൽ ഓട കെട്ടി മാമ്പഴശ്ശേരിൽ തോട്ടിലെത്തിക്കണം.

* മുത്തേരിൽ തെക്കുവശമുള്ള തോട്ടിൽ സൈഡ് വാൾ കെട്ടി ജലനിർഗ്ഗമനം സുഗമമാക്കണം.

* ആദിനാട് വില്ലേജ് കേന്ദ്രീകരിച്ച് ഒരു കൃഷിഭവൻ സ്ഥാപിക്കണം.

* നിലവിലുള്ള അമ്മൻകുളം, പായിക്കുളം, പുന്നയ്ക്കൽ വടക്കുവശമുള്ള ഇറിഗേഷൻ ടാങ്ക്, പണിക്കവീട്ടിൽക്കുളം, ആലുംതറ മുക്ക് കുളം, മുപ്പട്ടിച്ചിറ, കയ്യാലത്തുകുംളം, പഴഞ്ഞിയിൽക്കുളം, വേളൂർക്കുളം, കല്ലുംമൂട്കുളം, മനുഷ്യൻ കുളം, ഇടവനാട്ടിൽച്ചിറ എന്നിവ ആഴം കൂട്ടിയും സൈഡ്വാൾ കെട്ടിയും സംരക്ഷിക്കണം.

* കായിക്കരത്തോട്ടിൽ ചീർപ്പുകൾ സ്ഥാപിച്ച് ഉപ്പുവെള്ളം കയറുന്നത് തടയണം.

* മാരൂർതാഴെ പാടത്തിലെ ജലസേചനത്തിന് ഭൂഗർഭജലസ്രോതസ്സുകൾ സ്ഥാപിക്കുകയും ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവിപ്പിക്കുകയും ചെയ്യണം.

* മരങ്ങാട്ട് മുക്കുമുതൽ കായൽവരെയുള്ള റോഡിന്റെ സൈഡിൽ ഓട കെട്ടണം.

* വാഴയിൽ വടക്കുവശം മുതൽ മാരൂർതാഴെപ്പാടം വരെയുള്ള തോട് സൈഡ് വാൾ കെട്ടി സംരക്ഷിക്കണം.

* കാർഷികരംഗത്ത് കർഷകത്തൊഴിലാളികൾ, പൊഴിഞ്ഞുപോകുന്നത് കണക്കാക്കി ഈ രംഗത്ത് യന്ത്രവൽക്കരണത്തിന് ഊന്നൽ നൽകി തൊഴിൽരഹിതരായ യുവാക്കളെ പരിശീലിപ്പിച്ച് വേണ്ട സാമഗ്രികൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കാനുള്ള പദ്ധതി ത്രിതല പഞ്ചായത്തിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിക്കണം.

* ആദിനാട് തെക്കും വടക്കും തമ്മിൽ വേർതിരിക്കുന്ന കുറ്റിക്കാട്ട് തെക്കുവശംകൂടി കിഴക്കു പടിഞ്ഞാറ് നികന്നുപോയിട്ടുള്ള തോട് ഓടകെട്ടി മാരൂർ താഴെ ഏലായുമായി ബന്ധിപ്പിക്കണം.

* കുറ്റിമുല്ലക്കൃഷി അഭിവൃദ്ധിപ്പെടുത്തണം. പുഷ്പ വിൽപ്പന സൗകര്യം ഉണ്ടാക്കണം.

* പീടികത്തറ പടിഞ്ഞാറുവശംകൂടി തെക്കോട്ട് തടസ്സപ്പെട്ടുകിടക്കുന്ന ഓട പുനരുദ്ധരിക്കണം.

* വീഷ്ണാ വയലിൽനിന്നും അരിവേലിൽ വയൽ വഴി പ്ലാശ്ശേരിത്തോടുവരെയുള്ള നീരൊഴുക്ക് ഓട കെട്ടി സുഗമമാക്കണം.

* വീഷ്ണാ തോട്ടിലും ഇളമ്പള്ളിശ്ശേരി തോട്ടിലുമുള്ള ചീർപ്പുകൾ പുനസ്ഥാപിക്കണം.

* വാഴക്കൂട്ടത്തിൽ വയലിൽനിന്നും പോച്ചിത്തറ വയലിൽനിന്നും പടിഞ്ഞാറോട്ട് കായൽവരെ ഓട കെട്ടണം.

* മണ്ണാലിപ്പ് തടയുന്നതിനായി ഭൂമിയുടെ അതിരുകൾ കെട്ടി സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായ പദ്ധതി നടപ്പാക്കണം.

* നെൽക്കൃഷിക്ക് ഉപയുക്തമായ തരത്തിൽ പട്ടാണിച്ചാലിനോട് ചേർന്നുള്ള തോടും നീരാട്ടുവള്ളിത്തോടും വെട്ടി വീതികൂട്ടി സൈഡ്വാൾ കെട്ടി ചീർപ്പുകൾ നിർമ്മിക്കണം.

* തുണ്ടിൽ കിഴക്കുവശത്തെ പാടത്തെ നീർക്കെട്ട് ഒഴിവാക്കുന്നതിന് ഓട നിർമ്മിക്കണം.

* പട്ടാണിച്ചാൽ നീരാട്ടുവള്ളിച്ചാൽ എന്നിവ വലുപ്പവും ആഴവും കൂട്ടി പുനരുദ്ധരിക്കണം.

* തരിശ്ശിട്ടിരിക്കുന്ന നെൽക്കൃഷി സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിന് ബന്ധപ്പെട്ട കക്ഷികളെ പ്രോത്സാഹിപ്പിക്കണം.

* പുതിയകാവ് മാർക്കറ്റിന് കിഴക്കുവശമുള്ള തോടിന്റെ വടക്കോട്ടുള്ള ഭാഗങ്ങൾ സൈഡ് വാൾ കെട്ടി സംരക്ഷിക്കുകയും മഠത്തിൽ വയൽ, വേരോളിൽ വയൽ കണ്ണമത്ത് വയൽ, എന്നിവയിൽ കെട്ടിക്കിടക്കുന്ന വെള്ളം പടിഞ്ഞാറ് തഴത്തോട്ടിൽ എത്തത്തക്കവിധം ഒരു ഓട നിർമ്മിക്കണം.

* പുവത്തനാൽ പാടത്തിലെ കൃഷിക്കുവേണ്ടി ശ്രീ ഗോപാലൻ താമസിക്കുന്ന വീടിന്റെ മുന്നിലുള്ള വീടിന്റെ സൈഡിൽക്കൂടി തെക്കോട്ടു ഒരു ചെറിയ കനാൽവെട്ടി കൊച്ചയ്യത്ത് വടക്കുവശംകൂടി പടിഞ്ഞാറോട്ട് ഒഴുകുന്ന കനാലിലെത്തിക്കണം.

* കൊച്ചയ്യത്ത് വടക്കുവശംകൂടി പടിഞ്ഞാറോട്ട് കൈപ്പള്ളി വടക്കതിൽ കരോൽ വയലിലൂടെ ഒഴുകുന്ന തോട്ടിൽ എത്തത്തക്കവിധം ഒരു കനാൽ നിർമ്മിക്കണം.

* ആലുംമൂട്ടിൽ പടിഞ്ഞാറുവശമുള്ള വയലിൽ വടക്കേയറ്റംകൂടി (കോലടുത്ത്) ഒരു ചെറിയ കൈത്തോട് നിർമ്മിച്ച് കൊച്ചയ്യത്ത് വടക്കുവശംകൂടി പടിഞ്ഞാറോട്ട് ഒഴുകുന്ന കനാലിലെത്തിക്കണം.

* എം.ജി.ഐസ് പ്ലാന്റ് - പഞ്ചായത്ത് ജംഗ്ഷൻവരെയുള്ള റോഡിലെ ഓടയുടെ ആഴം വർദ്ധിപ്പിച്ച് സൈഡ് കെട്ടുകയും ഗാന്ധി സ്മാരക വായനശാല കവിയിൽമുക്ക് പ്ലാമൂട്ടിൽമുക്ക് എന്നീ സ്ഥലങ്ങളിൽ കലുങ്കുകൾ സ്ഥാപിക്കുകയും വേണം. ശങ്കരത്തിൽ വയലിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പടിഞ്ഞാറോട്ട് ഓടകെട്ടണം.

* തഴവയലിന്റെ സൈഡ് കെട്ടി സംരക്ഷിക്കണം.

* ചെമ്പകശ്ശേരിൽ വയലിൽനിന്നും തെക്കോട്ട് ഓട കെട്ടണം.

* മുത്തോം വീട്ടിലെ പാടശേഖരത്തിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് തെക്കോട്ട് ഓടകെട്ടി ചക്കാലക്കിഴക്കുവശത്തെ വെള്ളക്കെട്ട് വഴി ചക്കാല കോളനിയിലെ ഓടയിലെത്തിക്കണം.

* മുല്ലശ്ശേരിൽ കിഴക്കുവശത്തെ വെള്ളക്കെട്ടിൽനിന്നും ഓടകെട്ടി കല്ലുരേത്ത് കിഴക്കുവശത്തെ ഓടയിലെത്തിക്കണം.

* കുന്നേൽ പടിഞ്ഞാറുവശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പടിഞ്ഞാറോട്ട് ഓട കെട്ടണം.

* കുന്നേത്ത് കിഴക്കേ വയലിൽനിന്നും കിഴക്കോട്ട് ഓട കെട്ടി കൂട്ടത്തിങ്കൽ വയലിലെത്തിക്കണം.

* കൂട്ടത്തിങ്കൽ വയലിൽനിന്നും പടിഞ്ഞാറോട്ട് ഓട കെട്ടണം.

* കാവുള്ളതിൽ കിഴക്കുവശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വടക്കോട്ട് ഓടകെട്ടണം.

* മലയാറ്റിൽ വയലിൽനിന്നും തെക്കോട്ട് ഓടകെട്ടണം.

* കാട്ടൂർ കിഴക്കുവശത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കാൻ തെക്കോട്ട് തുടങ്ങി പടിഞ്ഞാറോട്ട് ഓടകെട്ടണം.

* പാറ്റോലിൽ തോടിന്റെ സൈഡ് കെട്ടി സംരക്ഷിക്കണം.

* അമ്മൻകുളം അളന്ന് തിട്ടപ്പെടുത്തി സൈഡ് കെട്ടി സംരക്ഷിക്കണം.

* കണ്ണങ്കോട്ട് കിഴക്കുവശം, ചെട്ടിശ്ശേരിൽ കിഴക്കുവശം കട്ടച്ചിറ കിഴക്കുവശം എന്നീ ഭാഗങ്ങളിൽ ചീർപ്പുകൾ കെട്ടണം.

* മനുഷ്യൻക്കുളം അളന്ന് തിട്ടപ്പെടുത്തി സൈഡ് കെട്ടി സംരക്ഷിക്കണം.

* പണി വിരുത്തി വയൽ, മുങ്ങപ്പള്ളിവയൽ, കൊച്ചുമീനത്തേരിൽ വയൽ, തെറുമ്പിൽ വയൽ, കുള ഞ്ഞിവയൽ, എന്നീ പാടശേഖരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കാട്ടിവയൽ വഴി, T.B. ജംഗ്ഷന് പടിഞ്ഞാറുവശം കൂടി പുത്തൻ തെരുവ് പുതിയകാവ് മാർക്കറ്റ് തോട് വഴി ചന്തക്കായലിലേയ്ക്ക് വിടണം.

* മുണ്ടക വയലിൽ തുടങ്ങി ശാസ്താപൊയ്കവരെയുള്ള തോടിന്റെ സൈഡ് കെട്ടി വടക്കും, തെക്കും, കണ്ണമ്പിള്ളി വയലിലും ചീർപ്പുകൾ കെട്ടണം.

* കുറുങ്ങപ്പള്ളി വയൽ തുടങ്ങി കോട്ടേടിവയൽ വഴി മണ്ണടിശേരി വയലിലേയ്ക്കുള്ള തോട് ആഴം കൂടി സൈഡ് കെട്ടി ജലസേചനത്തിന് ഉപയുക്തമാക്കണം.

* പാറ്റോലി തോടിന്റെ സൈഡുകൾ കെട്ടണം.

*നെടുന്തറ ക്ഷേത്രത്തിന് കിഴക്കുവശമുള്ള വെള്ളക്കെട്ട് ഒഴിവാക്കുവാൻ വേണ്ടതുചെയ്യണം.

വായ്പാ സൗകര്യങ്ങൾ

ഈ ഗ്രാമപഞ്ചായത്തിൽ മൂന്ന് സർവ്വീസ് സഹകരണബാങ്കുകളുണ്ട്. കാർഷിക വായ്പ നൽകുന്നതിൽ ഈ ബാങ്കുകൾ ഗണ്യമായ സഹായമാണ് ചെയ്യുന്നത്.

കൃഷിഭവൻ

ഈ പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. കാർഷികരംഗത്ത് വളരെ മെച്ചപ്പെട്ട പ്രവർത്തനവും സഹായവും നൽകുന്നതിന് കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. നേരത്തേ ഫലപ്രദമായി പ്രവർത്തിച്ച പല ഗ്രൂപ്പ് ഫാമിംഗ് സമിതികളും കേരകർഷക സംഘങ്ങളും ഇപ്പോൾ തികച്ചും പ്രവർത്തനക്ഷമമെന്നു പറയുകവയ്യ.

ഇടവിളക്കൃഷി പൊതുവേ വളരെ ശോഷിച്ചുവരുന്നു. കാർഷികത്തൊഴിലാളികളുടെ കൊഴിഞ്ഞു പോക്കും മണ്ണന്റെ ഫലഭൂയിഷ്ടത, അമിതമായ രാസവളപ്രയോഗംമൂലം കുറഞ്ഞുവരുന്നതും, ജനസാന്ദ്രത ഏറിവരുന്നതുനിമിത്തം ഭൂമി വിഭജിച്ചുപോകുന്നതും പാർപ്പിട പ്രശ്നവും ഗൾഫ് പണത്തിന്റെ അതി പ്രസരം മൂലം നമ്മുടെ കാർഷിക തൊഴിൽ രംഗത്ത് അനുഭവപ്പെടുന്ന നിസ്സംഗത മുതലായവ യാണ് കാരണങ്ങൾ.

മൃഗപരിപാലനം മത്സ്യമേഖല

മൃഗപരിപാലനം :-

ഉൽപാദനക്ഷമത കുറഞ്ഞ നാടൻപശുഇനങ്ങളാണ് മുൻപുണ്ടായിരുന്നത്. അത്യുൽപ്പാദനശേഷിയുള്ള സ്വിസ്ബ്രൗൺ, ജഴ്സി, സുനന്ദിനി മുതലായവയ്ക്ക് നാടൻപശുവിനങ്ങൾ വഴിമാറികൊടുത്തിരിക്കുന്നു. ഈ സങ്കരവർഗ്ഗങ്ങളുടെ സങ്കരംതന്നെ ഒരു പുതിയഇനമായി ഉത്ഭവിച്ചിട്ടുണ്ട്. ഉദാ: (ബ്രൗൺ, സ്വിസ്–ജഴ്സി ക്രോസ്) ഉൽപ്പാദനക്ഷമതയിൽ മുന്നിട്ടുനിൽക്കുന്നെങ്കിലും കുളമ്പുപനി, അകിടുവീക്കം, മുടന്തൻപനി തുടങ്ങിയ രോഗങ്ങൾ നാടൻപശുക്കളെ അപേക്ഷിച്ചു സങ്കരവർഗ്ഗത്തെ കടന്നാക്രമിക്കുന്നു.

ജനങ്ങളിൽ അഗണ്യമല്ലാത്ത ഒരു വിഭാഗം കാലിവിളർത്തൽ മുഖ്യ ഉപജീവനമാർഗ്ഗങ്ങളിൽ ഒന്നായി സ്വീകരിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഏതാനും ക്രിത്രിമ ബീജസങ്കലനകേന്ദ്രങ്ങളുമുണ്ട്. ഇവയുടെ സേവനം മെച്ചപ്പെട്ടതാണെന്ന് പറഞ്ഞുകൂടാ. ഡോക്ടർ, മറ്റ് Live stock ഉദ്യോഗസ്ഥൻമാർ എന്നീ തസ്തികളിൽ ഉണ്ടാവുന്ന ഒഴിവുകൾ പലപ്പോഴും യഥാസമയം നികത്താറില്ല. ആവിശ്യമായ മരുന്നുകളും വേണ്ടപ്പോൾ ലഭിക്കാറില്ല.

മിൽമയുടെ കീഴിലുള്ള നാലു ക്ഷീരോല്പാദക സഹകരണസംഘങ്ങളും മറ്റൊരു ക്ഷീരവ്യവസായ സഹകരണസംഘവും ഏതാനും പ്രൈവറ്റ് ഏജൻസികളും പാൽ സംഭരണ വിപണനരംഗത്ത് ഇവിടെയുണ്ട്. മിൽമാ സൊസൈറ്റികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമായി നടക്കുന്നു.

നാലുമിൽമാ സംഘങ്ങളുടെ പ്രവർത്തന പരിധിയിയഥാക്രമം (1) 6,7 (2) 7,8 (3) 10,11 (4) 13,14 എന്നീ വാർഡുകളിലാണ്.

6ം9ഉം വാർഡുകൾ പ്രവർത്തനപരിധി യുള്ള സംഘംഏറ്റവും മെച്ചപ്പെട്ട പ്രവർത്തനത്തിനു ജില്ലാടിസ്ഥാനത്തിലുള്ള സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

ഉൽപ്പാദകന് ലഭിയ്ക്കുന്ന പാലിന്റെവില ആകർഷണീയമെന്നു പറഞ്ഞുകൂടാ. വിപണനസൗകര്യം ഉറപ്പുവരുത്തുന്ന എന്നതാണ് ക്ഷീരോല്പാദക സംഘങ്ങളുടെ മെച്ചം.

കാലികളുടെ സംരക്ഷണചെലവ് അനുദിനം ഏറിവരുന്നു. കാലിത്തീറ്റയുടേയും വൈക്കോലിന്റേയും മറ്റും കൂടെകൂടെയുള്ള വിലക്കയറ്റം, തീറ്റപുല്ലും, വൈക്കോലും, ആവശ്യാനുസരണം വേണ്ടസമയത്ത് ലഭ്യമല്ലാതെവരുന്നതു മുതലായവ കാരണങ്ങളാണ്.

പശുവിനെ കൂടാതെ ആട്, എരുമ എന്നീവളർത്തുമൃഗങ്ങളും കോഴി, താറാവ് എന്നീ വളർത്തുപക്ഷികളുമുണ്ട്. ഇവയ്ക്കെല്ലാംതന്നെ രോഗബാധ ഒരു പ്രശ്നമാണ്. ഈ രോഗബാധതടയുന്നതിന് മൃഗാശുപത്രിയിൽനിന്ന് ലഭിയ്ക്കുന്ന സേവനം അപര്യാപ്തമാണ്.

ഗ്രാമസഭകളിൽ നിന്നും താഴെപ്പറയുന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ലഭിച്ചിരിക്കുന്നു.

1. തൊഴുത്തുനിർമ്മിക്കുന്നതിനും പശുവിനെ വാങ്ങുന്നതിനുമുള്ള ധനസഹായം ആവിശ്യമുള്ള ക്ഷീരോല്പാദകർക്ക് നൽകണം.

2. ക്ഷീരസഹകരണസംഘങ്ങൾ ആവിശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുക.

3. ഇന്നുള്ള മൃഗാശുപത്രി ഈ ഗ്രാമത്തിന്റെ തെക്കേ അറ്റത്താണ് സ്ഥിതിചെയ്യുന്നത്. അകലെയുള്ളവാർഡുകൾക്കുകൂടി പ്രയോജനപ്പെടുന്നതരത്തിൽ അതിന്റെ പ്രവർത്തനം മെച്ചപ്പടുത്തുകയും അവിടെ ആവിശ്യമായ മരുന്നുകളും, ജീവനക്കാരെയും ഉറപ്പുവരുത്തുകയും വേണം.

4. Poultry farm, Rabbit Farm എന്നിവ സ്ഥാപിക്കാൻ ആവശ്യമായധനസഹായം കൊടുക്കണം.

5. അത്യുൽപ്പാദനശേഷി, രോഗപ്രതിരോധശക്തി എന്നിവയുള്ളകോഴികുഞ്ഞുങ്ങളെ ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും, മുട്ട ശേഖരിച്ച് വിപണനം

ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുകയും വേണം.

6. ആടുവളർത്തൽകാർക്ക് ആവിശ്യമായ ധനസ ഹായം നൽകി ഉല്പാദനക്ഷമത കൂടുതലുള്ള ആട്ടിൻകുട്ടികളെ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

7. ഗുണനിലവാരം കൂടുതലുള്ള കാലിത്തീറ്റയും കോഴിത്തീറ്റയും വിലകുറച്ച് ലഭ്യമാക്കുകയും കൃത്രിമ ബീജാധാനത്തിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുകയും വേണം.

8. 1മുതൽ 5വരെയും 12-ാം വാർഡിലും മിൽമാസംഘങ്ങളില്ല. ഈ ആറുവാർഡുകളിൽ രണ്ടുവാർഡിന് ഒന്ന് എന്നക്രമത്തിൽ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ (APCOS) സ്ഥാപിക്കണം.

9. 1മുതൽ 5വരെയുള്ള വാർഡുകൾ കേന്ദ്രീകരിച്ച് മൃഗാശുപത്രിയുടെ ഒരുസബ്സെന്റ്ർ സ്ഥാപിക്കണം.

10. മൃഗാശുപത്രി വഴി കന്നുകുട്ടി പരിപാലനത്തിനും കാലി Insurance നും സംവിധാനങ്ങൾ ഏർപ്പെടുത്തണം.

11. D.W.C.R.A യുടെ യൂണിറ്റുകൾ സ്ഥാപിച്ച് പശുവളർത്തൽ വ്യാപിപ്പിക്കണം.

12. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ പശുവളർത്തുകാരെ പ്രോത്സാഹിപ്പിക്കുകയും അതിനു ധനസഹായം നൽകുകയും വേണം.

13. രോഗപ്രതിരോധത്തിനുള്ള കുത്തുവെയ്പ് ആവിശ്യമായ സമയത്ത്നടത്തുന്നതിനുള്ള ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.

14. പാലിനുന്യായമായ വിലഉറപ്പാക്കണം.

15. തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യണം.

മത്സ്യമേഖല

ജനങ്ങൾ ഏതാണ്ട് മൊത്തംതന്നെ മത്സ്യ ഉപഭോക്താക്കളാണ്.

പഞ്ചായത്തുവകയും സ്വകാര്യവ്യക്തികളുടെ വകയും കുളങ്ങളിൽ മത്സ്യംവളർത്തുന്നതിനും ശേഖരിച്ചു വിപണനം നടത്തുന്നതിനും നടത്തുതയുണ്ട്.

കുളങ്ങൾ താഴെപ്പറയുന്നവയാണ്.

1. അമ്മൻകുളം
2. പുന്നയ്ക്കൽ വടക്കുവശത്തുള്ള ഇറിഗേഷൻടാങ്ക്
3. പണിയ്ക്കവീട്ടിൽകുളം
4. ആലുംതറമുക്കുകുളം
5. മുപ്പട്ടിമ്പിറ
6. കയ്യാലത്തുകുളം
7. പറയിക്കുളം
8. പഴഞ്ഞിയിൽ കുളം
9. വേലൂർ കുളം
10. കല്ലുംമുട് കുളം
11. മനുഷ്യൻകുളം
12. ഇടവനാട്ടുചിറ

ഗ്രാമസഭകളിൽ ഉന്നയിച്ച ആവശ്യങ്ങൾ പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ എന്നിവ താഴെ ക്കാണുന്നവയാണ്.

1. ഉപയുക്തമായ സ്ഥലങ്ങളിൽ ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങൾ ആരംഭിയ്ക്കണം.

2. വള്ളിക്കാവിലെ മത്സ്യവിപണനകേന്ദ്രം സമ്പുഷ്ടമാക്കണം.

3. സ്വകാര്യകൃഷിഇടങ്ങൾ ഉള്ള വ്യക്തികൾക്ക് മത്സ്യകൃഷിക്കുവേണ്ട സഹായങ്ങൾ നൽകണം.

4. പഞ്ചായത്ത് കുളങ്ങൾ സ്വകാര്യവ്യക്തികൾക്ക് ലേലം ചെയ്ത്കൊടുത്ത് മത്സ്യംവളർത്തൽ അഭിവൃദ്ധിപ്പെടുത്തണം.

5. മത്സ്യകൃഷിയ്ക്ക്, നല്ലയിനം മൽസ്യകുഞ്ഞുങ്ങളും കുറഞ്ഞവിലയ്ക്ക് തീറ്റയും ലഭ്യമാക്കണം. ആവശ്യമായ നിർദ്ദേശങ്ങളും നൽകണം.

6. വളർത്തുമൽസ്യങ്ങൾക്ക് സംഭവിക്കാവുന്ന രോഗപ്രതിരോധത്തിനുവേണ്ട നിർദ്ദേശങ്ങളും മരുന്നുകളും നൽകണം.

7. മേൽപ്പറഞ്ഞവ കൂടാതെ പട്ടാണിച്ചാൽ, നീരാട്ടുവള്ളിച്ചാൽ, എന്നിവ ആഴം കൂട്ടി Side wall കെട്ടി അവകൂടി മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കണം.

8. മുല്ലശ്ശേരിക്കുളം തൊഴിൽരഹിതയുവാക്കൾക്ക് മത്സ്യവളർത്തലിനു പാട്ടത്തിനു നൽകണം.

9. ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് സംഭരണ വപണന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

10. മത്സ്യവിഭവ സംരക്ഷണം, പരിപാലനം എന്നിവ സംബന്ധിച്ച് ഒരു പഞ്ചായത്തുതല മാർഗ്ഗരേഖ വികസിപ്പിച്ചെടുക്കണം.

◆

വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ചയും വികാസവും മറ്റ് സംസ്ഥാനങ്ങളുടേതിൽ നിന്ന് ഭിന്നവും അനുകരണീയവുമായിരുന്നു കേരളത്തിന്റേത്. റവന്യൂ വരുമാനത്തിൽ ഏറിയപങ്കും ഇതിനായി വിനിയോഗിക്കുന്ന തിൽ നിന്നും പൊതുവിദ്യാഭ്യാസത്തെ എത്രഗൗരവമായി കാണുന്ന സംസ്ഥാനമാണ് നമ്മുടെതെന്ന് മനസ്സിലാക്കാം. ഇക്കാരണത്താൽ ആണ്ആശാൻ പള്ളിക്കൂടം മുതൽ പോസ്റ്റ്ഗ്രാജുവേറ്റ് തലംവരെയും സാങ്കേതികആരോഗ്യ വിദ്യാഭ്യാസത്തിന്റെ ഉന്നതതലംവരെയും അനസ്യൂതം വളരുകയും വികിസിക്കുകയും ചെയ്തത്. തുടർന്നുണ്ടായ സാമൂഹിക സാസ്കാരിക രാഷ്ട്രീയ മുന്നേറ്റങ്ങൾ ഇതിന് തെളിവാണ്.

നമ്മുടെ നാടിന്റെ വിദ്യാഭ്യാസപുരാവൃത്തം പരിശോധനാവിധേയമാക്കിയെങ്കിൽ മാത്രമേ വളർച്ചയുടെ പൊരുൾ അടുത്തറിയാൻ കഴിയു. പ്രാചീനകേരളത്തിൽ 2തരം വിദ്യാഭ്യാസരീതികൾ നിലവിൽ ഉണ്ടായിരുന്നതായി കാണാം. ബ്രാഹ്മണർക്കും ക്ഷത്രിയർക്കും വേണ്ടി സംസ്കൃത വിദ്യാപീഠങ്ങളും അബ്രാഹ്മണർക്ക് വേണ്ടി എഴുത്തുപള്ളിയും ഉന്നതവിദ്യാഭ്യാസം ബ്രാഹ്മണർക്കും സാധാരണക്കാർക്ക് അത്യാവശ്യം വേണ്ട അക്ഷരബോധവും സംഖ്യാബോധവും അതോടൊപ്പം ആത്മരക്ഷക്കും ആരോഗ്യസംരക്ഷണത്തിനും വേണ്ട പരിമിതമായ അറിവും കൊടുത്തിരുന്നു. കാലാന്തരത്തിൽ ബുദ്ധജൈനമത പ്രചരണാർത്ഥം എത്തിയ അവധൂതൻമാരാണ് സാധാരണജനങ്ങളിലേക്ക് വിദ്യയുടെ കൈത്തിരിയുമായി കടന്നുചെന്നത്. ഈ അവധൂതൻമാരുടെ പാർപ്പിടം അറിയപ്പെട്ടത് പള്ളിയൻ എന്ന പേരിലാണ്. ഇവിടം വിദ്യാഭ്യാസകേന്ദ്രങ്ങളായി മാറി. അങ്ങനെയാണ് വിദ്യാകേന്ദ്രങ്ങളെ പള്ളിക്കൂടങ്ങൾ എന്ന് വിവക്ഷിക്കാൻ തുടങ്ങിയത്. ശ്രീ ശങ്കരന്റെ ആഗമനത്തോടെ ബുദ്ധ ജൈനമതങ്ങൾ അധപ്പതിക്കുകയും ഹിന്ദുമതം പുനരുദ്ധരിക്കപ്പെടുകയും ചെയ്തു. തുടർന്ന് ഉള്ള കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസത്തിന് ഒരു പിറകോട്ടടി അനുഭവപ്പെട്ടതായികാണാം.

ബ്രിട്ടീഷുകാരുടെ വരവും ക്രിസ്തീയമിഷനറിമാരുടെ പ്രവർത്തനവും ആധുനികവിദ്യാഭ്യാസത്തിന് അടിത്തറപാകി. ദിവാൻ മൺട്രോസായിപ്പിന്റെ 1817ലെ സൗജന്യവിദ്യാഭ്യാസപദ്ധതി (5മുതൽ 10വരെയുള്ള കുട്ടികൾക്കായി സർക്കാർ സ്കൂളുകൾ സ്ഥാപിക്കുക.) 1894-ലെ ട്രാവൻകൂർ എഡ്യൂക്കേഷൻ നിയമം (പ്രൈമറിക്ലാസുകളിലേക്ക് പൊതുപാഠ്യപദ്ധതി ഉണ്ടാക്കുകയും അദ്ധ്യാപകരുടെ യോഗ്യതനിർണ്ണയിക്കലും) 1904ലെ പ്രാഥമികവിദ്യാഭ്യാസം സൗജന്യവും സാർവത്രികവും ആക്കികൊണ്ടുള്ള ഉത്തരവുകളും സാധാരണജനത്തിന്റെ വിദ്യാഭ്യാസവളർച്ചയ്ക്ക് ആക്കം കൂട്ടി.

സർക്കാർ ജോലി കേരളത്തിലും പുറത്തുമുള്ള ബ്രാഹ്മണർക്ക് മാത്രമായി മാറ്റിവെയ്ക്കപ്പെട്ട ആ കാലത്ത് തിരുവിതാംകൂറിലെനായർക്കോ, ഈഴവനോ, ഇതരവിഭാഗങ്ങൾക്കോ സർക്കാർ ജോലി ലഭിയ്ക്കാതിരുന്നതിനെതിരെ ഒരു കൂട്ടം നായർയുവാക്കൾ പ്രതിഷേധിക്കുകയും മഹാരാജാവിന് മുൻപിൽ മെമ്മോറാണ്ടം സമർപ്പിക്കുകയുംചെയ്തു. (1594 ലെ മലയാളി മെമ്മോറിയൽ) ഇതേ കാലയളവിൽതന്നെ അവർ മലയാളിസഭയെന്ന പേരിൽ ഒരു സംഘടനരൂപീകരിക്കുകയും നാടിന്റെ വിവിധഭാഗങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. ഇത്തരം പ്രവർത്തനങ്ങളിൽ ആകൃഷ്ടരും, ആവേശഭരിതരുമായ ആനാട്ടുകാരായ ഏതാനും യുവാക്കളുടെ ശ്രമഫലമായി 1894 ൽ കളരിവാതുക്കൽ ക്ഷേത്രത്തിന് വടക്കുവശം ചങ്ങൻകുളങ്ങര ദേവസ്വം വക കൊട്ടാരം എന്നറിയപ്പെടുന്ന കെട്ടിടത്തിൽ ഒരു മലയാളം പ്രൈമറി സ്കൂൾ തുടങ്ങി. ഈ പ്രദേശത്ത് പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിലാക്കാക്കി തുടങ്ങിയ സ്കൂൾ ഇന്ന് രൂപവും ഭാവവും മാറി വളർന്ന് വലുതായി കുലശേഖരപുരം ഗവ:ഹൈസ്കൂൾ ആയിതീർന്നു. 1917 ൽ ആദിനാട് ശക്തികുളങ്ങര സ്കൂളും അതൊടൊപ്പം തന്നെ പുന്നക്കുളത്ത്താഴത്തോടത്ത് ആശ്രമം വകയായി ശ്രീ. നീലകണ്ഠതീർത്ഥപാദ സംസ്കൃത സ്കൂളും സ്ഥാപിതമായി. ഇന്നുകാണുന്ന മറ്റ് സ്കൂളുകൾ സ്വാതന്ത്ര്യാനന്തരം സ്ഥാപിതമായവയാണ്.

41,500(നാൽപ്പത്തോരായിരത്തി അഞ്ഞൂറോളം) വരുന്ന ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും മൂന്നു യു.പി. സ്കൂളുകളും, അഞ്ച് പ്രൈമറിസ്കൂളുകളുമുണ്ട്. തൊഴിലധിഷ്ടിതവിദ്യാഭ്യാസ കേന്ദ്രങ്ങളായ മാതാഅമൃതാനന്ദമയീ ഐ.റ്റി.സി, ഐഷാ മെമ്മോറിയൽ ഫാർമസി കോളേജ്, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ ടെക്നോളജി, പ്രീപ്രൈമറി അദ്ധ്യാപകട്രയിനിംഗ് സ്കൂൾ ഇവ കൂടാതെ ആറ് പ്രീപ്രൈമറി സ്കൂളുകളും മുപ്പത് അംഗൻവാടികൾ നാൽപത്(40) കുടിപ്പള്ളിക്കൂടങ്ങൾ ഇവ കൂടി ചേർത്താൽ കുലശേഖരപുരം പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തിന്റെ പൂർണ്ണരൂപം ലഭിയ്ക്കും.

താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ മേഖലാസ്ഥിതിവിവരക്കണക്ക് ചേർത്തിരിക്കുന്നു.

പ്രീപ്രൈമറി തലംമുതൽ പ്രഫഷണൽതലംവരെയുള്ള ക്ലാസ്സുകളിൽ 6,000ത്തോളം കുട്ടികൾ പഠിയ്ക്കുന്നു. ഇവരിൽ 51.5% പെൺകുട്ടികളാണ്. കഴിഞ്ഞ പത്തുവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ഓരോ വർഷം കഴിയുന്തോറും വിദ്യാർത്ഥികളുടെ എണ്ണം പടിപടിയായി കുറയുന്നതു കാണാം. ഇതിന്കാ

സ്കൂളിന്റെപേര്	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ഡിവിഷനുകൾ	അദ്ധ്യാപകർ
ഗവ: H.S കുലശേഖരപുരം	2284	1173	1111	54	66
ആദിനാട് ഗവ: U.P.S	909	484	425	24	28
കെ.എസ്.പുരം U.P.S	308	167	141	9	13
S.N.T.V. U.P.S. പുന്നകുളം	517	255	262	16	20
സൗത്ത്മുസ്ലീം L.P.S	475	236	239	12	14
പുന്നകുളം L.P.S	166	96	70	5	6
K.M.K.M. L.P.S	242	114	128	8	10
വെൽഫയർ L.P.S	165	71	94	6	6
ചങ്ങൻകുളങ്ങര L.P.S	270	121	149	7	10

രണങ്ങൾ പലതാണ്.

1 ജനനിരക്കിലുണ്ടായകുറവ്.

2. ഇംഗ്ലീഷ്മീഡിയം സ്കൂളുകളോടുള്ള അന്ധമായ സ്നേഹം.(നമ്മുടെ പഞ്ചായത്തിൽ ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ ഇല്ല.)

3. സ്കൂളുകളിൽനിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം.

4. അദ്ധ്യയന നിലവാരത്തിലുള്ള പോരായ്മ.

മൊത്തം 183 അദ്ധ്യാപകരുള്ളതിൽ 128 വനിതകളും 55പുരുഷൻമാരുണ്ട്. ആകെ അദ്ധ്യാപകരുടെ എണ്ണത്തിൽ 1985ന് ശേഷം കുറവുണ്ടായി എങ്കിലും വനിതാ അദ്ധ്യാപകരുടെ എണ്ണത്തിൽ 100%വർദ്ധനവ് ഉണ്ടായതായികാണാം.

ഭൗതിക സാഹചര്യം

ഈ പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ വളരെപരിമിതമാണെന്ന് കാണാം. ശരാശരി ഭൗതികനിലവാരം പുലർത്തുന്ന ഒരു സ്കൂളുപോലുംഎടുത്തുപറയത്തക്കതായി ഇല്ല.

1. കുലശേഖരപുരം ഗവ:ഹൈസ്കൂൾ

പ്രൈമറിതലം മുതൽ ഹൈസ്കൂൾതലം വരെ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു. കേരളത്തിൽ ഒരു പ്രൈമറിസ്കൂളിലും കാണാത്തതരത്തിൽ രണ്ടുമണിക്കൂർ വീതം ദൈർഘ്യമുള്ള നാല്ഷിഫ്റ്റുകളായിട്ടാണ് ഇവിടെ പ്രൈമറിവിദ്യാഭ്യാസം നടക്കുന്നത്. ഇതിന് മുഖ്യകാരണം ക്ലാസ്സ്മുറികളുടെ അപര്യാപ്തതന്നെ. മറ്റൊരു ന്യൂനത അദ്ധ്യാപകരുടെ കുറവും. ഇതോടൊപ്പം തന്നെ സ്കൂളിലെ ലബോട്ടറി, ലൈബ്രറി ഇവയും തൃപ്തികരമായി കുട്ടികളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നില്ല. കളിസ്ഥലത്തിന്റെ അഭാവം കുട്ടികളുടെ കായികവളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു. വിദ്യാർത്ഥികളുടെ കുറവിനും പരീക്ഷകളിലെ പിന്നോക്കാവസ്ഥയ്ക്കും ഇതൊക്കെതന്നെയാണ് കാരണങ്ങൾ എന്ന് മനസ്സിലാക്കാം.

2 ആദിനാട് ഗവ: യു.പി.സ്കൂൾ

ക്ലാസ്സ്മുറികളുടേയും അദ്ധ്യാപകരുടെയും കുറവ് ഷിഫ്റ്റ് സമ്പ്രദായം നിലനിർത്താൻ കാരണമായിട്ടുണ്ട്. കുട്ടികൾക്ക് പ്രാഥമികാവിശ്യത്തിനുള്ള മൂത്രപ്പുരപോലും ഇവിടില്ല. പഠനോപകരണങ്ങൾ ലൈബ്രറിപുസ്തകങ്ങൾ, ലാബോറട്ടറി ഉപകരണങ്ങൾ ഇവയുടെ അഭാവവും സ്കൂൾ അദ്ധ്യയനനിലവിരം ഉയരുന്നതിൽ തടസ്സം നിൽക്കുന്നു.

3. S.N.T.V U.P.S പുന്നപുരം.

ഇപ്പോൾ ഗവൺമെന്റ് ഉടമസ്ഥിയിലുള്ളതും വളരെ പരിമിതമായ സ്ഥലസൗകര്യത്തോടുകൂടിയതുമായ സ്കൂളാണിത്. ക്ലാസ്സ് മുറികൾ നിർമ്മിച്ച് കൊടുത്ത് ഷ്ഫ്റ്റ് സമ്പ്രദായം ഒഴിവാക്കേണ്ടതാണ്. സ്കൂളിലെ മറ്റ് ഭൗതികസാഹചര്യങ്ങൾ അപര്യാപ്തമാണ്. ക്ലാസ്സ മുറികളും പഠനോപകരണങ്ങളും ആവിശ്യത്തിന്ലഭിയ്ക്കുന്നു എങ്കിൽ അദ്ധ്യയനനിലവാരം മെച്ചപ്പെടുത്താൻസാഹചര്യങ്ങൾ നിലവിലുണ്ട്.

4. കുലശേഖരപുരം U.P.S

പ്രൈവറ്റ് മേഖലയിലുള്ളത്. സ്ഥലസൗകര്യങ്ങൾ ഏറെ. എന്നാൽ കുട്ടികൾകുറവ്. സ്കൂളിലെ പഠനസൗകര്യങ്ങളിലുള്ള കുറവും പരിസരവാസികളുടെ സഹകരണക്കുറവും കുട്ടികൾ കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൂടാതെ തൊട്ടടുത്ത ഗവ: യു.പി.എസ്സിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്കും ഒരു കാരണമാണ്. സാഹചര്യങ്ങൾ മെച്ചപ്പെട്ട് വരുമെങ്കിൽ അദ്ധ്യയനനിലവാരം പുലർത്താൻ പറ്റിയ സ്കൂളുകളാണ്.

5. പുന്നകുളം L.P.S (എയിഡഡ് സകൂൾ)

ആവശ്യത്തിന് ബ്ലാക്ക്ബോർഡുകൾ പോലും ഇല്ലാത്ത സ്കൂൾ. സ്കൂളിന്റെ പ്രവർത്തനം നിലനിർത്താൻ മാനേജ്മെന്റും രക്ഷിതാക്കളും അടിയന്തിരവും സത്വരവുമായ നടപടികൾ എടുക്കേണ്ടതുണ്ട്.

6. സൗത്ത് മുസ്ലീം L.P.S (എയിഡഡ് സ്കൂൾ)

കെട്ടിടസൗകര്യങ്ങൾ ഉണ്ട്. മറ്റ് പഠനസാഹചര്യം ഒരുക്കേണ്ടതുണ്ട്.

7. M.K.M. L.P.S പുത്തൻതെരുവ് (എയിഡഡ് സ്കൂൾ)

ആവിശ്യമായ കെട്ടിടവും ഉപകരണവും ഉണ്ട്. അദ്ധ്യനനിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായസാഹചര്യങ്ങൾ അടിയന്തിരമായും ഉണ്ടാകേണ്ടിയിരിക്കുന്നു.

8. ഗവ: L.P.S വവ്വാക്കാവ്

സ്കൂളിലെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതൊടൊപ്പം നിലവിലുള്ള ഓലഷെഡ് നീക്കം ചെയ്ത് സ്ഥിരമായ കെട്ടിടം ഉണ്ടാകുകയും ചെയ്താൽ ഈ സ്കൂളിലെ അദ്ധ്യനനിലവാരം ഉയർത്താൻ കഴിയും.

9. ഗവ: വെൽഫയർ L.P.S കുറുങ്ങപ്പള്ളി

നല്ലകെട്ടിടം വേണ്ടത്ര ഉപകരണങ്ങൾ എന്നാൽ വിദ്യാർത്ഥികൾ വളരെകുറവ് ചുറ്റുമുള്ള കുട്ടികൾ മറ്റ് സ്കൂളിലേയ്ക്ക് പോകുന്നതാണ് കാരണം. അതിനുള്ള കാരണം കണ്ടെത്തി പരിഹരിച്ചാൽ ഒരു നല്ലസ്കൂളായി ഇതിനെ നിലനിർത്തണം.

അംഗനവാടികൾ

30 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 12എണ്ണത്തിൽ മാത്രമേ സ്ഥലവും കെട്ടിവും സ്വന്തമായുള്ളു. ഇവയിൽ ഒന്നിലുംതന്നെ ആവശ്യമായ ഉപകരണങ്ങളോ കളിക്കോപ്പുകളോ ഇല്ല. അടിയന്തിരമായി ശേഷിച്ച 18 അംഗനവാടികൾക്കും കുടി സ്ഥലവും കെട്ടിടവും ഉണ്ടാക്കുകയും മറ്റ് സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്. പുറംപോക്കുകളോ ലക്ഷംവീടുകോളനികളിൽ ഒഴിപ്പിച്ചിട്ടുക്കുന്ന സ്ഥലമോ അംഗനവാടികളുടെ കെട്ടടനിർമ്മാണത്തിന്ഉപയുക്തമാക്കേണ്ടതാണ്.

പ്രീ പ്രൈമറി സ്കൂളുകൾ 6എണ്ണം ഉണ്ടെങ്കിലും അവയുടെ ഭൗതികസാഹചര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. ഫാർമസിക്കോളേജ്, ഐ.റ്റി.സി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ ടെക്നോളജി തുടങ്ങിയവ പ്രൈവറ്റ് മേഖലിയിൽ ആണെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇവയിൽ കുലശേഖരപുരത്ത് നിന്ന് തന്നെ കുടുതൽ കുട്ടികൾക്ക് പ്രവേശനം ലഭ്യമാക്കാൻ സത്വരനടപടികൾ കൈകൊള്ളണം. .

അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ S.N ലൈബ്രറി, അരുണോദയം ലൈബ്രറി ആന്റ് റീഡിംഗ് റും, മഹാത്മാ ഗാന്ധിസ്മാരക ഗ്രന്ഥശാല, സംസ്കാര സന്ദായനി വായനശാല ഇവയുടെ പങ്ക് ഗണനീയമാണ്. പഞ്ചായത്തിൽ രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ ഉണ്ടങ്കിലും കാര്യക്ഷമമല്ല. വയോജനവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. സാക്ഷരതാപ്രവർത്തനത്തിനത്തിന്റെ രണ്ടാംഘട്ടം കടലാസ്സുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഇതിന്റെ തുടർപ്രവർത്തനം അത്യാവശ്യമായി ഏറ്റെടുത്തേ കഴിയു.

പ്രശ്നങ്ങൾ

പഞ്ചായത്തിലുള്ള എല്ലാസ്കൂളുകലിലേയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ഇപ്പോൾ 50% കുട്ടികൾക്കായി ചുരുക്കിയ ഉച്ചക്കഞ്ഞിവിതരണം തീരദേശം എന്നപരിഗണനയിൽ എല്ലാകുട്ടികൾക്കും കൊടുക്കാൻ സാഹചര്യം ഉണ്ടാക്കണം. കുലശേഖപുരത്തെ ഒരു സ്കൂളിലും PTA മാതൃസംഗമം ഇവ ഫലവത്തായി പ്രവർത്തിക്കുന്നില്ല. ഇവയുടെ സംഘാടനത്തിൽ വന്ന പോരായ്മ പരിഹരിച്ച് അവയെ കർമ്മനിരതമാക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കുലശേഖരപുരം ഹൈസ്കൂളിൽ എങ്കിലും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾതുടങ്ങിയിരുന്നുവെങ്കിൽ മറ്റ് പഞ്ചായത്തുകളിലേക്ക് ഇംഗ്ലീഷ് മീഡിയം അന്വേഷിച്ചുള്ള കുട്ടികളുടെ പ്രയാണം തടയാൻ കഴിയുമായിരുന്നു. പ്രൈമറിക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികൾ കിലോമീറ്ററുകൾ സഞ്ചരിച്ച് സ്കൂളിൽ എത്തേണ്ടിവരുന്ന സാഹചര്യംനിലനിൽക്കുന്ന വാർഡുകളാണ്. 8,12 ഈ വാർഡുകളിൽ ഓരോ പ്രൈമറിസ്കൂളുകൾ സ്ഥാപിക്കേണ്ടതാണ്. രാത്രികാലങ്ങളിൽ സ്കൂളുകളിൽ ഉണ്ടാകുന്ന സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനങ്ങൾക്ക് അറുതിവരുത്താൻ സത്വരനടപടികൾ ഉണ്ടാകണം.

സാദ്ധ്യതകൾ

1. കുലശേഖരപുരം ഗവൺമെന്റ് ഹൈസ്കൂളിലെ പണിമുടങ്ങികിടക്കുന്ന കെട്ടിടത്തിന്റെ പണി അടിയന്തിരമായി തീർക്കുകയും, ആവിശ്യമായ ഉപകരണങ്ങൾ കുടിനിർമ്മിച്ച് ഷിഫ്റ്റ് സമ്പ്രദായം നീക്കം ചെയ്യുന്നതൊടൊപ്പം വരും വർഷംതന്നെ പ്ലസ്ടു വിദ്യാഭ്യാസം ആരംഭിക്കാൻ കഴിയും. അതിനുള്ള നടപടികൾ കാലവിളംബം കുടാതെ കൈക്കൊള്ളേണ്ടതാണ്.

2 സ്കൂൾകോംപ്ലക്സുകൾ ഫലപ്രദമായും ശാസ്ത്രീയമായും നടത്തി പഠനനിലവാരം മെച്ചപ്പെടുത്തുക.

3. അദ്ധ്യാപകർക്ക് അവരവർപഠിപ്പിക്കുന്ന വിഷയങ്ങൾക്ക് ഫലപ്രദമായരീതിയിൽ പരിശീലനം കൊടുക്കുക.

4. സ്കൂളുകളിൽ കുടെകുടെ അക്ഷരബോധവും അക്കബോധവും പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

5. സ്കൂളുകളിലെ ലൈബ്രറി, ലാബോറട്ടറി, സ്പോർട്സ് ഉപകരണങ്ങൾ ഇവ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ വിനിയോഗിക്കുന്നു എന്നു ഉറപ്പുവരുത്തുക.

6 P.T.A മാതൃസംഗമം ഇവകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഇതിലുടെ വിഭവസമാഹരണം നടത്തി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

7. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കേണ്ടി പ്രൈമറി സ്കൂളുകളിൽ എം.എൽ.എൽ

പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുക.

8. സ്കൂൾ പ്രവർത്തനങ്ങൾ നല്ലരീതിയിൽ സംഘടിപ്പിക്കപ്പെട്ട ജനകീയസമതികളുടെ നിരന്തരനിരീക്ഷണത്തിൽ കൊണ്ടുവരുകയും തകരാറുകൾ കണ്ടാൽ അപ്പപ്പോൾ ആവിശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

9. ജനകീയസമിതികൾ വർഷത്തിൽ നാലുതവണയെങ്കിലും കൂടി അവയുടെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

10. പാഠ്യ-പാഠേതര പ്രവർത്തനങ്ങളായ താഴെപറയുന്നകാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

a. ബാലസമാചം L.Pസ്കൂളുകളിൽ മാത്രം

b. പ്രതിവാരസാഹിത്യസമാചം U.P.S and H.S

c. സയൻസ് കോർണർ – L.P.S and U.P.S

d. സയൻസ് ക്ലബ്ബ് – H.S

e. സ്കൂൾ അസംബ്ലി ആന്റ് മാസ്ഡ്രിൽ

f. രക്ഷിതാക്കളെയും കൂട്ടിയുള്ള പഠനയാത്ര

G. സ്കൂൾ പരിസരം സംരക്ഷിക്കലും ആകർഷമാക്കലും.

h. നിർബന്ധിത കായികവിദ്യാഭ്യാസം

അനൗപചാരികവിദ്യാഭ്യാസമേഖലയിൽ ദേശീയപ്രസ്ഥാനത്തിന്റേയും നവോത്ഥാനപ്രസ്ഥനങ്ങളുടേയും പങ്ക് നിർണ്ണായകമായിരുന്നു. ഇത് പ്രവർത്തിമാർഗ്ഗത്തിൽ എത്തിക്കുന്നതിന് വായനശാലകൾ വഹിച്ചപങ്ക് നിസ്തുലമാണ്. ജനങ്ങളിൽ ദേശീയബോധവും രാഷ്ട്രീയ ഇച്ഛാശക്തിയും വളർത്താനും സാമൂഹിക സാംസ്കാരിക മേഖലകളിൽ സാരമായ മാറ്റം വരുത്താനും ഉതകി. നവോത്ഥാനപ്രസ്ഥാനങ്ങളുടെ ജനയിതാക്കളുടെ കൂട്ടത്തിൽ ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ എന്നിവർ അവിസ്മരണീയരായിരുന്നുവെങ്കിൽ സാമൂഹികപരിഷ്കർത്താക്കളായ അയ്യൻകാളി ഡോക്ടർ പൽപ്പു. മന്നത്തു പദ്മനാഭൻ എന്നിവരും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളവിദ്യാഭ്യാസവികാസ പരിണാമങ്ങളുടെ ചരിത്രത്തിൽ ക്രിസ്തീയ പുരോഹിതൻമാരും സാമുദായിക ആചാര്യൻമാരും രാഷ്ട്രീയ ധുരന്തരൻമാരും വഹിച്ചപങ്ക് നിസ്തുലമാണ്. പുതിയതലമുറയ്ക്ക് അവരെന്നും മാർഗ്ഗദർശ്ശികളാണ്.



കുടിവെള്ളം, ആരോഗ്യം.

ആരോഗ്യം

എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം സാധിതപ്രായമാക്കാൻ ഇനിയും ഏറെദൂരം സഞ്ചരിക്കേണ്ടതായുണ്ട്. കേരള പിറവിക്കുശേഷം ആരോഗ്യരംഗത്ത് നമുക്കുണ്ടായ നേട്ടം അനുകരണീയമാണെന്ന് മറ്റ് സംസ്ഥാനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ ആരോഗ്യരംഗത്തിന്റെ വികാസപരിണാമ ചരിത്രം പരിശോധിക്കുമ്പോൾ കേരളത്തിലെ അഷ്ടവൈദ്യകുടുംബങ്ങളും നാടാകെ ചുറ്റിനടന്നും അല്ലാതെയും ധർമ്മചികിത്സ നല്കിയിരുന്ന ആയുർവേദ, സിദ്ധ, യുനാനി, മർമ്മ ചികിത്സരകേയും അവരുടെ ത്യാഗോജ്ജ്വലമായ അർപ്പണമനോഭാവത്തേയും സേവന തല്പരതയേയും വിലയിരുത്താതെ പോകുന്നത് അനുചിതവും നന്ദികേടുമാണ്. നമ്മുടെ ആരോഗ്യരംഗത്തിന് അടിസ്ഥാനശിലപാകിയവരും മറ്റാരുമല്ല എന്നതിന് രണ്ടുപക്ഷമില്ല.

ജനകീയാരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് 1956-കളിൽ അലോപ്പതി ഹോമിയോ ചികിത്സാരീതികൾ കടന്നുവന്നു. ദേശീയ ശരാശരിയേക്കാൾ മരണനിരക്ക് വിശേഷിച്ചും, ശിശുമരണനിരക്ക് താഴ്ത്തിക്കൊണ്ടുവരുന്നതിനും സാംക്രമിക രോഗത്തിന്റെ പിടിയിൽ നിന്നും ഒരു പരിധി വരെ കേരളത്തെ മോചിപ്പിക്കുന്നതിനും വസൂരി, മലമ്പനി, ക്ഷയം, കുഷ്ഠം, തിമിരം തുടങ്ങിയ തീരവ്യാധികൾ എന്നു കരുതിയിരുന്ന രോഗങ്ങളെ കൈപ്പിടിയിൽ ഒതുക്കാനും കഴിഞ്ഞു. എഴുപതുകൾക്കുശേഷം നമ്മുടെ ആരോഗ്യരംഗം ഏറെക്കുറെ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ കുടുംബാസൂത്രണ മേഖലയിൽ ഒതുങ്ങുന്ന ഒരു ദുരവസ്ഥ ദർശിക്കാം. അതോടൊപ്പം കച്ചവടക്കണ്ണുമായി ഒരുപറ്റം ആൾക്കാർ നാടാകെ ആശുപത്രികളുമായി പ്രത്യക്ഷപ്പെടുകയും ചെയ്തു. അങ്ങനെ രോഗചികിത്സയ്ക്ക് പ്രാധാന്യം കൊടുക്കുകയും പ്രതിരോധ ചികിത്സാവിധികൾ കടലാസിൽ ഒതുക്കുകയും ചെയ്തതായി കാണാം.

കുലശേഖരപുരം പഞ്ചായത്തിലെ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളും ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല. 42000 ജനങ്ങൾ പാർക്കുന്ന ഈ പഞ്ചായത്തിൽ ആരോഗ്യപരിപാലന കാര്യങ്ങൾക്കായി ഒരു പ്രൈമറി ഹെൽത്ത്സെന്ററും 8 ഹെൽത്ത് സബ്സെന്ററുകളും മാത്രമാണുള്ളത്. ഇതിന്റെ തന്നെ പ്രവർത്തനങ്ങൾ ആശാവഹമല്ല. റേഡിയേഷനുമായി ബന്ധപ്പെട്ട രോഗനിർണ്ണയ പ്രവർത്തനങ്ങൾ നടത്തുന്ന റീജിയണൽ ക്യാൻസർ സെന്റർ ഫലവത്തായി പ്രവർത്തിക്കുന്നു. എങ്കിലും, ആരോഗ്യപരിപാലനാർത്ഥം അകലങ്ങളിലുള്ള ആശുപത്രികളെ ആശ്രയിക്കേണ്ട സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു. ഈ പ്രദേശത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന നാലും അലോപ്പതി നഴ്സിം ഹോമുകളും മൂന്ന് ഹോമിയോ ഡിസ്പെൻസറികളും നാല് ആയുർവ്വേദ ആശുപത്രികളും ഉണ്ട്. രോഗപ്രതിരോധ രംഗത്തുള്ള പ്രവർത്തനങ്ങൾ തികച്ചും അപര്യാപ്തമാണ്.

ശുദ്ധജലത്തിന്റെ ക്ഷാമം, പരിസരശുചീകരണത്തിലുള്ള അലംഭാവം ഇവ രോഗങ്ങൾ പരത്തുന്നതിന് ഇടയാക്കുന്നു. ജനുവരി മുതൽ ജൂൺ വരെയുള്ള 6 മാസക്കാലം പരക്കെ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഈ കാലത്ത് ജല അതോറിറ്റി വിതരണം ചെയ്യുന്ന



ജലം ഗുണനിലവാര പരിശോധന നടത്തിയതോ അണു വിമുക്തമാക്കിയതോ അല്ല. ഇതും പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നു. കേരളീയർ പൊതു ശുചിത്വം പാലിക്കുന്നവർ എന്ന് അവകാശപ്പെടുന്നുവെങ്കിലും പരിസരശുചീകരണത്തിൽ അത്ര കണ്ട് ശ്രദ്ധ പുലർത്തുന്നില്ല. ഏതാണ്ട് 90% ഭവനങ്ങളിൽ കക്കൂസ് ഉണ്ടെങ്കിലും ബോധവത്കരണത്തിന്റെ അഭാവം മൂലം മുന്തിയ പങ്ക് ആൾക്കാരും അത് വൃത്തിയായി ഉപയോഗിക്കുന്നില്ല. അതോടൊപ്പം തന്നെ പരിസരങ്ങൾ വിസർജ്ജനത്തിനായി ഉപയോഗിക്കുന്നതുമൂലം പരിസരമലിനീകരണത്തിന് ഇട വരുത്തുകയും പകർച്ചവ്യാധികൾക്കിടയാക്കുകയും ചെയ്യുന്നു.

അന്തരീക്ഷത്തിൽ ഉണ്ടാകുന്ന അസാധാരണ മാറ്റങ്ങൾ മൂലം പുതിയ പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ വൈറസ് രോഗങ്ങൾ നമ്മുടെ സമീപപ്രദേശങ്ങളിൽ വരെ പ്രത്യക്ഷപ്പെട്ടുതുടങ്ങി. അതിന് എതിരെ ജനങ്ങളെ ജാഗ്രതയുള്ളവരാക്കുന്നതിനോടൊപ്പം, ലോകം മുഴുവനും വിശേഷിച്ചും ഭാരതത്തിൽ കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുന്ന ഭീകരനായ എയ്ഡ് രോഗത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ ആരോഗ്യവിഭാഗം അറച്ചു നിൽക്കുന്നു. ഇത്തരം രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതുണ്ട്.

ആരോഗ്യം

പ്രശ്നങ്ങൾ-നിർദ്ദേശങ്ങൾ

1. 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന PH സെന്റർ 25 കിടക്കകളോടുകൂടിയ ആശുപത്രി വികസിപ്പിക്കുക.

2 P.H. സെന്ററിൽ കൂടുതൽ ഡോക്ടർമാരെയും പാരാക്ലിനിക് ജീവനക്കാരെയും നിയമിക്കുക.

3. രാത്രികാലങ്ങളിലും വൈദ്യസഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4. പഞ്ചായത്തിലെ 8 ഹെൽത്ത് സബ് സെന്ററുകളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുക

5. മിഡ്വൈഫറി സെന്ററിലെ ജീവനക്കാരുടെ സേവനം അതാത് സെന്ററുകളുടെ അതിർത്തിയിലുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക.

6. കെട്ടിടമില്ലാത്ത ഹെൽത്ത് സബ്സെന്ററുകൾക്ക് അടിയന്തിരമായി കെട്ടിടം നിർമ്മിച്ചുകൊടുക്കുക.

7. അംഗനാവിടകളിലെ കുട്ടികളുടെ ആരോഗ്യരക്ഷാ പ്രവർത്തനങ്ങളിൽ P.H. സെന്ററിന്റെ സഹായം എത്തിക്കുക.

8. പഞ്ചായത്തിൽ പൊതുവായികാണപ്പെടുന്ന തൊക് രോഗം, ആസ്തമ, വയറിളക്കം ഇവയുടെ നിർമ്മാർജ്ജനത്തിന് ആവശ്യമായ ബോധവത്കരണം നടത്തുക.

9. ഹെൽത്ത് വർക്കേഴ്സിന്റെ ഭവനസന്ദർശനം കൃത്യമായും ശുഷ്കാന്തിയോടും നടത്തുന്നതിന് നടപടിയെടുക്കുക.

10. കയർ, കശുവണ്ടി മേഖലയിലെ തൊഴിലാളികളിൽ കണ്ടുവരുന്ന തൊഴിൽജന്യരോഗങ്ങൾക്കെതിരെ ഫലപ്രദമായ ബോധവത്കരണം നടത്തുക.

11. ഇറച്ചിവെട്ടുകാർ അവശിഷ്ടങ്ങൾ കനാലിലും നീരൊഴുക്കുചാലിലും കശാപ്പുശാലയുടെ പരിസരങ്ങളിലും നിക്ഷേപിക്കുന്നതിന്റെ ഫലമായുണ്ടായകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം നേടുക.

12. മൂന്നോ, നാലോ വാർഡുകളെ ഒരു ബ്ലോക്കാക്കി അവയുടെ മധ്യഭാഗം കേന്ദ്രമാക്കി സർക്കാരുടമയിൽ ആയുർവ്വേദ, ഹോമിയോ ഡിസെപെൻസറികൾ സ്ഥാപിക്കുക.

13. കക്കൂസ് ഇല്ലാത്ത നിർദ്ധനഭവനങ്ങൾക്കെല്ലാം കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുക.

പഞ്ചായത്തിന് പൊതുവിൽ ഒരു സ്മശാനം നിർമ്മിക്കുക. ജനങ്ങളുടെ എതിർപ്പ് ഇല്ലാതാക്കാൻ വൈദ്യുതശ്മശാനം സ്ഥാപിക്കുന്നതിന് നടപടിയുണ്ടാക്കണം.

15. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ പിടിക്കുന്നതിനും നടപടിയെടുക്കുക.

18. പൊതുനിരത്തിന്റെ ഓരങ്ങളിൽ മത്സ്യവണ്ടികൾ നിറുത്തുന്നതു മൂലമുണ്ടാകുന്ന ആരോഗ്യപരിസ്ഥിതി പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കുക.

19. കൊതുകു നിവാരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുക.

20. വ്യാജമദ്യവിതരണത്തിനും നിർമ്മാണത്തിനുമെതിരേ ശക്തമായ നടപടികൾക്ക് പഞ്ചായത്ത് നേതൃത്വം നല്കുക.

21. 10-ാം വാർഡിൽ പുല്ലമ്പള്ളി തെക്കതിൽ പുരയിടത്തിൽ അപ്പോളോ ആശുപത്രിയിൽ നിന്നും കൊണ്ടുവരുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുകാരണം പരിസരവാസികൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കുക.

22. നമ്മുടെ പഞ്ചായത്തിൽ 13 ഐസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നു. ഇവയിൽ നിന്നും പുറത്തുതള്ളുന്ന ഉപ്പുവെള്ളം പ്ലാന്റുകളുടെ പരിസരത്തെ കിണറുകളിലേയും കുളങ്ങളിലേയും ജലം മലിനപ്പെടുന്നു. ഇതിനെതിരേ ആവശ്യമായ നടപടികൾ എടുക്കണം.

23. വ്യവസായങ്ങൾക്കും മറ്റും പഞ്ചായത്ത് ലൈസൻസ് കൊടുക്കുമ്പോൾ ഹെൽത്ത് ലൈസൻസ് നിർബന്ധിതമാക്കുക.

24. ഹോട്ടലുകളും മാർക്കറ്റുകളും കൂടെകൂടെ പരിശോധനാവിധേയമാക്കണം.

25. ഹോട്ടൽ ലൈസൻസ് നിർബന്ധിതമാക്കണം.

26. പഞ്ചായത്തിലെ കിണറുകൾ ക്ലോറിനേഷനുവിധേയമാക്കുക.

27. രോഗപ്രതിരോധ കുത്തിവെയ്പുകൾ കാലാകാലങ്ങളിൽ നടത്തേണ്ടതാണ്.

28. ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനംകാര്യക്ഷമമാക്കുകയും ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കലിനെതിരെ ശക്തിയായി നടപടിയെടുക്കുകയും ചെയ്യുക.

29. അതിഭീകരമായി പടർന്നുപിടിയ്ക്കുന്ന എയ്ഡ്സ് രോഗത്തിനെതിരെ ഫലപ്രദമായ പരിപാടികൾ ആസൂത്രണംചെയ്യുക.

30. പൊതുമാർക്കറ്റുകളിലും മറ്റുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത്തലത്തിൽ സംവിധാനംഉണ്ടാക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമായി നടത്തുകയും ചെയ്യുക.

31. P.H.സെന്ററിനോട് ചേർന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുക.

32. E.S.I ആശുപത്രയ്ക്ക് സ്ഥലം എടുത്തിട്ടുണ്ട്. ടി സ്ഥലത്ത് കിടക്കകളോട് കൂടിയകെട്ടിടം അടിയന്തിരമായി നിർമ്മിക്കുക.

33. തൊഴിലാളികൾക്ക് അടിയന്തിരവൈദ്യസഹായം ലഭിയ്ക്കുന്നതിനായി E.S.I ആശുപത്രയോട് ചേർന്ന് സ്റ്റാഫ് കോർട്ടേഴ്സ് നിർമ്മിക്കുക.

34. ഹോട്ടലുകളുടേയും, ചായക്കടകളുടേയും പരിസരശുചീകരണത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ കാര്യക്ഷമമായി ശ്രദ്ധിക്കുക.

കുടിവെള്ളം.

കുടിവെള്ളത്തിനുവേണ്ടി പണ്ടുകാലം മുതൽ ജനങ്ങൾ ആശ്രയിച്ചിരുന്നത് കുളങ്ങളേയും കിണറുകളേയുമാണ്. ഇന്ന് കുളങ്ങൾ ഏറെ ക്കുറെ അപ്രത്യക്ഷമായി കഴിഞ്ഞു. കുളങ്ങളും, കിണറുകളും മഴവെള്ളത്തിന്റെ സംഭരണികളാണല്ലോ. കുളങ്ങളുടെ അഭാവം, മഴവെള്ളം ഉപരിതലത്തിലൂടെ ഒഴുകി നഷ്ടപ്പെടാനും കായൽതീരങ്ങളിൽനിന്നും കൂടുതൽ ഉള്ളിലേക്ക് ഓരിന്റെ അംശംകടയ്ക്കാനും ഇടയാക്കി. ഇത് കൂടിവെള്ളപ്രശ്നം രൂക്ഷമാക്കി. അറുപതുകളിലാണ് ഭൂഗർഭജലം കുടിവെള്ള പ്രശ്നപരിഹാരത്തിന് നമ്മുടെ പഞ്ചായത്തിൽ ഉപയോഗിച്ചുതുടങ്ങിയത്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖല ഓരുവെള്ളമേഖലയായതിനാൽ പൈപ്പ്ജലവിതരണം ആരംഭിച്ചു. പഞ്ചായത്തിൽ ഭൂഗർഭജലം പമ്പ് ചെയ്തെടുക്കുന്ന മൂന്ന്പമ്പിംഗ് സ്റ്റേഷനുകളുണ്ട്. ഇതിൽനിന്നും പരിമിതമായ തോതിൽമാത്രമാണ് ജലം ലഭിയ്ക്കുന്നത്. പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിൽ പൊതുകിണറുണ്ടാക്കി കുടിവെള്ളപ്രശ്നം പരിഹരിക്കാനുള്ള ശ്രമം വിഫലമായി. ഭൂരിപക്ഷംകിണറുകളും ഉപയോഗശൂന്യമാക്കുകയോ, നശിപ്പിക്കപ്പെടുകയോ ചെയ്തു. പഞ്ചായത്ത് സ്റ്റേഡിയത്തിൽ 28ലക്ഷം രൂപാ ചിലവ് ചെയ്തു നിർമ്മിക്കുന്ന റാപ്പിഡ് ഡിസ്ട്രിബ്യൂഷൻ വാട്ടർ സിസ്റ്റത്തിന്റെ പണിപൂർത്തീകരിക്കപ്പെടേണ്ടതുണ്ട്.

പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ 12,13 വാർഡുകൾ ഉൾപ്പെടെ എല്ലാവാർഡുകളിലും ഇപ്പോൾ പൈപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്ത മറ്റ് ഭാഗങ്ങളിലും, അടിയന്തിരമായി പഞ്ചായത്ത് സ്റ്റേഡിയത്തിൽ പണിനടക്കുന്ന "റാപ്പിഡ് ഡിസ്ട്രിബ്യൂഷൻ വാട്ടർസിസ്റ്റ"ത്തിൽ നിന്നും ജലം എത്തിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

2. നിലവിലുള്ളതും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി ആശ്രയിക്കുന്നതുമായ കിണറുകളുടെ അറ്റകുറ്റപ്പണിയ്ക്ക് പഞ്ചായത്തിൽനിന്നും സഹായധനം കൊടുക്കുക.

3. കുടിവെള്ള പ്രശ്നപരിഹാരത്തിന് മഴവെള്ള സംഭരണികൾ സ്ഥാപിക്കുക.

4. നിലവിലുള്ള കിണറുകളിലെ ജലനിരപ്പ് ഭീതിജനകമാംവിധം താഴുന്നതിന് കാരണം മഴജലസംഭരണികൾ ഇല്ലാത്തതുമൂലവും അശാസ്ത്രീയമായ കുഴൽകിണറുകളുടെ നിർമ്മാണമൂലവും, ആകയാൽ മേൽപ്പറഞ്ഞകാരണങ്ങൾ മൂലമുള്ള ശുദ്ധജലക്ഷാമം ഒഴിവാക്കാൻ, പൊതുകുളങ്ങളുടെ നിർമ്മാണം, ഉള്ളവതന്നെ ആഴം കൂട്ടി സംരക്ഷിക്കാൻ ഇവ ബഹുജനപങ്കാളിത്തത്തോടെ അടിയന്തിരമായും ചെയ്യേണ്ടതാണ്.

5. കുടിവെള്ളത്തിനായി പൈപ്പുകളിലൂടെ കിട്ടുന്ന ജലം മാലിന്യങ്ങൾ നിറഞ്ഞതും, ദുർഗന്ധം വമിക്കുന്നതുമായി പലപ്പോഴും അനുഭവപ്പെടുന്നു. ആകയാൽ ജല വിതരണംചെയ്യുന്നതിനു മുമ്പ് ട്രീറ്റ്മെന്റ് നടത്തേണ്ടതാണ്.

6. കുടിവെള്ളം സൗജന്യമായി ലഭിക്കുന്നതിന് സൗകര്യം ഉണ്ടാക്കുക.

7. പൊതുടാപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

8. ജലമലിനീകരണം തടയാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുക.

9. ജലസംരക്ഷണത്തിന്റെ ആവശ്യം സംബന്ധിച്ച ബോധവൽക്കരണം നടത്തുക.

10. പൊതുകിണറുകൾ, അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.

11. തീരദേശമേഖലകളിൽ ഉപ്പ് വെള്ളമായതിനാൽ കുടുതൽ ടാപ്പു സ്ഥാപിച്ചുകുടിവെള്ളം എത്തിക്കുക.

പട്ടിക 2

കുട്ടികളുടെ പ്രായഘടന

ക്രമനമ്പർ	പ്രായഘടന	എണ്ണം
1	1വയസ്സുവരെ	296
2	1-2 "	330
3	2-3 "	954
4	3-5 "	1072
5	5-12 "	1200

പട്ടിക 3

പട്ടിക 1

ജനനമരണനിരക്ക്

സൂചിക 1000ന്

ക്രമനമ്പർ	വിഭാഗം	പഞ്ചായത്ത ശരാശരി	സംസ്ഥാന ശരാശരി
1	പൊതുമരണനിരക്ക്	6	5.9
2	ശിശുമരണനിരക്ക്	5	16
3	മാതൃമരണനിരക്ക്	<1	<1
4	ജനന നിരക്ക്	16.5	17

പ്രതിരോധ കുത്തിവെയ്പ്

D.T.P, പോളിയോ

	B.C.G	Polio Ist	IInd	IIIrd	Booster	മീസിൽസ്
ഒരുവയസ്സിന് താഴെ	296	252	24	226	180	180

മറ്റിനം പരിചരണംലഭിച്ച അമ്മമാരുടേയും കുട്ടികളുടേയുംവിവരം.

1 അയൺഫോളിക് ആസിഡ്ലഭിച്ച അമ്മമാർ 252

2 അയൺഫോളക്ക്ആസിഡ്ലഭിച്ച കുട്ടികൾ 750

3 വിറ്റാമിൻ Aതുള്ളിമരുന്ന് ലഭിച്ച കുട്ടികൾ 2034

4 ഗർഭിണികൾ T.Tലഭിച്ചവർ Ist 238 IInd 252

വ്യവസായം



വ്യവസായങ്ങളുടെ കാര്യത്തിൽ വികസനം എത്തിനോക്കിയിട്ടില്ലാത്ത പഞ്ചായത്താണ് കുല ശേഖരപുരം.

വ്യാവസായികമായി ഇന്ത്യയിലും കേരള ത്തിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഇവിടെ ഒട്ടും അനുഭവപ്പെട്ടിട്ടില്ല. പണ്ടുകാലംമുതൽക്ക് ഒരു കാർഷിക ഗ്രാമമായി നിലനിന്നിരുന്ന ഈ പ്രദേ ശത്ത് 50കളിൽ ചില പരമ്പരാഗത വ്യവസായ ങ്ങൾ നിലവിൽ വന്നതൊഴിച്ചാൽ വ്യവസായങ്ങൾ സ്ഥാപിക്കാനോ ഉൽപ്പാദനപരമായ മേഖല വളർത്തിയെടുക്കാനോ ഉള്ള ശ്രമങ്ങൾ ഉണ്ടായി ട്ടില്ല. ആധുനിക വ്യവസായങ്ങളെന്നു പറയാവു ന്നതായ ഒരു സംരംഭവും ഇവിടെ ജന്മമെടുത്തി ട്ടില്ല. കഴിഞ്ഞ രണ്ടുമൂന്ന് പതിറ്റാണ്ടുകളായി കാർഷികരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചമൂലം ബഹുഭൂരിപക്ഷംപേരും കാർഷിക തൊഴിൽമേഖല ഉപേക്ഷിച്ചെങ്കിലും വ്യാവസായി കരംഗത്ത് ചുവടുറപ്പിക്കുവാനോ അതിനുള്ള സാഹചര്യങ്ങൾ വളർത്തിയെടുക്കാനോ കഴിഞ്ഞി ട്ടില്ല. ഈ പ്രദേശത്തുനിന്ന് ധാരാളംപേർ തൊഴിൽ അന്വേഷിച്ച് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കോ ഗൾഫിലേയ്ക്കോ കുടിയേറുകയാണ് ചെയ്തത്. പ്രാദേശികമായി തൊഴിലെടുക്കാനുള്ള അവസ രങ്ങൾ ഒരുക്കാൻ കഴിയാതിരുന്നതുമൂലം തൊഴി ലില്ലായ്മയുടെ കെടുതി രൂക്ഷമായി നില നിൽക്കുന്ന പ്രദേശമാണിത്. കുലശേഖരപുരം ഗ്രാമപഞ്ചായത്തിനെ പുരോഗതിയിലേയ്ക്ക് നയി ക്കാൻ ത്വരിതമായ വ്യവസായ വികസനം മാത്രമേ വഴിയുള്ളൂ. ചെറുതും ഇടത്തരവുമായ അസംഖ്യം മൂലധന നിക്ഷേപ സാധ്യതകൾ കണ്ടെത്താനും കഴിയണം. വിപണി സാധ്യതയുള്ള പലതരം ഉൽപ്പന്നങ്ങൾ ഇവിടെ ഉൽപ്പദിപ്പിക്കാനും വിപ ണനം നടത്താനും കഴിയണം. ഇന്ന് മിഠായി മുതൽ ബിഡിവരെ നാട്ടിൻപുറങ്ങളിൽ വ്യാപക മായി വിറ്റഴിക്കപ്പെടുന്ന നൂറുകണക്കിന് ഉൽപ്പന്ന ങ്ങൾ അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് ഇവിടെ വിറ്റഴിക്കപ്പെടുകയാണ്. തൽഫലമായി ഈ ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധ പ്പെട്ട തൊഴിൽ അവസരങ്ങൾ നമുക്ക് നഷ്ടപ്പെ ടുന്നു. നമ്മൾ എല്ലാം വാങ്ങി ഉപയോഗിക്കുന്ന വെറും ഉപഭോക്താവ് മാത്രമാണ്. ഇതിന്റെ സ്ഥാനത്ത് ജനങ്ങളുടെ ദൈനദിന ജീവിതത്തിൽ ആവശ്യമായിവരുന്ന വൈവിദ്ധ്യമാർന്ന ഉൽപ്പന്ന ങ്ങൾ ഇവിടുത്തെ പ്രാദേശിക വിപണ സാദ്ധ്യത അനുസരിച്ച് ഉൽപ്പാദിപ്പിക്കാൻ കൂടി കഴിയണം. അത്തരം ഒരു തൊഴിൽ സംസ്ക്കാരംകൂടി രൂപ പ്പെടുത്തണം. ആ വഴിക്കുള്ള ശ്രമങ്ങളുടെ തുട ക്കമാകണം ഈ റിപ്പോർട്ടിന്റെ പരിശോധന

മുമ്പ് പറഞ്ഞതുപോലെ കാർഷികമേഖലയി ലുണ്ടായ തൊഴിലാളികളുടെ വൻ കൊഴിഞ്ഞുപോ ക്കിനിടയിൽ ഒരുവിധം നിലനിന്നിരുന്നത് പരമ്പ രാഗത വ്യവസായങ്ങളാണ്. ഇതിൽ കയർ, കശു വണ്ടി, തഴപ്പായ നെയ്ത്ത് തുടങ്ങിയ രംഗങ്ങളിൽ ധാരാളം പേർക്ക് വിശേഷിച്ച് സ്ത്രീകൾക്ക് തൊഴിൽ ലഭിച്ചിരുന്നു എന്നാൽ ഇവയെല്ലാം ഇന്ന് പ്രതിസന്ധിയുടെ വക്കിലാണ്. കാലോചിതമായ നവീകരണമോ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണമോ നടക്കാതിരുന്നതുമൂലം നമ്മുടെ പരമ്പരാഗതവിപണികൾ കൈവിട്ടുപോവുകയു ണ്ടായി. പടിഞ്ഞാറൻ വിപണികളിൽ നമ്മുടെ കശുവണ്ടിയും കയറും ശക്തമായ പ്രതിസന്ധി നേരിടുകയാണ്. ഇതിൽനിന്നും കരകയറുവാൻ സംസ്ഥാന അടിസ്ഥാനത്തിൽത്തന്നെ ഈ മേഖ ളയിൽ ആധുനികവൽക്കരണമുണ്ടാകണം. മാത്ര മല്ല, ശാസ്ത്രീയമായ യന്ത്രവൽക്കരണംവഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൂലിനിരക്ക് ഉയർത്താനും കഴിയണം. കയർ മേഖലയിലെ തൊഴിലിൽ അടങ്ങിയ ശാരീരിക ക്ലേശങ്ങൾ ഒഴി

വാക്കാൻ കഴിയണം. ആധുനിക വ്യവസായങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളും സ്ഥാപിക്കുകയും പരമ്പരാഗത വ്യവസായങ്ങൾ കാലോചിതമായി നവീകരിക്കുകയും ചെയ്തുകൊണ്ടുമാത്രമേ കുലശേഖരപുരം പഞ്ചായത്തിനെ കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ എത്തിക്കാൻ കഴിയും. ഇവിടുത്തെ ഗുരുതരമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും കഴിയും.

ആധുനിക വ്യവസായങ്ങൾ

കുലശേഖരപുരം പഞ്ചായത്തിലെ എടുത്തുപറയാവുന്ന വ്യവസായം "കേരഫെഡ്" ആണ്. നാളീകേരത്തെ അടിസ്ഥാനമാക്കിയുള്ളത്. ഈ വ്യവസായത്തിൽ വളരെക്കുറച്ച് തൊഴിൽ അവസരങ്ങളേ ഇപ്പോൾ ഉള്ളൂ. 35 സ്ഥിരം ജീവനക്കാരും 150 കാഷ്വൽ ലേബേഴ്സും ഇവിടെ പണിയെടുക്കുന്നു. "കേര" എന്ന ഗുണമേന്മയുള്ള വെളിച്ചെണ്ണയ്ക്ക് വലിയ പ്രചാരം ഇപ്പോൾത്തന്നെയുണ്ട്. വൻ കമ്പോള സാധ്യതയുള്ള ഈ വ്യവസായത്തിന് വളരാൻ ഒട്ടേറെ സാധ്യതകളുണ്ട്. കേരഫെഡ് സഹകരണമേഖലയിലാണ്. ഇതുകൂടാതെ, മറ്റൊരു ഇടത്തരം വ്യവസായ യൂണിറ്റാണ് ചെറുവാറ ഫുഡ് ഇൻഡസ്ട്രീസ്. ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന ഈ വ്യവസായത്തിന് കേരളത്തിലാകെ കമ്പോളമുണ്ട്. ആധുനിക യന്ത്രങ്ങൾ ഉപയോഗിക്കുന്ന ഈ വ്യവസായത്തിൽ 4 തൊഴിലാളികൾക്കേ തൊഴിൽ ലഭിക്കുന്നുള്ളൂ. ഇതിനുപുറമേ കുറേ ചെറുകിട വ്യവസായ യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നു. ഐസ് പ്ലാന്റ്, തടിമില്ല്, ഹോളോബ്രിക്സ്, ഇലക്ട്രോണിക്സ് ചോക്ക് നിർമ്മാണ യൂണിറ്റ്, ചെറുകിട എഞ്ചിനീയറിംഗ് യൂണിറ്റ് തുടങ്ങിയവ സ്വകാര്യമേഖലയിലാണ്. ഈ യൂണിറ്റുകളിൽ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ നന്നേ കുറവാണ്.

പരമ്പരാഗത വ്യവസായങ്ങൾ

കയർ: കുലശേഖരപുരം പഞ്ചായത്തിലെ I, V, VII, VIII വാർഡുകളാണ് കയർ വ്യവസായത്തിന്റെ മുഖ്യ കേന്ദ്രങ്ങൾ ഈ പ്രദേശത്ത് 1500ൽപ്പരം തൊഴിലാളികൾ കയർ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഭൂരിപക്ഷംപേരും സ്വകാര്യവ്യക്തികളുടെ പിരിക്കളത്തിലാണ് ജോലിചെയ്യുന്നത്. നാല് കയർ സഹകരണ സംഘങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. ഈ ജോലിയുടേതായ ശാരീരിക ബുദ്ധിമുട്ടുകളും താരതമ്യേന കുറഞ്ഞ വേതന നിരക്കും ഈ തൊഴിൽ രംഗത്തേയ്ക്ക് വരാനുള്ള തൊഴിലാളികളുടെ താൽപ്പര്യം കുറയ്ക്കുന്നു. പുതിയ തലമുറയിൽപ്പെട്ടവർ അധികം കയർ വ്യവസായത്തിലേയ്ക്ക് വരുന്നില്ല. ആവശ്യമായ യന്ത്രവൽക്കരണം ഏർപ്പെടുത്തിക്കൊണ്ട് മാത്രമേ ഉൽപ്പാദനം വർദ്ധിപ്പിക്കാനും വേതനം ഉയർത്താനും കഴിയൂ. കൂടാതെ, ശാരീരിക അദ്ധ്വാനം കുറയ്ക്കാനും സാധിക്കും. ഇതിനുതക്കവണ്ണം വ്യവസായം നവീകരിക്കുകയും തൊഴിലാളികളെ പരിശീലിപ്പിക്കുകയും വേണം. ചെറുകിട ഉൽപ്പാദകർക്ക് ന്യായവില ലഭിക്കുന്നതിന് സഹായകമായ നിലയിൽ കയർ ഫെഡ് പോലുള്ള സ്ഥാപനങ്ങളുടെ സംഭരണകേന്ദ്രം സ്ഥാപിക്കണം. കൂടുതൽ കമ്പോള സാധ്യതയുള്ളയിനം കയറിന്റെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കണം. കൂടാതെ, അസംസ്ക്കൃത വസ്തു എന്ന നിലയിൽ തൊണ്ട് സംഭരണവും വിതരണവും ഉണ്ടാകണം. ഇതിനൊക്കെപ്പുറമേ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കയർ ഉപയോഗിച്ച് കയറ്റുപായ കയറ്റുമെത്ത, ചവിട്ടി തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്ന കയർ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. ഈനിലയ്ക്ക് ശ്രദ്ധിച്ചാൽ ധാരാളം പേർക്ക് പുത്തൻ തൊഴിൽ അവസരങ്ങൾ കണ്ടെത്താൻ ഈ മേഖലയ്ക്ക് കഴിയും.

കശുവണ്ടി:

നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുമേഖലാ സ്ഥാപനമടക്കം ഏഴ് കശുവണ്ട് ഫാക്ടറികൾ പ്രവർത്തിക്കുന്നു. ഇവയിലെല്ലാംകൂടി 3000ത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്നു. കുലശേഖരപുരം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കശുവണ്ടിത്തൊഴിലാളികൾ ഉണ്ട്. ഈ പ്രദേശത്തിന്റെ സാമ്പത്തികജീവിതത്തിൽ കശുവണ്ടി വ്യവസായത്തിന് മുന്തിയ സ്ഥാനമാണുള്ളത്. എന്നാൽ ഈ വ്യവസായം വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. പൊതുമേഖലയ്ക്ക് ഈ വ്യവസായത്തിലുണ്ടായിരുന്ന കുത്തക തകർക്കപ്പെട്ടു. തൽഫലമായി മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിച്ചിരുന്ന KSCDC തൊഴിലാളികൾക്ക് ഇപ്പോൾ പണിയില്ല. ഒരുവർഷം പത്തോ പന്ത്രണ്ടോ ദിവസം മാത്രമേ

പ്രവർത്തിയുള്ളൂ. സ്വകാര്യ ഫാക്ടറികളിൽ കൂടുതൽ പേർ പണിയെടുക്കുന്നുവെങ്കിലും ഇവർക്ക് നിയമപരമായി കൂലിയോ ബോണസ്സോ മറ്റാനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഫാക്ടറികളിലെ തൊഴിൽ സാഹചര്യം മോശമാണ്. ഫാക്ടറികളിൽ ക്രഷേകൾ പ്രവർത്തിക്കുന്നില്ല. ESI പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഈ വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അസംസ്ക്കൃത വസ്തുവിന്റെ ദൗർലഭ്യതയാണ്. കേരളത്തിൽ വിളയുന്ന കശുവണ്ടി ഈ രംഗത്ത് തൊഴിൽ നൽകാൻ തികയുന്നില്ല. മാത്രമല്ല അതിന്റെ നല്ലൊരു പങ്ക് അന്യസംസ്ഥാനങ്ങളിലേയ്ക്ക് ചോരുകയും ചെയ്യുന്നു. ഇറക്കുമതിരംഗത്ത് മുൻകാലത്തേക്കാൾ മത്സരവും മറ്റ് പ്രശ്നങ്ങളും നിലനിൽക്കുന്നു. ഇതും അസംസ്ക്കൃത കശുവണ്ടിയുടെ ലഭ്യതയെ ബാധിച്ചിട്ടുണ്ട്. ഇതിന് പരിഹാരം കാണാൻ തക്കവിധം കശുമാവ് തോട്ടങ്ങൾ നിർമ്മിക്കുകയും കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും വേണം. കശുവണ്ടിയുടെ കുത്തകസംഭരണം നിലനിർത്തുകയും വേണം. കശുവണ്ടിയുടെ കുത്തകസംഭരണം നിലനിർത്തുകയും കശുവണ്ടികളുടെ കടത്ത് തടയുകയും വേണം. സ്വകാര്യ മുതലാളിമാരുടെ നിയമലംഘനം തടയണം. ഈ രംഗത്ത് പൊതുമേഖലയുടെ നഷ്ടപ്പെട്ട ശേഷി വീണ്ടെടുക്കുവാൻ കഴിയണം. എങ്കിൽ മാത്രമേ അരനൂറ്റാണ്ടിലേറെയായി ഇവിടെ നിലനിൽക്കുന്ന ഈ വ്യവസായത്തെ സംരംക്ഷിക്കുവാനും തൊഴിലാളികളെ നിലനിർത്തുവാനും കഴിയൂ. ഇതര പരമ്പരാഗത വ്യവസായങ്ങളായ ബീഡി, തഴപ്പായ നെയ്ത്ത് എന്നിവയും കുലശേഖരപുരം പഞ്ചായത്തിലുണ്ട്. വ്യക്തിഗതമായി ബീഡി തെറുപ്പ് നടക്കുന്നുവെങ്കിലും ഇത് ഒരു വ്യവസായമെന്നനിലയിൽ സംഘടിതമല്ല. പണ്ട് ബീഡി തെറുപ്പ് വ്യാപകമായിരുന്നുവെങ്കിലും ഇത് കുറഞ്ഞുവരികയാണ്. ബീഡിയുടെ കമ്പോളം സിഗറ്റും തമിഴ്നാട്ടിൽനിന്നും വരുന്ന പൊതി ബീഡിയും കൈയ്യടക്കിയിരിക്കുന്നു.

പഞ്ചായത്തിലെ കിഴക്കൻ വാർഡുകളിൽ തഴപ്പായ നെയ്ത്തുണ്ട്. എങ്കിലും മുൻകാലത്തെപ്പോലെ വ്യാപകമല്ല. പ്രധാനകാരണം തഴയുടെ അഭാവമാണ്. പറമ്പുകളുടെ അതിരുകളിൽ കൈത നട്ട് വേർതിരിക്കുന്ന പഴയ രീതിക്ക് പകരം മുള്ളുവേലിയും മതിലും സ്ഥാനം പിടിച്ചതുമൂലം തഴയുടെ അഭാവം നിലനിൽക്കുന്നു. കൂടാതെ നെയ്ത്തുകാർക്ക് തങ്ങളുടെ പായയ്ക്ക് തുച്ഛമായ വിലയേ ലഭിക്കുന്നുള്ളൂ. തഴപ്പായ വ്യവസായ പുനരുദ്ധരിക്കാൻ നല്ല സാധ്യതയുണ്ട്. പായ്, മറ്റ് കൗതുക വസ്തുക്കൾ, മെത്തപ്പായ്, എന്നിവയ്ക്ക് നല്ല കമ്പോള സാധ്യതയുമുണ്ട്. ഈ രംഗത്തെ പരമ്പരാഗത സാങ്കേതികവിദ്യകളും സംരക്ഷിക്കണം. ഇങ്ങനെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ വ്യവസായത്തിന്റെ സ്ഥിതി പരിശോധിക്കുമ്പോൾ ഈ രംഗത്ത് അടിസ്ഥാനപരമായ ചില ചുവടുവയ്പുകൾ നടത്തേണ്ടതുണ്ട്. പ്രാദേശികമായി വിഭവസമാഹരണം നടത്തിക്കൊണ്ടും മറ്റു മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടും നമ്മുടെ ഗ്രാമത്തിൽ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് രൂപം കൊടുക്കണം. വിപണന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള ഉൽപ്പാദന യൂണിറ്റുകൾ വഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിക്കും. അതുവഴി തൊഴിലില്ലായ്മയെന്ന സുപ്രധാനമായ ഒരു സാമൂഹിക പ്രശ്നത്തിന് പരിഹാരം കാണുവാനും കഴിയും.

പ്രശ്നങ്ങൾ

1. വ്യവസായരംഗത്ത് മുതൽമുടക്കാൻ പൊതുവേ താൽപ്പര്യം കാണുന്നില്ല.

2. ഏറ്റവും കുറച്ച് തൊഴിലാളികളെ വേണ്ടിവരുന്ന വ്യവസായങ്ങളോടാണ് പ്രതിപത്തി കാണുന്നത്.

3. വ്യവസായങ്ങൾ തുടങ്ങിയാൽ വിജയിപ്പിക്കാമെന്ന ആത്മവിശ്വാസമില്ല.

4. കൂടിൽ വ്യവസായങ്ങൾ യാതൊന്നുമില്ല.

5. വൈദ്യുതിയുടെ ലഭ്യതയിൽ കാലതാമസമുണ്ട്.

6. അസംസ്ക്കൃത പദാർത്ഥങ്ങളുടെ ലഭ്യത സുഗമമല്ല.

7. സഹകരണസ്ഥാപനങ്ങൾ തൊഴിലധിഷ്ഠിത വ്യവസായത്തിലേയ്ക്ക് വരുന്നില്ല.

8. പരമ്പരാഗത വ്യവസായങ്ങളിൽ ആധുനികവൽക്കരണമില്ല.

9. തൊഴിലാളികൾക്ക് യാതൊരു പരിശീലനവുമില്ല.

10 സ്ത്രീകൾ വ്യവസായ സംരംഭകരായി മുന്നോട്ടുവരുന്നില്ല.

11. ധനകാര്യസ്ഥാപനങ്ങളുടെ സമീപനങ്ങൾ പ്രോത്സാഹനജനകമല്ല.

12. വ്യവസായങ്ങൾ തുടങ്ങാൻ മുന്നോട്ടുവരുന്നവർക്ക് മതിയായ സാങ്കേതിക ഉപദേശമോ കാലവിളമ്പം കൂടാതെ ബന്ധപ്പെട്ട അനുമതികളോ ലഭിക്കുന്നില്ല.

സാധ്യതകൾ

1. ചെറുകിട വ്യവസായ യൂണിറ്റുകൾ ചേർന്ന് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക

2. പരമ്പരാഗത വ്യവസായങ്ങളായ കയർ തഴപ്പായ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ സ്ഥാപിക്കുക.

3. സഹകരണമേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ തുടങ്ങുക.

4. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക ഉപദേശവും മൂലധന നിക്ഷേപത്തിനുള്ള സൗകര്യവും ഏർപ്പെടുത്തുക.

5. സ്ത്രീകളുടെ നേതൃത്വത്തിൽ കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

6. ചെറുകിട-കുടിൽ വ്യവസായങ്ങളിൽ പ്രവർത്തിക്കാൻ തക്കവിധം വിവിധ തൊഴിൽ പരിശീലനം നൽകുക.

7. പഞ്ചായത്ത് തലത്തിൽ വിഭവസമാഹരണം നടത്തി മൂലധനം കണ്ടെത്തുക.

8. ഗൾഫ് മേഖലയിൽനിന്നും നാട്ടിലെത്തുന്ന പണം പുതിയ വ്യവസായ സംരംഭങ്ങളിൽ മുതൽമുടക്കാൻ പ്രേരിപ്പിക്കുക.

9. പഞ്ചായത്തിൽ ലഭ്യമായ അസംസ്ക്കൃത വസ്തുക്കളെ അടിസ്ഥാനമാക്കിയ വ്യവസായങ്ങളുടെ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുക.

10. വ്യവസായ സംരംഭകർക്ക് ആത്മവിശ്വാസം വളർത്താനുള്ള ബോധവൽക്കരണപരിപാടികൾ ഏർപ്പെടുത്തുക.

11. ഉൽപ്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത്തലത്തിൽസംവിധാനം ഏർപ്പെടുത്തുക.

12. ഇലക്ട്രോണിക്സ് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.





ഗതാഗതം ഊർജ്ജം



ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഈ ഗ്രാമവാസികൾക്ക് ഗതാഗതത്തിനുള്ള ഏക അവലംബം ജലമാർഗ്ഗം മാത്രമായിരുന്നു. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തി. T.S. കനാലാണ്. പ്രധാനമായും ബോട്ടും വള്ളവുമാണ് യാത്രയ്ക്കായി ഉപയോഗിച്ചുകൊണ്ടിരുന്നത്. യാത്രയ്ക്കും ചരക്കുഗതാഗതത്തിനും ഉപയോഗിച്ചിരുന്ന കടവുകളാണ്. വള്ളിക്കാവ്, തുറയിൽക്കടവ്, കാട്ടിൽകടവ് എന്നിവ. ഇതിന്റെ ഫലമായി ഈ ഭാഗങ്ങൾ ആദികാലംമുതൽക്കേ പ്രധാനപ്പെട്ട വ്യാപാരകേന്ദ്രങ്ങളായിരുന്നു.

ആധുനിക യാത്രാസൗകര്യങ്ങൾ വന്നതോടുകൂടി ജലഗതാഗതം പാടേ നിലച്ചമട്ടാണ്. ഇത് കൂടാതെ കര മാർഗ്ഗമുള്ള ഗതാഗതത്തിന് ആദ്യകാലത്ത് ആശ്രയിച്ചിരുന്നത് കാളവണ്ടിയും യാത്രാസൗകര്യത്തിന് കാളകളെ കെട്ടിയുള്ള വില്ല് വണ്ടികളുമായിരുന്നു. തലച്ചുമടായിട്ടും സാധനങ്ങൾ ഒരു ഭാഗത്തുനിന്നും മറുഭാഗത്തേക്ക് കൊണ്ടുപൊയ്കൊണ്ടിരുന്നു. അന്നത്തെ ചുമട്ടുകാർക്ക് ആശ്വാസമായിട്ടുണ്ടായിരുന്ന ചുമടുതാങ്ങികൾ നാടിന്റെ നാനാഭാഗത്തും കാണാവുന്നതാണ്.

ഈ പഞ്ചായത്തന്റെ കിഴക്കൻ മേഖലയിൽ കൂടി തെക്കുവടക്കായി മുന്ന കിലോമീറ്റർ ദൂരത്തിൽ നാഷണൽഹൈവേ 47 കടന്നുപോകുന്നു. ഇത് ആദ്യകാലത്ത് ചരക്കുകൾ കൊണ്ടുപോകുന്നതിനും യാത്രയ്ക്കും വേണ്ടി ഉപയോഗിച്ചിരുന്ന നടപ്പാത ആയിരുന്നു. സി.പി. രാമസ്വാമി അയ്യരുടെ കാലത്താണ് ഇത് ഒരു പ്രധാന റോഡായി മാറിയത്. കാളവണ്ടിയ്ക്ക് പുറമേ ആവി എൻജിൻ ഘടിപ്പിച്ച വണ്ടികളായിരുന്നു ഉപയോഗിച്ചിരുന്നത്. ഇത് കൂടാതെ ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മറ്റ് റോഡുകളുടെ പൂർണ്ണവിവരം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിയ്ക്കുന്നു.

റോഡുകൾ		നീളം
P.W.D	-	42കി.മീ
പഞ്ചായത്ത് താർചെയ്തത്	-	7.092 കി.മി
മെറ്റൽ	-	1.800 കി.മീ
ഗ്രാവൽ	-	94.399 കി.മി
കച്ചാ	-	17.48 കി.മീ

ഇത്രയൊക്കെ റോഡുകൾ ഉണ്ടെങ്കിലുംസമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് ജനസാന്ദ്രതകൂടുതലുള്ള ഈ പഞ്ചായത്തിൽ ഗതാഗതത്തിന് ജനങ്ങൾ കൂടുതൽ ബുദ്ധിമുട്ടിച്ച് അനുഭവിയ്ക്കുന്നു. ഇതിൽ ഉൾപ്പെടുത്തിയുള്ള. ഗ്രാവൽറോഡുകളും കച്ചറോഡുകളും മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് കാരണം ഗതാഗതയോഗ്യമല്ല. 1957 ൽനിലവിൽ വന്ന കൊല്ലം എറണാകുളം റെയിൽവേ ലൈൻ ഈ പഞ്ചായത്തിന്റെ വടകക്കുകിഴക്കുഭാഗത്തുകൂടി കടന്നുപോകുന്നു. ഈ പഞ്ചായത്തിന്റെ പരിധിയിൽ റെയിൽവേസ്റ്റേഷൻ ഇല്ലാത്തതുകൊണ്ട് കരുനാഗപ്പള്ളി അല്ലെങ്കിൽ കായംകുളം സ്റ്റേഷനെ ആശ്രയിച്ചാണ് ഇവിടുത്തെ ആളുകൾ ട്രയിൻ യാത്രചെയ്യുന്നത്.

നാഷണൽ ഹൈവേനമ്പർ 47 ഈ പഞ്ചായത്തിൽ തെക്ക് വടക്ക് എത്തിച്ച് പോകുന്നുണ്ടെങ്കിലും ഇവിടെ ബസ്സ്റ്റേഷൻ ഇല്ല. ഇവിടുത്തെ ജനങ്ങൾ ബസ്കൂടാതെ പ്രധാനയാത്രയ്ക്ക് ഉപയോഗിക്കുന്നത് ഇരുചക്രവാഹനങ്ങളും ആട്ടോടാക്സി മുതലായവയും ആണ്. ഇവിടുത്തെ പ്രധാന ടാക്സി – ഓട്ടോറിക്ഷാ സ്റ്റാന്റുകൾ പുതിയകാവ്, വവ്വാക്കാവ്, വള്ളിക്കാവ് എന്നിവിടങ്ങളിലാണ്. ഈ സ്റ്റാന്റ് റുകൾക്ക് പ്രത്യേകം സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതിനാൽ റോഡ്സൈഡുകളാണ് സ്റ്റാൻഡായി ഉപയോഗിക്കുന്നത്.

പ്രശ്നങ്ങൾ

1. പലവാർഡുകളിലും അത്യവിശ്യഗതാഗതത്തിനുള്ള റോഡുകളില്ല.

2. നിലവിലുള്ള പല റോഡുകളും ഗതാഗതയോഗ്യമല്ല.

3. പല റോഡുകളിലും ആവശ്യമായ ഭാഗങ്ങളിൽ

വേണ്ടത്ര ഓടകളില്ല.

4. മഴക്കാലത്ത് കയറിനിൽക്കാൻ ബസ്സ്റ്റോപ്പുക ളിൽ വെയിറ്റിംഗ് ഷെഡില്ല.

5. റോഡുകൾക്ക് പൊതുവേ വീതി കുറവാണ്. എതിരെ വരുന്ന രണ്ടുവാഹനങ്ങൾക്ക് പരസ്പരം കട ന്നുപോകാനുള്ള വീതിപോലും പലയിടത്തും ഇല്ല.

6. സമയാസമയങ്ങളിൽ റോഡുകൾക്ക് അറ്റകുറ്റപ്പ ണികൾ ചെയ്യാറില്ല.

7. തീരദേശത്ത് ഉള്ളവർക്ക് N.H 47ൽ എത്തുന്ന തിന് വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു.

സാദ്ധ്യതകൾ

1. ജനങ്ങളുടെ സന്നദ്ധപ്രവർത്തനത്തോടുകൂടി എല്ലാറോഡുകൾക്കും അത്യാവിശ്യം വേണ്ടഭാഗങ്ങളിൽ ഓടകളും,കലുങ്കുകളും നിർമ്മിക്കുക.

2. ഗ്രാമസഭകളിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രാധാന റോഡുകളെ മുൻഗണനാ ക്രമത്തിൽ ടാർചെയ്യുക.

3. പൊതുജനപങ്കാളിത്തത്തോടുകൂടി റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക.

4. റോഡ് സംരക്ഷണത്തിന് ദേശീയജനകീയ സമി തികൾ രൂപീകരിയ്ക്കുക.

5. റോഡ്നിർമ്മാണ ഘട്ടത്തിൽ സാങ്കേതികവിദഗ്ധ രുടെ ശ്രദ്ധക്കുറവ്, ഗുണനിലവാരം കുറഞ്ഞ നിർമ്മാ ണസാമഗ്രികളുടെ ഉപയോഗം. നിർമ്മാണവസ്തുക്ക ളുടെ ശോഷണം എന്നിവ പൂർണ്ണമായി ഒഴിവാക്കാൻ ജനകീയസമിതികളുടെ മേൽനോട്ടം ഉറപ്പ് വരുത്തുക.

6. എല്ലാ റോഡുകളും ശാസ്ത്രീയമായി സർവ്വേ ചെയ്യുകയും അന്യാധീനപ്പെട്ട് സ്ഥലങ്ങൾ വീണ്ടെടുക്കു കയും ചെയ്യുക.

7. മുൻഗണനാ ക്രമത്തിൽ പുതിയറോഡുകൾ നിർമ്മിക്കാൻ സന്നദ്ധസംഘടനകളുടെ സേവനം ഉപ യോഗിക്കുക.

8. പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിൽ മേൽക്കൂര യുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക. ഇതിനു വേണ്ടു ന്നധനം ഗ്രാമവാസികളിൽ നിന്നും സ്വരൂപിക്കാവുന്ന താണ്.

9. വള്ളിക്കാവ്, തുറയിൽക്കടവ്, കാട്ടിൽകടവ് എന്നി വിടങ്ങളിൽ നിന്ന് NH 47 ലേക്ക് നേരിട്ട് എത്തുന്നതിന് വേണ്ടി യഥാക്രമം വവ്വാക്കാവ്, പുത്തൻതെരുവ്, പുതി യകാവ്, എന്നീജംഗ്ഷൻ വഴി മാവേലിക്കര,കൊട്ടാര ക്കര,അടൂർ, പത്തനംതിട്ട എന്നിവിടങ്ങളിലേക്ക് ബസ്സ് സർവ്വീസുകൾ ഏർപ്പെടുത്തുക.

10. ടാർ റോഡുകളുടെ ഇരുവശങ്ങളിലും ഗ്രാവൽ ഇട്ട് ശരിയാക്കുക.

11. ഗതാഗതത്തിന് തടസ്സം ഉണ്ടാക്കുന്ന വിധത്തിൽ നിൽകുന്ന ടെലഫോൺ പോസ്റ്റ്, ഇലക്ട്രിക് പോസ്റ്റ്, സയിൻബോർഡ് എന്നിവകൾ സൈഡുകളിലേക്ക് മാറ്റി സ്ഥാപിക്കുക.

12. ഓടകളോട് കൂടി മാത്രമേ റോഡുകൾ നിർമ്മി ക്കാവു.

13. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ പരി സ്ഥിതി പ്രശ്നം ഉണ്ടായില്ല. എന്ന ഉറപ്പ് വരുത്തുക.

14. കൊല്ലം ആലപ്പുഴ ബോട്ട് സർവ്വീസ് പുനരാരം ഭിക്കുക. സ്പീഡ്ബോട്ടുകൾ യാത്രക്കാരെ കൂടുതലായി ആകർഷിക്കാൻ ഉതകും.

15. T.S കനാലിന്റെ ആഴം കൂട്ടിയും സൈഡുകൾ കെട്ടിയും ജലഗതാഗതം സുഗമമാക്കണം.

16. വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക രീ തിയിൽ T.S കനാലിന്റെ തീരങ്ങൾ സംരക്ഷിക്കുക.

ഊർജ്ജം

ആധുനിക സമൂഹത്തിന്റെ നിലനിൽപ്പ്തന്നെ വിവിധ ഊർജ്ജരൂപങ്ങൾ നിരന്തരം ഉപയോഗിച്ചുകൊ ണ്ടാണ്. ഇന്ന് മനുഷ്യന്റെ നിത്യജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളും ഊർജ്ജത്തെ ആസ്പദമാക്കിയിരി ക്കുന്നു. മനുഷ്യന്റെ അമിത ഉപഭോഗം മൂലം ലോക വ്യാപകമായിത്തന്നെ ഊർജ്ജത്തിന്റെ ഉറവകൾ വറ്റി ക്കൊണ്ടിരിക്കുകയാണ്. കേരളം നേരിടുന്ന വർത്തമാന കാല പ്രതിസന്ധികളിൽ പ്രധാനം ഊർജ്ജക്ഷാമമാണ്. കൃഷിക്കും വ്യവസായത്തിനും താങ്ങാകേണ്ട, അതുവഴി കേരളത്തെ പുരോഗതിയിലേയ്ക്കു യർത്തേണ്ട വൈദ്യുതി മേഖലയുടെ സ്ഥിതി നിരാശാ ജനകമാണ്. വൈദ്യുതിയ്ക്കുപുറമേ ഇന്ന് പരക്കെ ഉപയോഗത്തി ലുള്ള ഊർജ്ജ വസ്തുക്കൾ വിറക്, മണ്ണെണ്ണ,

പട്ടിക – 1

പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കളുടെ കണക്ക്.

a.	*ഗാർഹികം*	*5756*
b.	*വ്യാപാരം*	*752*
c.	*വ്യാവസായികം*	*102*
d.	*കാർഷികം*	*67*

പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയണ്. ഇവയുടെ ദൗർലഭ്യവും അടിയ്ക്കടിയുണ്ടാകുന്ന വിലക്കയറ്റവും കേരളീയരെ എന്നപോലെ കുലശേഖരപുരം പഞ്ചായത്തിലെ ജനങ്ങളേയും ശ്വാസം മുട്ടിക്കുകയാണ്.

ജനസംഖ്യാ വർദ്ധനവും അമിതമായ ഉപഭോഗവും മൂലം ഊർജ്ജദായക വസ്തുക്കളുടെ ലഭ്യത അനുനിമിഷം കുറഞ്ഞുകൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ഊർജ്ജ ലഭ്യതയുടെ സ്ഥിതിയും ഏറെ ശോചനീയമാണ്. കുലശേഖരപുരത്തെ 13000ത്തിൽപ്പരം കുടുംബങ്ങളുടെ പാചകമടക്കമുള്ള ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. എന്നാൽ, ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള ചെറിയൊരു ശതമാനം ആളുകൾ അമിതമായ ഊർജ്ജ് ഉപഭോഗം നടത്തുകയും ചെയ്യുന്നുണ്ട്. ഈ നിലയിൽ സമൂഹത്തിലെ ഊർജ്ജ ഉപഭോഗത്തിൽ വലിയ അന്തരമാണ് നിലവിലുള്ളത്. നമ്മുടെ പഞ്ചായത്തിലെ മിനിമം ഊർജ്ജാവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനുള്ള വഴി കണ്ടെത്തണം. ദീർഘവീക്ഷണത്തോടെ ഇതിനുള്ള പരിപാടികൾ ആസൂസൂത്രണം ചെയ്യുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം. അതിനുള്ള ശ്രമമാണ് ഈ റിപ്പോർട്ടിൽ.

വിവിധ ഊർജ്ജ രൂപങ്ങളുടെ ലഭ്യതയും ഉപഭോഗവും

1. വൈദ്യുതി:

കുലശേഖരപുരം പഞ്ചായത്തിലെ വൈദ്യുതി ഉപയോഗത്തിന്റെ ഏറിയ പങ്കും ഗാർഹിക ആവശ്യങ്ങൾക്കാണ്. വ്യവസായങ്ങൾ പൊതുവിൽ കുറവായ ഈ പ്രദേശത്ത് ആയിനത്തിലുള്ള വൈദ്യുതി ഉപയോഗവും കുറഞ്ഞിരിക്കുന്നു. കേരഫെഡും ഒരു സ്വകാര്യ ഭക്ഷ്യവസ്തു നിർമ്മാണശാലയുമൊഴിച്ചാൽ ഫാക്ടറി യെന്നുപറയാവുന്നതൊന്നും ഇവിടെയില്ല. പിന്നെയുള്ളത് ഐസ്പ്ലാന്റ്, സാമിൽ, ഹോളോ ബ്രിക്സ് യൂണിറ്റ്, ഫ്ളവർ മില്ലുകൾ, ചെറുകിട എഞ്ചിനീയറിംഗ് ഷോപ്പുകൾ വ്യാപാര സ്ഥാപനങ്ങൾ എന്നിവയാണ്. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ ഉപയോഗം വളരെ കുറവാണ്.

വൈദ്യുതിയുടെ വിതരണത്തിലും ഉപഭോഗത്തിലും നിരവധി അശാസ്ത്രീയതകളുണ്ട്. പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്താത്ത നിരവധി നിർദ്ദേശങ്ങളുണ്ട്. എല്ലാ വാർഡിലും പൊതുവിൽ നിലനിൽക്കുന്ന പ്രശ്നമാണ് വോൾട്ടേജ് ക്ഷാമം. ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ വൈദ്യുതി ബോർഡിന്റെ ഓച്ചിറ, കരുനാഗപ്പള്ളി നോർത്ത് മേജർ സെക്ഷനുകളിൽനിന്നാണ് വൈദ്യുതി വിതരണം നടക്കുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 27 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.

വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ പല ട്രാൻസ്ഫോർമറുകളുടേയും ശേഷി വർദ്ധിപ്പിക്കേണ്ടതാണ്. പുതിയവ സ്ഥാപിക്കുകയും വേണം. അതുപോലെതന്നെ പഴഞ്ചൻ ശൃംഖലകൾ മാറ്റുകയും വൈദ്യുതി ലൈനിൽ തട്ടിക്കിടക്കുന്ന വൃക്ഷലതാദികൾ യഥാസമയം വെട്ടിമാറ്റുകയും വേണം. വൈദ്യുതി ഉപഭോഗത്തിൽ ധൂർത്തും പാഴ്ച്ചെലവും പൊതുവിലുണ്ട്. സ്ലാബ് സമ്പ്രദായമായതിനാൽ അനുവദിക്കപ്പെട്ട വൈദ്യുതി മുഴുവൻ ഉപയോഗിക്കുവാനുള്ള പ്രവണത കാണുന്നുണ്ട്. ഇതിന് പരിഹാരം കാണാൻ സെൽഫ് മീറ്റർ റീഡിംഗ് സമ്പ്രദായം നടപ്പിലാക്കണം. സാമ്പത്തികമായി ഉയർന്ന കുടുംബങ്ങളിൽ എല്ലാ വൈദ്യുതോപകരണങ്ങളും യഥേഷ്ടം ഉപയോഗിക്കുന്നു. ടി.വി., ഫാൻ, ഫ്രിഡ്ജ്, മിക്സി, മോട്ടാർ, എയർ കണ്ടീഷണർ, ഇലക്ട്രിക് അയൺ ഗ്രൈൻഡർ എന്നിവ യാതൊരു തത്വദീക്ഷയുമില്ലാതെ പ്രവർത്തിപ്പിക്കുന്നുണ്ട്. രണ്ടും മൂന്നും സ്റ്റെപ്പ്അപ്പ് വച്ച് വൈദ്യുതി ചോർത്തുന്നതിനാൽ സാധാരണ ഉപഭോക്താക്കൾക്ക് വെളിച്ചംപോലും കിട്ടാത്ത സ്ഥിതിയുണ്ട്. ഉത്സവങ്ങൾക്കും മറ്റ് ആഘോഷങ്ങൾക്കും കൊഴുപ്പുകൂട്ടുന്നതും വൈദ്യുതി ദുർവ്യയം ചെയ്താണ്. ഇതിന് മാറ്റം വരണം. വൈദ്യുതി ഉപയോഗം സംബന്ധിച്ച് ശരിയായ ബോധവൽക്കരണം അത്യാവശ്യമാണ്. ഗാർഹികാവശ്യങ്ങളിലൂടെ പാഴാക്കുന്ന വൈദ്യുതി നാടിന്റെ സാമ്പത്തിക ഉൽപ്പാദനരംഗത്ത് ഉപയോഗിക്കാൻ കഴിയണം. വൈദ്യുതി ബോർഡിന്റെ സേവനത്തെ സംബന്ധിച്ച് ഒട്ടേറെ ആക്ഷേപങ്ങൾ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. അതിനും പരിഹാരം കാണണം.

കുലശേഖരപുരം പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ സ്ഥിതിയും തൃപ്തികരമല്ല. ഭൂരിപക്ഷം തെരുവുവിളക്കുകളും കത്തുന്നില്ല. ചീത്തയാവുന്ന ബൾബുകളോ ട്യൂബുകളോ യഥാസമയം മാറ്റിയിടാൻ ബോർഡ് അധികൃതർ തയ്യാറാവുന്നില്ല. എന്നാൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കഴിഞ്ഞവർഷം 1,58,592 രൂപ പഞ്ചായത്ത് അടയ്ക്കുകയുണ്ടായി.

പട്ടിക – 2

ക്രമനം.	നിലവിലുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ	KVA	വൈദ്യുതി വിതരണം നടക്കുന്ന വാർഡുകൾ
1.	പുതിയകാവ്	250	10,11
2.	റൂബി	160	10,11
3.	തൊണ്ടുകട	250	10,11
4.	അൽമദീന	100	10,11
5.	കവിയിൽ –I	250	12,13
6.	കവിയിൽ – II	160	12,13
7.	പനമൂട്ടിൽ	100	13
8.	അൽ താജ്	160	12,13
9.	എം.ജി.ഐസ്	100	12,13
10.	ശാസ്താം പൊയ്ക	100	13,14
11.	ഷാലിമാർ	63	12,13
12.	ഹൈടെക്	100	12,13
13.	നീലികുളം	250	10,11,12
14.	വവ്വാക്കാവ്	250	2,3,12
15.	കളരിവാതുക്കൽ	100	2,3
16.	കെ.എസ്.പുരം	100	3,12
17.	പുലിയൻ കുളങ്ങര	100	3,12
18.	പുന്നക്കുളം	160	6,9,10
19.	തുറയിൽക്കടവ് – I	160	4,5,6,7
20	തുറയിൽക്കടവ് – II	100	4,5
21.	മരങ്ങാട്ട് മുക്ക്	63	6,7,8
22.	ആലോചനമുക്ക്	100	6,7,8
23.	വള്ളിക്കാവ് – I	160	1,5
24.	വള്ളിക്കാവ് – II	100	1,2
25.	കുരിശുംമൂട്	100	14
26.	കൊറ്റമ്പള്ളി	160	14

ഇനിയും ഒട്ടേറെ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ എത്താനുണ്ട്. അതിനുള്ള വഴി കണ്ടെത്തിയേ മതിയാവൂ. പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും ദൈനംദിന ജീവിതത്തിൽ ആശ്രയിക്കുന്ന മുഖ്യ ഊർജ്ജ സ്രോതസ്സാണ് വിറക്. പാചകാവശ്യത്തിനുള്ള വിറക് കണ്ടെത്തുന്നത് ഭൂരിപക്ഷം കുടുംബങ്ങളേയും അലട്ടുന്ന പ്രശ്നമാണ്. നാട്ടിൻപുറത്തെ വിറക് ഉപയോഗത്തിന്റെ മുഖ്യപങ്കും തെങ്ങിൽനിന്നാണ് ലഭിക്കുന്നത്. ഉപഭോഗത്തിലുണ്ടായിട്ടുള്ള വൻ വർദ്ധനവ് വിറക് ക്ഷാമം രൂക്ഷമാക്കിയിരിക്കുന്നു. ഈ പ്രദേശത്ത് വിറക്

മരങ്ങൾ മനുഷ്യൻ ഉപയോഗിക്കുന്നതനുസരിച്ച് വച്ചു പിടിപ്പിക്കുന്നില്ല. കിഴക്കൻ പ്രദേശങ്ങളിൽനിന്ന് കൊണ്ടു വരുന്ന വിറകിന് കിലോയ്ക്ക് 1.25 രൂപവരെ വിലയുണ്ട്. ഇങ്ങനെ വിറക് വാങ്ങി ഉപയോഗിക്കുവാൻ കഴിയാത്ത നിർദ്ധനരായ കുടുംബാംഗങ്ങൾ പാചകാവശ്യത്തിന് കശുവണ്ടിയുടെ തോടും മറ്റുമാണ് ഉപയോഗിക്കുന്നത്. ഇത് കാര്യമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വിറകിന്റെ ലഭ്യത അനുനിമിഷം കുറഞ്ഞുവരികയും മറ്റ് ഊർജ്ജരൂപങ്ങൾ കണ്ടെത്താൻ കഴിയാതെ വരികയും ചെയ്യുന്നത് മൂലം പ്രതിസന്ധി വർദ്ധിക്കുകയാണ്. ഈ പഞ്ചായത്തിൽ പാചക വാതകം ഉപയോഗിക്കുന്ന കുടുംബങ്ങൾ 5% ത്തിൽ കുറവേ വരു. കുലശേഖരപുരം പഞ്ചായത്തിലെ കുടുംബങ്ങൾക്ക് പാചകവാതകത്തിന് രജിസ്റ്റർ ചെയ്യാനുള്ള അവസരം പോലും നിഷേധിച്ചിരിക്കുകയാണ്.

മണ്ണെണ്ണ ലഭ്യതയിലും വലിയ പോരായ്മ നിലനിൽക്കുന്നു. വളരെക്കുറച്ചുപേർക്കേ മണ്ണെണ്ണ പെർമിറ്റ് ഉള്ളു. ഈ പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത 3935 വീടുകളുണ്ട്. ഈ കുടുംബങ്ങൾക്ക് വെളിച്ചം കാണാനുള്ള മണ്ണെണ്ണ പോലും കഷ്ടിച്ചേ ലഭിക്കുന്നുള്ളു. മണ്ണെണ്ണയുടെ ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരംമൂലം പുറം ചന്തയിൽ മണ്ണെണ്ണയ്ക്ക് തീവിലയാണ്. സാധാരണ ജനങ്ങളുടെ ദൈനംദിന ഊർജ്ജാവശ്യങ്ങൾക്കുള്ള ചെലവ് ഭാരിച്ചതായിരിക്കുന്നു. ഇത് വരുംനാളുകളിൽ കൂടുതൽ രൂക്ഷമാകുവാൻ പോവുകയാണ്. ഈ പ്രശനത്തിന് പരിഹാരം കാണാൻ ബദൽ ഊർജ്ജ സ്രോതസ്സുകൾ ഉണ്ടാകണം. ആനിലയ്ക്ക് പഞ്ചായത്തിന്റെ ഭാവി ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന പദ്ധതികൾ രൂപപ്പെടുത്തണം.

പട്ടിക – 4

പഞ്ചായത്തിൽ പ്രതിമാസം വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ്

	വീടുകളുടെ എണ്ണം	പ്രതിമാസ റേഷൻ	ആകെ ലിറ്റർ
വൈദ്യുതീകരിച്ച വീടുകൾ	4328	2 ലിറ്റർ	8656
വൈദ്യുതീകരിക്കാത്ത വീടുകൾ	3935	5 ലിറ്റർ	19675
പെർമിറ്റ്			4000
ആകെ			32331

ദക്ഷത കൂടിയ അടുപ്പ്

ദക്ഷത കൂടിയ പരിഷ്ത്ത് അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ട് വിറകിന്റെ ഉപയോഗം ഗണ്യമായി ലാഭിക്കുവാൻ കഴിയും. ഈ അടുപ്പുകൾക്ക് 30% വരെ ദക്ഷതയുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്തും പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഈ പഞ്ചായത്തിലെ ചുരുക്കം വാർഡുകളിൽ ഈ അടുപ്പ് സ്ഥാപിക്കുവാൻ മുൻകൈ എടുത്തിട്ടുണ്ട്.

ബയോഗ്യാസ് പ്ലാന്റ്

പശുവിനെ വളർത്തുന്നതിനൊപ്പം കുടുംബത്തിലെ ഊർജ്ജാവശ്യവും നിറവേറ്റാൻ കഴിയുന്ന വളരെ ആദായകരമായ മാർഗ്ഗമാണ് ബയോഗ്യാസ് പ്ലാന്റ്. എന്നാൽ, നമ്മുടെ പഞ്ചായത്തിൽ വളരെ ചുരുക്കം ചില വീടുകളിലേ ഇത് സ്ഥാപിച്ചിട്ടുള്ളു. രണ്ട് പശുക്കളുള്ള ഒരു കുടുംബത്തിന്റെ പാചകാവശ്യങ്ങൾക്കും വിളക്ക് കത്തിക്കാനും കഴിയുന്ന ബയോഗ്യാസ് പ്ലാന്റിന് 7500 രൂപ ചെലവുവരും. ഇതിൽ 2500 രൂപ സബ്സിഡിയും ലഭിക്കുന്നു. കൂടുതൽ കുടുംബങ്ങളിൽ ഇത് പ്രചരിപ്പിക്കേണ്ടതാണ്.

പട്ടിക 3

തെരുവുവിളക്കുകളുടെ എണ്ണം

1.	ബൾബ്	560
2.	ട്യൂബ്	95
3.	മെർക്കുറി വേപ്പർ	2

സൗരോർജ്ജത്തിന്റെ ഉപയോഗം

പ്രകൃതിജന്യമായ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒട്ടേറെ ഗാർഹിക ഉപകരണങ്ങൾ അനർട്ട് രൂപകൽപ്പന ചെയ്ത് വിപണയിലിറക്കിയിട്ടുണ്ട്. സൗരോർജ്ജ വിളക്കുകൾ, വാട്ടർ ഹീറ്റർ, കുക്കറുകൾ, പമ്പ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുമ്പോൾ സബ്സിഡിയും ലഭ്യമാണ്. ഇത്തരം ഉപകരണങ്ങളുടെ പ്രചാരം വർദ്ധിപ്പിച്ചുകൊണ്ട് ഗാർഹികമായ ഊർജ്ജാവശ്യ

ങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. ഇത്തരം ഉപകരണങ്ങൾ ദുർബ്ബല വിഭാഗത്തിൽപ്പെട്ട വർക്ക് വാങ്ങാൻ കഴിയുന്നനിലയിൽ കുറഞ്ഞചെലവിൽ ലഭ്യമാക്കണം. കുലശേഖരപുരം പഞ്ചായത്തിൽ ഒരു പെട്രോൾ പമ്പ് പ്രവർത്തിക്കുന്നുണ്ട്. ഇരുചക്ര, ത്രിചക്ര വാഹനങ്ങൾ ഉപയോഗിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ പെട്രോൾ വിലവർദ്ധനയുടെ കെടുതി അനുഭവിക്കുന്നവരാണ്. എല്ലാവരുടെയും മിനിമം ഊർജ്ജാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം ഊർജ്ജദായക വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും വ്യാപകമാക്കാനും ഊർജ്ജത്തിന്റെ ഉപഭോഗധൂർത്ത് അവസാനിപ്പിച്ച് ഊർജ്ജം സംരക്ഷിക്കുന്ന സമീപനം പ്രാവർത്തികമാക്കിക്കൊണ്ട് മാത്രമേ കുലശേഖരപുരം പഞ്ചായത്തിനെ പുരോഗതിയിലേയ്ക്ക് നയിക്കുവാൻ കഴിയൂ.

പ്രശ്നങ്ങൾ

1. ഊർജ്ജാവശ്യങ്ങൾക്ക് ജനങ്ങൾ കൂടുതൽ ബുദ്ധിമുട്ടുന്നു.

2. വൈദ്യുതി വളരെയേറെ കുടുംബങ്ങളിൽ എത്തിയിട്ടില്ല.

3. വോൾട്ടേജ് ക്ഷാമം വ്യാപകമായി നിലനിൽക്കുന്നു. വൈദ്യുതി വിതരണ ശൃംഖലകളുടെ പോരായ്മകൾ

4. വിറകിന്റെ ലഭ്യതക്കുറവും വർദ്ധിച്ച വിലയും

5. മണ്ണെണ്ണയുടെ വിതരണം അപര്യാപ്തമാണ്.

6. ഒരു വിഭാഗം ധനികരുടെ ഊർജ്ജധൂർത്ത്

7. ബദൽ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രചാരക്കുറവ്

8. ഊർജ്ജസംരക്ഷണമാർഗ്ഗങ്ങളെ സംബന്ധിച്ച ബോധവൽക്കരണത്തിന്റെ അഭാവം.

9. ദുർബ്ബലവിഭാഗങ്ങളുടെ സ്ഥിതി ദുഷ്ക്കരമാകുന്നു.

സാധ്യതകൾ

1. സമൂഹത്തിന്റെ നിലനിൽപ്പിന് ഊർജ്ജത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്തിലെ ഊർജ്ജ സർവ്വേയും പ്ലാനിംഗും നടത്തുക.

2. വൈദ്യുതിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും വൈദ്യുതിക്ക് അപേക്ഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി നൽകാൻ സംസ്ഥാനതലത്തിൽ പദ്ധതി തയ്യാറാക്കുക.

3. വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ ബഹുമുഖമായ നടപടികൾ സ്വീകരിക്കുക.

4. വൈദ്യുതി വിതരണ ശൃംഖലകൾ നവീകരിച്ചും മറ്റ് തടസ്സങ്ങൾ നീക്കിയും വൈദ്യുതിയുടെ പ്രേക്ഷണനഷ്ടം കുറയ്ക്കുക.

5. തെരുവുവിളക്കുകളായി സ്ഥാപിച്ചിട്ടുള്ള ബൾബുകൾ മാറ്റി ജനങ്ങളുടെ സഹകരണത്തോടെ ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ച് വൈദ്യുതി ലാഭിക്കാം.

6. വൈദ്യുത ഗാർഹികോപകരണങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്താൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.

7. നാട്ടിൻപുറങ്ങളിൽ വ്യാപകമായി വിറകുമരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള പദ്ധതിയ്ക്ക് രൂപം നൽകുക.

8. ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീട്ടിലും സ്ഥാപിക്കാനുള്ള പദ്ധതി രൂപപ്പെടുത്തുക.

9. ബയോഗ്യാസ് പ്ലാന്റുകളും സൗരോർജ്ജ ഉപകരണങ്ങളും വിപുലമായി പ്രചരിപ്പിക്കുക.

10. മണ്ണെണ്ണയുടെ റേഷൻ വിതരണം വർദ്ധിപ്പിക്കുക.

11. ആവശ്യക്കാർക്കെല്ലാം പാചകവാതകം നൽകുക. കുലശേഖരപുരം പഞ്ചായത്തിലെ പാചകവാതക രജിസ്ട്രേഷൻ എത്രയും വേഗം ആരംഭിക്കുക.

ഭവനനിർമ്മാണവും ക്ഷേമപ്രവർത്തനവും

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പരമപ്രധാനമാണ് ഭവനം. ഐക്യരാഷ്ട്രസഭയുടെ ലോക മനുഷ്യാവകാശ സംരക്ഷണരേഖയിൽ യോജ്യമായ വാസഗൃഹം മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. എങ്കിലും, ഭവനരഹിതരുടെ സംഖ്യ വർദ്ധിച്ചുവരികയാണ്. കൂട്ടുകുടുംബവ്യവസ്ഥിതിയിൽ വന്ന സമൂലമായ മാറ്റം കുടുംബങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജന്മിത്വത്തിന്റെയും നാടുവാഴിത്തത്തിന്റെയും സാമൂഹ്യഘടന വിളിച്ചോതുന്ന തരത്തിൽ വാസ്തുശിൽപമാതൃകയിലുള്ള എട്ടുകെട്ടുകളും നാലുകെട്ടുകളും പ്രൗഢിയോടെ നിലനിന്നിരുന്നു. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഓലമേഞ്ഞ ചെറ്റക്കുടിലുകളിലും മണ്ണ് കുഴച്ച് കെട്ടിയുയർത്തിയ മൺ ചുമരോടുകൂടിയ വീടുകളിലുമാണ് കഴിഞ്ഞിരുന്നത്. ആളോഹരി നിയമം, ഭൂപരിഷ്ക്കരണം, എന്നിവ നിലവിൽ വന്നതോടുകൂടി അമ്പതുകളിലും അറുപതുകളിലും ഭവനനിർമ്മാണത്തിന്റെ മേഖലയിൽ ചെറിയ മാറ്റങ്ങൾ പ്രകടമായി. നമ്മുടെ പഞ്ചായത്തിലെ 14 വാർഡുകളിലും ബഹുഭൂരിപക്ഷവും ഓലമേഞ്ഞ വീടുകളായിരുന്നുവെങ്കിലും ഇന്ന് ഓലയുടെ സ്ഥാനത്ത് ഓടും ഓടിന്റെ സ്ഥാനത്ത് ടെറസ്സും സ്ഥാനം പിടിച്ചു. എങ്കിലും 1000ക്കണക്കിന് കുടുംബാംഗങ്ങൾക്ക് ഇനിയും സ്വന്തമായി ഭവനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഒമ്പതാം പദ്ധതിയിൽക്കൂടി പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

കുലശേഖരപുരം പഞ്ചായത്തിൽ ഏകദേശം 12718 വീടുകളുണ്ട്. ഇതിൽ 2746 കോൺക്രീറ്റ് കെട്ടിടങ്ങളും 51 ബഹുനില കെട്ടിടങ്ങളും 4992 ഓടുമേഞ്ഞ വീടുകളും 5229 ഓലമേഞ്ഞ ചെറ്റപ്പുരകളുമാണ്. വാർഡുകൾ തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

വീടുകളുടെ പൊതുവേയുള്ള അവസ്ഥ പരിശോധിക്കുമ്പോൾ ഓടുമേഞ്ഞ വീടുകളാണ് അധികവും എന്നാൽ സുരക്ഷിതവും വാസയോഗ്യവുമായ ഭവനങ്ങളുടെ അഭാവം ബാധിക്കുന്നത് നിർദ്ധനരെയാണ്. കെട്ടിമേയാൻപോലും പ്രയാസപ്പെടുന്ന ദരിദ്രജനവിഭാഗങ്ങൾ ഏറെയാണ്. 5229 കുടുംബങ്ങൾക്ക് ഭവനം ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നാൽ പുതിയ സാമൂഹ്യസാമ്പത്തിക സാഹചര്യത്തിന്റെ അടിസ്ഥാനത്തിലും ഗൾഫ് മലയാളികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിലും ദുർവ്യയം കൂടുതലുള്ള ആഡംബരഭ്രമത്തിൽ അധിഷ്ഠിതമായ ഒരു പുത്തൻ പാശ്ചാത്യ സംസ്ക്കാര ഭവന നിർമ്മാണ ശൃംഖല രൂപപ്പെട്ടുവരികയാണ്. ഇത് ആരോഗ്യപരമായ പ്രവണതയല്ല. മിച്ചവരുമാനം ഉപയോഗപ്പെടുത്തുന്നതിന്റെ തെറ്റായ സൂചനയാണിത്. ഉൽപ്പാദനപരമായ മേഖലയിൽ ഈ സമ്പത്ത് വിനിയോഗിച്ചാൽ ആ വ്യക്തിക്കും വിശിഷ്യാ സമൂഹത്തിനും നേട്ടമുണ്ടാകും. അടിസ്ഥാന സൗകര്യമില്ലാത്ത ആയിരക്കണക്കിന് ഭവനരഹിതരായ കുടുംബങ്ങളുടെ അവസ്ഥ ഈ സാഹചര്യത്തിൽ പ്രത്യേകം സ്മരണീയമാണ്.

ഭവനനിർമ്മാണരംഗത്തെ സഹകരണപ്രസ്ഥാനം

നമ്മുടെ പഞ്ചായത്തിൽ സംഘപ്പുരമുക്കിൽ

പട്ടിക - 1

കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

പാർപ്പിട സ്ഥിതിവിവരക്കണക്കുകൾ

വാർഡ്	കോൺക്രീറ്റ്	ബഹുനില	ഓടുമേഞ്ഞത്	ഓലമേഞ്ഞത്	കൂടിൽ	ആകെ വീട്
1	211	7	552	246	12	1021
2	265	3	219	243	134	861
3	114	1	352	205	90	761
4	87	1	260	225	213	795
5	192	2	277	157	165	731
6	287	2	459	251	40	1037
7	171	3	327	422	20	940
8	178	1	238	250	151	817
9	125	2	250	88	103	566
10	280	10	421	144	112	957
11	200	6	246	90	91	627
12	275	16	268	211	99	869
13	218	5	495	206	145	853
14	215	3	328	190	116	1064
ആകെ	2738	61	4692	2928	1491	11849

പ്രവർത്തിക്കുന്ന ഓച്ചിറ ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി എന്ന സ്ഥാപനം ഭവനനിർമ്മാണരംഗത്തെ ഒരു സഹകരണസ്ഥാപനമാണ്. ഇതിന്റെ പ്രവർത്തന ത്തെപ്പറ്റി അറിയാത്ത ഗ്രാമസഭകൾ പഞ്ചായത്തിലുണ്ട്. തൃപ്തികരമായ പ്രവർത്തനമല്ല എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഇന്നോളം 48 ലക്ഷം രൂപയുടെ ഭവന വായ്പ നൽകിയിട്ടുണ്ടെന്ന് രേഖകൾ സൂചിപ്പിക്കുന്നു.

സഹകണ ബാങ്കുകളും വാണിജ്യ ബാങ്കുകളും

ഭവനനിർമ്മാണ മേഖലയിൽ സഹകരണബാങ്കു കൾക്കും വാണിജ്യ ബാങ്കുകൾക്കും പ്രധാന പങ്കാണു ള്ളത്. കുറഞ്ഞ പലിശനിരക്കിൽ ദീർഘകാല ഭവന നിർമ്മാണ വായ്പാപദ്ധതി നിലവിലുണ്ടെങ്കിലും അവ ആർക്കും ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ അതിർത്തി യിൽ SCB-Q.218, SCB Q.995, SCB Q.1240, ഫെഡ റൽ ബാങ്ക്, ഇന്ത്യൻ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് എന്നിവ പ്രവർത്തിക്കുന്നുവെങ്കിലും ഭവനനിർമ്മാണമേ ഖലയിൽ ഇവയുടെ സംഭാവന അപര്യാപ്തമാണ്. ഗവൺമെന്റ് ഇടപെടൽ ശക്തമാകേണ്ടിയിരിക്കുന്നു.

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രണ്ട് സെന്റ് സ്ഥല മെങ്കിലും സ്വന്തമായുള്ള പട്ടികജാതിക്കാരും അല്ലാത്ത വരുമായ കുടുംബങ്ങൾക്ക് തിരിച്ചടയ്ക്കേണ്ടാത്ത സംഖ്യ വീടുവയ്ക്കുന്നതിനായി നൽകുന്നുണ്ട്. ജവഹർ റോസ്ഗാർ യോജന (JRY) ഇന്ദിരാ ആവാസ് യോജന (IAY) പത്തുലക്ഷം കിണർ പദ്ധതി (MWS) എന്നീ പദ്ധ തികൾ പ്രകാരം വീടുവയ്ക്കാൻ സാമ്പത്തിക സഹായം നൽകുന്നു. വീട് കൂടാതെ കക്കൂസ്, വയറിംഗ്, പുകയി ല്ലാത്ത അടുപ്പ്, ഭൂമി നിരപ്പാക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കും സാമ്പത്തിക സഹായം നൽകുന്നു. സർക്കാരിൽനിന്നും സൗജന്യമായി ലഭി ക്കുന്ന വീടുകൾ ദുരുപയോഗം ചെയ്യുന്ന പ്രവണത ചില യിടങ്ങളിലുണ്ട്.

കുലശേഖരപുരം ഗ്രാമപഞ്ചായത്ത്

ദരിദ്രജനവിഭാഗങ്ങൾക്ക് പഞ്ചാത്ത് ഫണ്ടിൽനിന്ന് പിരിച്ചടയ്ക്കേണ്ടാത്ത സംഖ്യ വീട് നിർമ്മിക്കുന്നതി നായി നൽകുന്നുണ്ട്.

വിവിധ പദ്ധതി പ്രകാരം വീട് കിട്ടിയവരുടെ വിശദവിവരം

വർഷം	പദ്ധതിയുടെപേര്	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
1990-91 മുതൽ 95-96വരെ അനുവദിക്കപ്പെട്ടത്	JRY IAY MWS	20 28 30	

പഞ്ചായത്തിലെ ലക്ഷംവീട് കോളനികൾ

ക്രമ.നം.	വാർഡ്	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1.	VI	വലിയതറ കോളനി	12
2.	XIII	മണ്ണടിശ്ശേരിൽ കോളനി	16
3.	IX	ചേങ്കര ലക്ഷംവീട്	18
4.	III	എരമത്ത് കോളനി	26
5.	III	മാനൂർ തെക്കടത്ത്	29
6.	II	പുത്തൻ പുരയ്ക്കൽ	26

1990-91 മുതൽ 1995-96വരെ അനുവദിക്കപ്പെട്ട വീടുകളുടെ വിശദവിവരം

ക്ഷേമനിധി ബോർഡുകൾ ഭവനനിർമ്മാണരംഗത്ത് കൂടുതൽ കാര്യക്ഷമമാകേണ്ടിയിരിക്കുന്നു. അസംഘടിതരായ നിരവധി തൊഴിലാളികൾ ക്ഷേമനിധിയിൽ ഇനിയും അംഗങ്ങളാകേണ്ടിയിരിക്കുന്നു. മത്സ്യത്തൊഴിലാളികൾ കയർത്തൊഴിലാളികൾ എന്നിവർക്ക് ക്ഷേമനിധി ബോർഡ് നൽകുന്ന ഭവനനിർമ്മാണ വായ്പയുടെ കാലവിളംബം ഒഴിവാക്കേണ്ടതാണ്.

ഭൂരഹിതരും കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവർക്കുംവേണ്ടി നിർമ്മിച്ചുനൽകിയ ലക്ഷംവീട് പദ്ധതി നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കി. 6 കോളനികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഭൂരഹിത കുടുംബങ്ങൾക്ക് പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലങ്ങളിൽ പുനരധിവാസം നൽകുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കണം.

ലക്ഷംവീടുകളുടെ പൊതുവേയുള്ള സ്ഥിതി പരിതാപകരമാണ്. ഒരു വീട്ടിൽ രണ്ടി കുടുംബങ്ങൾ താമസിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കിണർ, വൈദ്യുതി, റോഡുകൾ എന്നിവ പൂർണ്ണരീതിയിൽ ലഭ്യമല്ല. അടുത്തടുത്തായുള്ള വീടുകളുടെ ക്രമം ചപ്പുചവറുകൾ അടിഞ്ഞുകൂടുന്നതിനും പരിസരം മലിനമാകുന്നതിനും കാരണമാകുന്നു. ചെറിയ പരിസരം മാത്രമുള്ളതിനാൽ വീട്ടുമൃഗങ്ങളെ വളർത്തുന്നതിന് കഴിയുന്നില്ല. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ മേൽക്കൂരയും ഭിത്തിയും തകർന്ന നിലയിലാണ്. ഗ്രാമസഭകളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണരംഗത്തെ പ്രധാന പ്രതിസന്ധി അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവാണ്. ഇഷ്ടിക, ചരൽ, കമ്പി, സിമന്റ്, തടി, തുടങ്ങിയ വസ്തുക്കൾ മറ്റ് സ്ഥലങ്ങളിൽനിന്ന് കൂടുതൽ വിലകൊടുത്ത് വാങ്ങേണ്ടിവരുന്നു. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലവർദ്ധനവും, ദൗർലഭ്യവും, കരിഞ്ചന്തയും, പൂഴ്ത്തിവയ്പും, സാധാരണ ഇടത്തരം വരുമാനക്കാരുടെ പ്രശ്നം സങ്കീർണ്ണമാകുന്നു. സിമന്റ്, കമ്പി തുടങ്ങിയ സാമഗ്രികൾ നിർമ്മാണകേന്ദ്രങ്ങളിൽനിന്ന് സർക്കാർ ഏജൻസികൾവഴി പഞ്ചായത്ത് ശേഖരിക്കുകയും തുച്ഛമായ ലാഭത്തിൽ വിതരണം ചെയ്യുക എന്ന ആവശ്യം ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഇതൊടൊപ്പം ചെലവുകുറഞ്ഞ ഭവനനിർമ്മാണത്തെ നിർമ്മിതികേന്ദ്രം പ്രോത്സാഹിപ്പിക്കുകയും വേണം.

നിർമ്മാണ സാമഗ്രികൾപോലെ മറ്റൊരു പ്രധാന പ്രശ്നമാണ് വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ

പട്ടിക 3

1989-90 മുതൽ 1993-94 വരെ ജെ.ആർവൈ. അൺടൈഡ് ഫണ്ടുകൾ വഴി വിവിധ വാർഡുകളി
പഞ്ചായത്ത് നല്കിയ ഭവനനിർമ്മാണ സഹായം

		ഗുണഭോക്താക്കളുടെ എണ്ണം					അനുവദിച്ച തുക				
ക്രമ നമ്പർ	വാർഡ് നമ്പർ	89-90	90-91	91-92	92-93	93-94	89-90	90-91	91-92	92-93	93-94
1	I	2	-	1	1	-	19540.00	-	10170	12100.00	-
2	II	1	1	1	1	1	9770.00	10170.00	10170.00	12100.00	12100.00
3	III	1	1	1	-	-	9770.00	10170.00	10170.00	-	-
4	IV	1	1	-	-	-	9770.00	10170.00	-	-	-
5.	V	1	1	1	-	-	9770.00	10170.00	10170.00	-	-
6.	VI	2	-	1	-	-	19540.00	-	10170.00	-	-
7.	VII	2	-	1	1	1	19540.00	-	10170.00	12100.00	12100.00
8	VIII	1	1	1	-	-	9770.00	10170.00	10170.00	- -	
9.	IX	2	1	1	-	1	19540.00	-	10170.00	-	12100.00
10.	X	2	2	1	2	1	19540.00	20340.00	10170.00	24200.00	12100.00
11.	XI	1	-	-	-	-	9770.00	-	-	-	-
12.	XII	2	2	1	-	-	19540.00	20340.00	10170.00	-	-
13.	XIII	2	1	1	-	1	19540.00	10170.00	10170.00	-	12100.00
14	XIV	2	-	-	-	-	19540.00				
	22	11	11	5	5						

അഭാവം. മറ്റുമേഖലയേക്കാൾ ഉയർന്ന വേതനം കൈപ്പറ്റുന്നവരാണെങ്കിലും കെട്ടിടനിർമ്മാണരംഗത്തെ ചെലവ് കുറഞ്ഞ പുതിയ രീതികൾ പലർക്കും വശമില്ല. സീസൺ അനുസരിച്ചുള്ള ജോലിയായതിനാൽ തൊഴിൽദിനങ്ങളുടെ എണ്ണം കുറവാണ്. തൊഴിൽ അസ്ഥിരത ഈ രംഗത്തെ തൊഴിലാളികളെ നിർമ്മാണ മേഖലയിൽനിന്ന് പിന്തിരിപ്പിക്കുന്നു. ക്ഷേമനിധിയും മറ്റാനുകൂല്യങ്ങളും ഉണ്ടെങ്കിലും അജ്ഞതകൊണ്ട് ഭൂരിപക്ഷം തൊഴിലാളികളും ഇതിൽ അംഗങ്ങളല്ല. കെട്ടിടനിർമ്മാണത്തൊഴിലാളികളുടെ നിരവധി ട്രേഡ് യൂണിയനുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അസംഘടിതരായ ഈ വിഭാഗത്തെ സംഘടിപ്പിച്ച് തൊഴിൽക്ഷേമ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് ഇനിയും പ്രയത്നിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ ചില മേഖലയിൽ ഒരേതരം തൊഴിലിനുതന്നെ വ്യത്യസ്തമായ കൂലിവ്യവസ്ഥ നിലനിൽക്കുന്നു. കൂലിവ്യവസ്ഥയുടെ ഏകീകരണവും പരമപ്രധാനമാണ്.

കെട്ടിടനിർമ്മാണ തൊഴിലാളികളും അവരുടെ കൂലിനിരക്കും.

ഭവനരഹിതർ

ഭവനരാഹിത്യം ദാരിദ്യത്തിന്റെ ഒരു മുഖമാണ് സാമ്പത്തിക പരിഷ്ക്കരണത്തിലൂടെ ഒട്ടും മെച്ചപ്പെടാൻ കഴിയാത്ത പാവപ്പെട്ടവരുടെയും അധഃസ്ഥിതരുടേയും ചെറിയ മോഹമാണ് സുരക്ഷിതവും വാസയോഗ്യവുമായ ഒരു ഭവനം. നമ്മുടെ പഞ്ചായത്തിൽ 5229 ഭവനരഹിതരായ നിർദ്ധനരുണ്ട്. സ്ഥായിയായ വരുമാനമില്ലാത്തതിനാലും മിച്ചംവയ്ക്കാനില്ലാത്തതിനാലും ഇവരുടെ മോഹങ്ങൾ നീണ്ടുപോകുന്നു. ഈ അവസ്ഥയിൽ "ഹഡ്കോ"യുടേയും ഭവനനിർമ്മാണ ബോർഡിന്റെയും LIC തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളുടേയും പ്രവർത്തനം ഈ മേഖലയിലേയ്ക്ക് തിരിച്ചുവിടണം. വിവിധ ഏജൻസികൾവഴി വിതരണം ചെയ്യുന്ന വായ്പയുടെ സാമ്പത്തിക പരിധി സാമാന്യനിലവാരമുള്ള താമസസൗകര്യം നൽകുന്നതിന് തീരെ അപര്യാപ്തമാണ്. സാധനസാമഗ്രികളുടെ വിലയിലും തൊഴിൽ വേതനത്തിലും ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കി വായ്പാതുകയുടെ പരിധി ഉയർത്തേണ്ടത് ആവശ്യമാണ്.

കേരളത്തനിമകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ

വിവിധ മേഖലകളിൽ ലോകത്തിനുതന്നെ മാതൃകയായ കേരളവികസന മാതൃകകളിൽ ഊറ്റംകൊള്ളുന്നവരാണ് നമ്മൾ. പക്ഷേ, കെട്ടിട നിർമ്മാണരംഗത്ത് ഒരു "പാശ്ചാത്യ വികസന സംസ്ക്കാരം" കേരളത്തിൽ പ്രകടമായി വരുന്നു. കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും യോജിക്കുന്ന കേരളത്തനിമ വിളിച്ചോതുന്ന വാസ്തുശിൽപ്പമാതൃകകൾ അപ്രത്യക്ഷമാകുന്നു. പകരം, ആഡംബരവും ധൂർത്തും അതുവഴി ദുർവ്യയവും കൂടുതലായുള്ള ബഹുനില കോൺക്രീറ്റ് കെട്ടിടങ്ങളോടും ഫ്ളാറ്റുകളോടും ജനങ്ങൾക്ക് താൽപ്പര്യം വർദ്ധിച്ചിരിക്കുന്നു. ഈ മാത്സര്യബുദ്ധി നീണ്ടുപോയാൽ വിലപിടിപ്പുള്ള ലോഹങ്ങൾ കൊണ്ടുപോലും വീടുനിർമ്മിക്കാം എന്ന അവസ്ഥയിൽ നാം എത്തും.

മനുഷ്യന്റെ മാനസികവും ശാരീരികവും സാമ്പത്തികവുമായ അവസ്ഥ മെച്ചപ്പെടുത്താൻ സുരക്ഷിതവും വാസയോഗ്യവുമായ ഒരു ഭവനം എന്ന മോഹത്തിലുപരിയായുള്ള ദുർവ്യയവും ഇത് ആരോഗ്യകരമായ പ്രവണതയല്ല. ഇന്നത്തെ ആധുനിക രീതിയിലുള്ള മതിലുകൾ ദുർവ്യയത്തിന്റെ മറ്റൊരു സൂചികയാണ്. ഇതിന്റെ സ്ഥാനത്ത് കേരളീയത വിളിച്ചോതുന്ന സസ്യശ്യാമളമായ ജൈവവേലികളുടെ പ്രാധാന്യം എടുത്തുപറയേണ്ടിവരുന്നു.

പട്ടിക 4

തൊഴിൽ	ഒരുദിവസം പരമാവധി കിട്ടുന്ന തൊഴിൽദിനം	കൂലിനിരക്ക് 1985-96			
		1985	1988	1991	1996
കല്പണി	200	60	85	100	125
മയ്ക്കാട്	200	40	60	75	85
ആശാരി	150	60	85	85	130
വാർപ്പ് പണിക്കാർ	90	50	70	80	100
പ്ലംബർ	50	50	65	90	110
വയർമാൻ	50	50	60	100	130
പെയിന്റർ	80	45	50	85	110
മറ്റുള്ളവർ	75	40	45	80	100

പട്ടിക

പഞ്ചായത്തിലെ ലക്ഷംവീടുകളും ലാന്റ് ലെസ് വർക്കേഴ്സ് സെറ്റിൽമെന്റ് കോളനികളും

ക്രമനം.	പേര്	വീടുകളുടെ എണ്ണം
1.	ഇരമത്തുലക്ഷം വീട്	24
2.	മാനൂർതെക്കടത്ത് ലക്ഷംവീട്	22
3.	പുത്തൻപുരയ്ക്കൽ ലക്ഷംവീട്	18
4.	മണ്ണടിതേരി ലക്ഷംവീട്	18
5.	ചേങ്കര ലക്ഷംവീട്	18
	സെറ്റിൽമെന്റ് കോളനി 25	
1.	വരിക്കോലി കോളനി	20
2.	വലിയതറ കോളനി	12

കെട്ടിടനിർമ്മാണമേഖലയിലെ ഒരു പ്രധാന പരിസ്ഥിതി പ്രശ്നമാണ് പാടം നികത്തി കെട്ടിടം പണിയുന്ന രീതി. പഞ്ചായത്തിന്റെ 14 വാർഡുകളിലും ഈ പ്രവണത നിലനിൽക്കുന്നു. ഇതിന്റെ പ്രധാന ദോഷങ്ങൾ:

1. കൃഷിനിലങ്ങളുടെ അളവ് കുറയുകയും ഭക്ഷ്യ ദൗർലഭ്യം ഉണ്ടാവുകയും ചെയ്യുന്നു.

2. പരിസ്തിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

3. കാർഷിക തൊഴിൽ നഷ്ടപ്പെടുന്നു. വീട് വയ്ക്കാനുള്ള ചെലവ് വർദ്ധിപ്പിക്കുന്നു. കുറ്റൻ മതിലുകളുടെ രൂപീകരണം ജലഉറവകളെ തടസ്സപ്പെടുത്തുന്നു.

പാർപ്പിടരംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. സ്വന്തമായി വീടില്ലാത്ത 5229 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

2. ഭവനനിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.

3. സഹകരണസംഘങ്ങളും വാണിജ്യ ബാങ്കുകളും ഭവനവായ്പ നൽകുന്നില്ല.

4. ഒരേ വായ്പയ്ക്ക് വിവിധതരം പലിശയും തിരിച്ചടവ് വ്യവസ്ഥയും.

5. വരവിന്റെ നല്ലൊരു പങ്ക് വീട് പണിയുന്നതിനായി ഉപയോഗിക്കുന്നു.

6. പാശ്ചാത്യ ഭ്രമത്തിന്റെ അടിസ്ഥാനത്തിൽ കോൺക്രീറ്റ് കെട്ടിടങ്ങളുടെ വൻതോതിലുള്ള നിർമ്മാണവും പരിസ്ഥിതി പ്രശ്നങ്ങളും

7. JRY, IAY, MWS, IHS, SCP, RHSഎന്നീ പദ്ധതികളിൽ വീടുപണിയുന്നതിന് അനുവദിച്ചിരിക്കുന്ന തുക വളരെ കുറവാണ്. അർഹതയുള്ളവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല.

8. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലക്കയറ്റവും.

9. അറ്റകുറ്റപ്പണിവേണ്ടിവരുന്ന ധാരാളം ഭവനങ്ങൾ

10. പാടം നികത്തി വീട് വയ്ക്കുന്ന പ്രവണത

11. പ്രകൃതിക്ഷോഭത്തിൽപ്പെട്ടവരുടെ പുനരധിവാസം

പട്ടിക

കുലശേഖരപുരം ഹൗസിംഗ് സൊസൈറ്റിയിൽ നിന്നു നല്കിയ ഭവന വായ്പയുടെ വിവരം

വർഷം	വായ്പ ലഭിച്ചവരുടെഎണ്ണം	വായ്പതുക
1992-93	22	911000.00
1993-94	13	1058900.00
1994-95	39	2090000.00
1995-96	41	2490000.00
1996-97	31	2023700.00

പരിഹാരങ്ങൾ

1. സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി (ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കുക) ഇതുവഴി ഗൾഫ് മലയാളികൾ അടക്കമുള്ളവരിൽനിന്ന് വിഭവങ്ങൾ ശേഖരിക്കുകയും പൊതുമാനദണ്ഡത്തിൽ വായ്പാവിതരണം നടത്തുകയും ചെയ്യുക.

2. സഹകരണബാങ്കുകൾ വാണിജ്യ ബാങ്കുകൾ എന്നിവയിൽനിന്ന് ഭവനനിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇടപെടുകയും വായ്പ നൽകുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുക

3. വായ്പാ പരിധി 50,000 രൂപയായി വർദ്ധിപ്പിക്കുകയും പലിശനിരക്കും തവണവ്യവസ്ഥയും ലഘൂകരിക്കുകയും ചെയ്യുക.

4. കെട്ടിടനിർമ്മാണരംഗത്തെ ആർഭാടത്തിന്റെ പ്രവണത അവസാനിപ്പിക്കുന്നതിന് ആവശ്യമായ നിയമനടപടികൾക്കൊപ്പം ബോധവൽക്കരണവും നടത്തുക.

5. ചെലവ് കുറഞ്ഞ ഭവനനിർമ്മാണ ഏജൻസികളുടെ പ്രവർത്തനം വ്യാപകമാക്കുക. നിർമ്മിതികേന്ദ്രത്തെ കൂടുതൽ ജനകീയമാക്കുക.

6. സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിലാളികളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ കഴിയുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുകയും വിവിധ നിർമ്മാണ മേഖലയിലേയ്ക്ക് വിതരണം ചെയ്യുകയും വേണം. ഏകീകരിച്ച കൂലിവ്യവസ്ഥയും തൊഴിൽ ആനുകൂല്യങ്ങളും സംഘടിതബോധവും തൊഴിലിനോടുള്ള ആഭിമുഖ്യവും ഇതുവഴി ഉണ്ടാകും. ക്ഷേമനിധി അടക്കമുള്ള കാര്യങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിലായിരിക്കണം.

7. വീടിനുള്ള ആനുകൂല്യം ദുർവ്വിനിയോഗം ചെയ്യുന്നതും നിർമ്മിച്ച വീട് വിൽക്കുന്നതും തടയാൻ കർക്കശമായ നിയമനടപടികൾ സ്വീകരിക്കുക.

8. ലക്ഷംവീട് കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെയും സന്നദ്ധ പ്രവർത്തകരുടെയും സേവനം ഉറപ്പുവരുത്തുക.

9. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് വലിയ സംഭാവന ചെയ്യാൻ കഴിയും. സഹകരണസ്ഥാപനങ്ങൾവഴി നിർമ്മാണ വസ്തുക്കൾ വിതരണം ചെയ്യുക.

10. സിമന്റ്, കമ്പി, പ്ലമ്പിംഗ് സാധനങ്ങൾ, പെയിന്റ് എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുകയും വില നിയന്ത്രിക്കുകയും ചെയ്യുക.

11. പ്രകൃതിക്ഷോഭത്തിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

ഉപസംഹാരം

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ചെറുതെങ്കിലും മനുഷ്യോചിതമായ പാർപ്പിട സൗകര്യം ലഭ്യമാക്കുക എന്നത് വികസനത്തിന്റെ മൗലികലക്ഷ്യങ്ങളിലൊന്നാകണം. അതുപറയുമ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ള 2928 ഓലമേഞ്ഞ വീടുകളുടെ റൂഫുകൾ മാറ്റാനും 1491 കുടിലുകളുടെ സ്ഥാനത്ത് ചെലവു കുറഞ്ഞ ലളിതമായ വീടുകൾ സ്ഥാപിക്കുക എന്നതും വരുന്ന അഞ്ച് കൊല്ലക്കാലത്തെ പഞ്ചായത്ത് തല വികസനത്തിലെ മുഖ്യ ഇനമായി കണ്ടുകൊണ്ട് വിവിധ ഭവനനിർമ്മാണ ഏജൻസികളെ യോജിപ്പിച്ചുകൊണ്ടും സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ഐക്യത്തിലൂടെയും പഞ്ചായത്തിന്റെ പാർപ്പിട പ്രശ്നത്തിന് സത്വര പരിഹാരം കാണുവാൻ നമുക്ക് കഴിയും.

സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം നമ്മുടെ രാജ്യത്ത് ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പല സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. വികസനത്തിലധിഷ്ഠിതമായ ക്ഷേമപ്രവർത്തനങ്ങളാകയാൽ യഥാർത്ഥ ലക്ഷ്യത്തിലെത്താൻ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ജനപങ്കാളിത്തത്തോടുകൂടി നടക്കുന്ന ഒമ്പതാം പദ്ധതിയിൽ എല്ലാ ജനവിഭാഗങ്ങൾക്കും പദ്ധതിയുടെ ഗുണം എത്തിക്കുവാൻ കഴിയും. പ്രധാനമായും ദരിദ്രജനവിഭാഗങ്ങളുടെ ഉന്നമനമാണ് പദ്ധതിയിൽ കൂടി ലക്ഷ്യമാക്കിയിരിക്കുന്നത്.

കുലശേഖരപുരം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ദരിദ്ര ജനവിഭാഗത്തിന്റെ പട്ടികയിൽപെടും. സമ്പദ്ഘടനയിലുള്ള അടിസ്ഥാനപരമായ അന്തരം ഉള്ളവനെ ഉയർച്ചയിലേക്കും ഇല്ലാത്തവനെ ദാരിദ്ര്യത്തിലേക്കും കൊണ്ടെത്തിക്കുന്നു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാത്തതും തൊഴിൽ വൈദഗ്ദ്ധ്യത്തിന്റെ അഭാവവും സങ്കീർണ്ണമായ വികസനമുരടിപ്പിലെത്തിച്ചിരിക്കുന്നു. ഇതിന് പരിഹാരമായി സർക്കാർ തലത്തിൽ പല പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റഗ്രൽ റൂറൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ട്രൈസം തുടങ്ങിയവ ഉദാഹരണങ്ങളാണ്.

ഇടത്തരക്കാരും കൂലിപ്പണിക്കാരും തൊഴിൽരഹിതരും അടങ്ങുന്നതാണ് നമ്മുടെ പഞ്ചായത്തിലെ ജനവിഭാഗങ്ങൾ. 1992-ലെ I.R.D.P. സർവ്വേയും 96-ലെ സർവ്വേയും അനുസരിച്ച് 3582 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത് (ഇതിൽ 146 കുടുംബങ്ങൾ SC/ST വിഭാഗത്തിലുള്ളതാണ്.) ഇതിൽ 318 കുടുംബങ്ങൾക്ക് നാളിതുവരെ IRDP സ്കീം പ്രകാരം സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ട്. (SC/ST 85) ആകെയുള്ള കുടുംബങ്ങളുടെ 20ശതമാനം മാത്രമേ ഇതിന്റെ ഗുണഭോക്താക്കളായിട്ടുള്ളൂ. അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പദ്ധതിയെ കുറിച്ചുള്ള ജനങ്ങളുടെ അജ്ഞതയാണ് ചൂഷണത്തിന്റെ പ്രധാന കാരണം. സഹായപദ്ധതികളെ കുറിച്ചുള്ള ബോധവത്കരണം പ്രാധാന്യമർഹിക്കുന്നു. I.R.D.P. പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ അവസ്ഥ പൂർണ്ണമായും ലഭ്യമല്ലെങ്കിലും തിരഞ്ഞെടുക്കുന്ന തൊഴിൽമേഖലയിലെ അജ്ഞതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും പല ഗുണഭോക്താക്കളുടെയും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു. സബ്സിഡിയും കുറഞ്ഞ പലിശനിരക്കും ഉണ്ടെങ്കിൽ തന്നെയും ബാങ്കുകാരുടെ ജപ്തി നടപടിക്ക് ചിലരെങ്കിലും വിധേയമാകുന്നു. ഉല്പാദനക്ഷമതയിൽകൂടിയുള്ള സാമ്പത്തികവളർച്ച കൈവരി

ക്കാനാവശ്യമായ മേഖലകളിൽ അവരെ പ്രാപ്തരാക്കുകയാണ് ആവശ്യം.

ട്രൈസം പദ്ധതി പ്രകാരം 1980-81 മുതൽ 89-90 വരെ 78 പേർക്കും 1990-91 മുതൽ 95-96 വരെ 79 പേർക്കും നമ്മുടെ പഞ്ചായത്തിൽ പരിശീലനം നല്കി. ഇതിൽ 29 പേർ മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്തിയത്. ടെയിലറിംഗ്, എബ്രോയിഡറി വർക്സ്, തഴപ്പായ് നെയ്ത്ത്, പ്രിന്റിംഗ് & കമ്പോസിംഗ് വിഷയങ്ങളിലാണ് കൂടുതൽ പേർ തൊഴിൽപരിശീലനം നേടിയത്. വനിതകൾക്ക് ഈ പദ്ധതിയോടുള്ള താൽപര്യം ശ്രദ്ധ അർഹിക്കുന്നു.

DWCRA പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന നാലു വനിതായൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പത്തു വനിതകൾ വീതമടങ്ങുന്ന ഈ യൂണിറ്റുകളിൽ ഒരെണ്ണത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. രണ്ട് ഡയറി യൂണിറ്റുകളും (നീലുകളം, പുന്നക്കുളം) രണ്ട് റെഡി മെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകളുമാണ് (കൊച്ചുമാംമൂട്, ആദിനാട് വടക്ക്) അവ. ഗ്രാമസഭയുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ വനിതാ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും മിക്കവാർഡിലും വമ്പിച്ച സാദ്ധ്യതയാണുള്ളത്.

ഭവനനിർമ്മാണ പദ്ധതിപ്രകാരം 3582 കുടുംബങ്ങൾക്ക് വീടാവശ്യമുണ്ട്. (IRDP സർവ്വേ) ഇതിൽ വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ, 78 (IAY-28, MWS-30, JRY-20) ഇതിൽ 30 വീടുകൾ പൂർത്തീകരിച്ചിട്ടില്ല.

സാമൂഹിക ക്ഷേമപദ്ധതിപ്രകാരം നിരവധി സഹായപദ്ധതികളുണ്ട്. ഇതിൽ പെൻഷൻ വിതരണം ഫലപ്രദമല്ല. അർഹതപ്പെട്ട ഭൂരിപക്ഷം പേർക്കും പെൻഷൻ ലഭിയ്ക്കുന്നില്ല. ബന്ധപ്പെട്ട ഓഫീസുകളുടെ അനാസ്ഥമൂലം കാലോചിതമായി പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി വ്യാപകമാണ്. ജില്ലാപഞ്ചായത്തിനെ ഏല്പിച്ച ശേഷവും ഈ രംഗത്ത് പുരോഗതി ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യസംബന്ധമായ പുരോഗതി കൈവരിക്കുന്ന കാര്യത്തിൽ അംഗനവാടികളുടെ പ്രവർത്തനം പ്രധാനമാണ്. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 30 അംഗനവാടികളിൽ പകുതിയിലധികത്തിനും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പ്രധാനകാരണങ്ങൾ സ്ഥലസൗകര്യങ്ങളില്ലായ്മയും കുട്ടികളുടെ മാനസികവളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള കളിക്കോപ്പുകളുടെ ദൗർലഭ്യവുമാണ്. കുട്ടികൾക്ക് നല്കിവരുന്ന ഭക്ഷണം ഗുണനിവാരം കുറഞ്ഞവയാണ്. അംഗനവാടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥ മെച്ചപ്പെടുത്തേണ്ടതാണ്. എൽ.കെ.ജി., യു.കെ.ജി. ഭ്രമം കടിഞ്ഞാണിടാൻ അംഗനവാടികളുടെ രൂപീകരണം പരമപ്രധാനമാണ്

അംഗനവാടി രജിസ്റ്ററിലെ കണക്കനുസരിച്ച്

ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ	– 206
1-2 വയസ്സ് പ്രായമുള്ള കുട്ടികൾ	– 270
2-3 വയസ്സ് പ്രായമുള്ള കുട്ടികൾ	– 864
3-4 വയസ്സ് പ്രായമുള്ള കുട്ടികൾ	– 997
ആകെ	– 2337

കഴിഞ്ഞ വർഷത്തിൽ (1995-96) 1-5 പ്രായമുള്ള കുട്ടികളിൽ ആരും തന്നെ മരിച്ചതായി കാണപ്പെടുന്നില്ല. ഉയർ ആരോഗ്യബോധം വ്യക്തമാക്കുന്ന സൂചനയാണിത്.കഴിഞ്ഞ വർഷത്തെ ജനനത്തിൽ 8 എണ്ണം ചാപിള്ളകളായിരുന്നു.

ആകെ ഗർഭിണികൾ – 190

പ്രത്യേക പരിചരണം വേണ്ടത് -10

കഴിഞ്ഞ വർഷങ്ങളിൽ ഗർഭസംബന്ധമായ അസുഖം മൂലം മരിച്ച സ്ത്രീകളാരുമില്ല. എന്നാൽ മറ്റു കാരണങ്ങളാൽ 8 ഗർഭിണികൾ മരണമടഞ്ഞു.

പെൻഷൻ

വികലാംഗ	വിധവാ	വാർദ്ധക്യകാല	കർഷകത്തൊഴിലാളി
1991-92-25	1991-92-26	1991-92-16	1991-92-59
1992-93-25	1992-93-31	1992-93-12	1992-93—
1993-94-7	1993-94-18	1993-94-4	1993-94—
1994-95-8	1994-95-15	1994-95-8	1994-95-1
1995-96-8	1995-96-13	1995-96-9	1995-96-13

സംസ്ക്കാരം

നമ്മുടെ പഞ്ചായത്തിന്റെ സാംസ്ക്കാരിക പൈതൃകം വ്യക്തമാക്കുന്ന നിരവധി വസ്തുതകൾ ഈ റിപ്പോർട്ടിന്റെ മുൻ അദ്ധ്യായങ്ങളിൽ നൽകിയിട്ടുണ്ട്. കൃഷിയെ മാത്രം ആശ്രയിച്ചുകഴിഞ്ഞ ഈ തീരദേശ ഗ്രാമം നാടുവാഴിത്ത വ്യവസ്ഥയുടെ ദൃഢമായ കെട്ടുപാടുകളിലൂടെയാണ് കടന്നുവന്നത്. സാമ്പത്തികതലത്തിൽ ജന്മിത്വവും സാംസ്ക്കാരികതലത്തിൽ ചാതുർവർണ്യവും പാലിക്കപ്പെട്ടിരുന്ന ഒരു സമൂഹം. ജാതിയെ അടിസ്ഥാനമാക്കിയ തൊഴിൽ വിഭജനം ഇവിടെ നിലനിന്നിരുന്നു. സമൂഹത്തിന്റെ പൊതു ചിത്രമെടുത്താൽ മഹാഭൂരിപക്ഷം ജനങ്ങളും ജന്മിത്വചൂഷണത്തിനും ജാതിമർദ്ദനത്തിനും വിധേയമായിരുന്നു. ഈ നിലയ്ക്ക് മനുഷ്യർതമ്മിലുള്ള വിവേചനത്തിന്റെ ഫലമായി വ്യത്യസ്ത ജാതിവിഭാഗങ്ങളുടേതായ കലയും സംസ്ക്കാരവും തൊഴിലുമൊക്കെ പല തട്ടുകളായി രൂപപ്പെടുകയായിരുന്നു. ഒട്ടേറെ വൈരുദ്ധ്യങ്ങൾ നിറഞ്ഞ നാടുവാഴി വ്യവസ്ഥയിലൂടെ കടന്നുവന്ന സമൂഹത്തിൽ ജാതിവ്യവസ്ഥയാണ് ഏറെ ശക്തമായിരുന്നത്. ഭൂരിപക്ഷം ജനങ്ങളും ഹിന്ദുക്കളായിരുന്നെങ്കിലും നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ മുസ്ലീം മതവിശ്വാസികളും ധാരാളമായി ഇവിടെ ഉണ്ടായിരുന്നു. ക്രിസ്ത്യൻ സമൂഹം നാമമാത്രമായിരുന്നെങ്കിലും അവരുടെ സാന്നിദ്ധ്യവും വളരെക്കാലംമുമ്പുതന്നെ ഈ പ്രദേശത്തുണ്ടായിരുന്നു. ഇന്ന് ഹിന്ദുക്കളും മുസ്ലീംങ്ങളുമാണ് ഈ പ്രദേശത്തെ പ്രധാന മതവിഭാഗങ്ങൾ. സംഖ്യയിൽ വളരെ കുറവാണെങ്കിലും ക്രിസ്ത്യാനികളുമുണ്ട്. ഈ നാടിന്റെ പഴയകാലചരിത്രം പരിശോദിക്കുമ്പോൾ വെളിപ്പെടുന്ന ശ്രദ്ധേയമായ ഒരു കാര്യം വ്യത്യസ്ത മതവിഭാഗങ്ങൾ വളരെ സൗഹാർദ്ദത്തോടെയും ഐക്യത്തോടെയും പരസ്പരം കൊണ്ടും കൊടുത്തും ഇവിടെ ജീവിച്ചുവന്നിരുന്നുവെന്നതാണ്. ഇന്നുകാണുന്ന മതവിദ്വേഷത്തിന്റെ ലാഞ്ഛനകളോ വർഗ്ഗീയമായ കലാപങ്ങളോ നമ്മുടെ പ്രദേശത്ത് ഉണ്ടായിരുന്നില്ല. ഓരോ മതവിഭാഗത്തിന്റെയും ഉത്സവങ്ങളിൽ മറ്റ് മതസ്ഥരും പങ്കുചേരുകയും ചെയ്തിരുന്നു. പഞ്ചായത്തിലെ പുരാതനക്ഷേത്രങ്ങളിൽ പ്രധാനം ശക്തികുളങ്ങര ദേവീ ക്ഷേത്രമാണ്. കൂടാതെ, ദേവസ്വം വകയും കുടുംബവകയും വ്യക്തികളുടേതുമടക്കം 240ൽപ്പരം ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഹിന്ദുക്കളുടെ പ്രധാന ഉത്സവങ്ങൾ ഓണം, നവരാത്രി, ദീപാവലി, ശിവരാത്രി, വിഷു എന്നിവയാണ്. ഇതിൽ ഓണം ഹിന്ദു-അഹിന്ദു വ്യത്യാസം കൂടാതെതന്നെ ആഘോഷിക്കപ്പെടുന്നു. കൂടാതെ ക്ഷേത്രങ്ങളിൽ വർഷതോറും നടന്നുവരുന്ന ഉത്സവങ്ങളിലും എല്ലാ ജനങ്ങളും പങ്കെടുക്കുന്നു. പഞ്ചായത്തിലെ ഗണ്യമായ മറ്റൊരു മതവിഭാഗം മുസ്ലീംങ്ങളാണ്. പനച്ചമൂട്ടിൽ, പുത്തൻതെരുവ്, പുതിയകാവ് എന്നീ പ്രധാന പള്ളികളും പന്ത്രണ്ടോളം തൈക്കാവുകളും ഈ പഞ്ചായത്തിലുണ്ട്. മുസ്ലീംങ്ങളുടെ പ്രധാന ആഘോഷങ്ങൾ റംസാൻ, ബക്രീദ് എന്നിവയാണ്. ഇത് വിപുലമായി ആഘോഷിക്കപ്പെടുന്നു. കുലശേഖരപുരത്തെ ജനസംഖ്യയിൽ വളരെക്കുറച്ചുമാത്രമേ ക്രിസ്ത്യാനികൾ ഉള്ളൂ. ഒരു ക്രിസ്ത്യൻ പള്ളിയും ഈ പഞ്ചായത്തിലുണ്ട്. ക്രിസ്മസ് ദിനങ്ങളിൽ ജാതിമതഭേദം കൂടാതെ നക്ഷത്രങ്ങൾ തൂക്കിയും കരോൾ നടത്തിയും ക്രിസ്മസ് ജനങ്ങൾ ആഘോഷിക്കുന്നു. വിവിധ മതങ്ങളും വിശ്വാസങ്ങളും ഒരുമതത്തിലും വിശ്വാസിക്കാത്തവരുമൊക്കെ ചേർന്ന് നമ്മുടെ പഞ്ചായത്ത് മാനവ ഐക്യത്തിന്റെ ഉത്തമ മൂല്യങ്ങൾ എക്കാലവും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. അതിന് വിരുദ്ധമായ ചുരുക്കംചില ചെറിയ സംഭവങ്ങൾ ചിലകാലങ്ങളിൽ ഉണ്ടായിട്ടുള്ളപ്പോൾ ജനങ്ങളും ജനകീയ പ്രസ്ഥാനങ്ങളും മുൻകൈയെടുത്ത് അത്തരം പോരലുകൾ മായ്ക്കുകയും സമുദായ സൗഹാർദ്ദം

ഊട്ടിയുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രങ്ങളിൽ മറ്റ് മതവിശ്വാസികൾ നേർച്ച നൽകുകയും അഹിന്ദു ദേവാലയങ്ങളിൽ ഹിന്ദുക്കൾ നേർച്ചയർപ്പിക്കുന്ന പതിവും ഇവിടെ കാണാം.

ജന്മിത്വത്തിന്റെ തകർച്ചയോടെ ജാതിവ്യവസ്ഥ അവസാനിക്കുകയും ജാതിക്കതീതമായ മനുഷ്യരുടെ ഐക്യം വളരുകയും ചെയ്തു. ദേശീയ പ്രസ്ഥാനവും ഇടതുപക്ഷ പ്രസ്ഥാനവും ജാതിമതനിരപേക്ഷമായ സംസ്ക്കാരം ജനങ്ങളിൽ വളർത്തുന്നതിൽ ഒരു മുഖ്യ പങ്ക് വഹിച്ചു. എന്നാൽ കഴിഞ്ഞ നാലഞ്ച് പതിറ്റാണ്ടുകളായി പിന്നോക്കംപോയ ജാതിവികാരം സമീപകാലത്ത് ഉയർന്നുവരാൻ തുടങ്ങിയിട്ടുണ്ട്. അതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും ചില ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. മതപരമായ സ്പർദ്ധയുടെ കനലുകൾ ഊതിപ്പെരുപ്പിക്കാനുള്ള ശ്രമങ്ങളും പല കോണുകളിൽ നടക്കുന്നു. ഇതെല്ലാം നമ്മുടെ ഐക്യത്തേയും പുരോഗതിയേയും അപകടത്തിലാക്കുമെന്ന തിരിച്ചറിവും ഏറെപ്പേരിലുണ്ട്. ജാതിയെയും മതത്തേയും ആസ്പദമാക്കിയ രാഷ്ട്രീയ പ്രവർത്തനങ്ങളും ഇവിടെ ഉണ്ടെങ്കിലും താരതമ്യേന ദുർബ്ബലമാണ്. ഭൂരിപക്ഷം ജനങ്ങളും ജാതിക്കും മതത്തിനും അതീതമായ രാഷ്ട്രീയ-സാംസ്ക്കാരിക പ്രസ്ഥാനങ്ങളിൽ അണിനിരന്നിട്ടുള്ളതായിക്കാണാം. സാമൂഹ്യ അനാചാരങ്ങളുടെ കാര്യത്തിലും വലിയ മാറ്റമുണ്ടായിട്ടുണ്ട്. എന്നാൽ അന്ധവിശ്വാസങ്ങളിലേയ്ക്ക് ജനങ്ങളെ തിരിച്ചുകൊണ്ടുപോകാനുള്ള പരിശ്രമങ്ങൾ അടുത്തകാലത്ത് ദൃശ്യമാകുന്നുണ്ട്. ഒരുകാലത്ത് ഈ പ്രദേശത്തെ ജനങ്ങളുടെ ബോധനിലവാരം ഉയർത്തുന്നതിൽ ഇവിടെ രൂപം കൊണ്ട ഗ്രന്ഥശാലകൾ വഹിച്ച പങ്ക് അവിസ്മരണീയമാണ്. വള്ളിക്കാവ് സംസ്ക്കാരസംദായനി, കൊച്ചുമാമുട് ഗ്രാമസേവാ സംഘം, ആലോചനമുക്ക് പ്രകാശം ഗ്രന്ഥശാല, മരങ്ങാട്ട്മുക്ക് എസ്.എൻ. ലൈബ്രറി, നീലികുളം ഗാന്ധി സ്മാരക വായനശാല, ആദിനാട് തെക്ക് അരുണോദയം ഗ്രന്ഥശാല എന്നിവയും നിരവധി വ്യക്തികളുടെ സ്വകാര്യ പുസ്കശേഖരങ്ങളും ഈ രംഗത്ത് വൻസംഭാവന നൽകിയിട്ടുണ്ട്. വിലപ്പെട്ട ഒട്ടേറെ പുസ്തകങ്ങൾ ഈ ഗ്രന്ഥശാലകളിൽ സുക്ഷിക്കുന്നു. പുസ്തകവായന പണ്ടുകാലത്ത് ഒരു പ്രധാന ദിനകൃത്യമായിരുന്നെങ്കിൽ ഇന്ന് പുസ്തകം വായിക്കുന്നവരുടെ എണ്ണം നന്നേ കുറഞ്ഞിരിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറച്ചുപേർമാത്രമേ ഗ്രന്ഥശാലകളിലെത്തി പുസ്തകങ്ങൾ എടുക്കുന്നുള്ളു. ടി.വി. തുടങ്ങിയ ദൃശ്യമാധ്യമങ്ങളുടെ വ്യാപകമായ പ്രചാരം നല്ലൊരു പങ്ക് ജനങ്ങളെ വായനയിൽനിന്ന് പിന്തിരിപ്പിച്ചിട്ടുണ്ട്. വർത്തമാനപ്പത്രങ്ങളുടേയും മാസികകൾ, വാരികകൾ എന്നിവയുടേയും പ്രചാരം അടുത്തകാലത്ത് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. മലയാള ദിനപ്പത്രങ്ങളിൽ മലയാളമനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി, എന്നിവയാണ് കൂടുതൽ പ്രചാരത്തിലുള്ളത്. ഇംഗ്ലീഷ് പത്രങ്ങളിൽ ഇന്ത്യൻ എക്സ്പ്രസ് ആണ് കൂടുതലായുള്ളത്. മാതൃഭൂമി, ദേശാഭിമാനി, കലാകൗമുദി എന്നിവയാണ് നിലവാരമുള്ള വാരികകളിൽ പ്രധാനം. ഇവകൂടാതെ "മ" വാരികകളും വിപുലമായി പ്രചരിക്കുന്നുണ്ട്. പ്രാദേശികമായി പ്രചരിച്ചിരുന്ന കൈയ്യെഴുത്തു മാസികകളും ഇൻലാന്റ് മാസികകളും ഇന്ന് പൂർണ്ണമായും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി രജിസ്ട്രേഷനുള്ള 40ൽപ്പരം സാസംസ്ക്കാരിക സമിതികളും ക്ലബ്ബുകളുമുണ്ട്. എന്നാൽ ഇവയിൽ ചുരുക്കം ചിലതൊഴിച്ചാൽ ഭൂരിപക്ഷവും "ഓണ ക്ലബ്ബ്"കളാണ്. നാട്ടുമ്പുറങ്ങളിൽ ചെറുപ്പക്കാർ ഒത്തുചേർന്ന് നാടകങ്ങളും മറ്റ് കലാപരിപാടികളും സംഘടിപ്പിക്കാറുണ്ട്. എന്നാൽ തിരുവാതിരകളി, തുമ്പിതുള്ളൽ തുടങ്ങിയ നാടൻ കലാരൂപങ്ങൾ ഏതാണ്ട് മൺമറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവയുടെ സ്ഥാനത്ത് വീഡിയോ സിനിമകൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു.

പഞ്ചായത്തിലെ 15% വീടുകളിൽ ടെലിവിഷൻ ഉണ്ട്. കേബിൾ ടി.വിയും പ്രചരിക്കാൻ തുടങ്ങിയിരിക്കുന്നു. ടെലിവിഷന്റെ പ്രചാരം പൊതുവിൽ ഗുണപരമായ സാംസ്ക്കാരികവളർച്ചയ്ക്ക് സഹായിച്ചിട്ടില്ല എന്നു കാണാം. കുലശേഖരപുരം പഞ്ചായത്തിൽ 2 സിനിമാതീയേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ കായികനിലവാരം ഒട്ടും അഭിമാനകരമല്ല. ചെറുപ്രായത്തിൽത്തന്നെ കുട്ടികളെ കണ്ടെത്തി കായിക പരിശീലനം നൽകി ഉയർത്തിയെടുക്കാനുള്ള യാതൊരു ശ്രമവും ഇന്നില്ല. കായിക വളർച്ചയ്ക്ക് സമൂഹവും സർക്കാരും വ്യക്തികളും താൽപ്പര്യമെടുക്കുന്നില്ല. ക്ലബ്ബുകൾ നടത്തുന്ന കായികമത്സരങ്ങളും പഞ്ചായത്ത് കേരളോൽസവവും ഒഴിച്ചാൽ കായികപ്രതിഭകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഗ്രാമതലത്തിൽ യാതൊരു പരിപാടികളും ഇല്ല. നമ്മുടെ പഞ്ചായത്തിലെ കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കേണ്ട സ്ക്കൂളുകളും ഇക്കാര്യത്തിൽ ഏറെ പിന്നിലാണ്. ഒരു പുത്തൻ കായികസംസ്ക്കാരം വളർത്തിയെടുക്കാൻ പഞ്ചായത്ത്തലത്തിൽ ബഹുമുഖ പദ്ധതികൾക്ക് രൂപംനൽകേണ്ടതുണ്ട്. കുല

ശേഖരപുരത്തിന്റെ സാംസ്ക്കാരികരംഗത്ത് വിവിധതുറകളിൽ ശ്രദ്ധേയരായ പലരുമുണ്ട്. സാഹിത്യരംഗത്തെ പ്രശസ്തനായ വള്ളിക്കാവ് മോഹൻദാസ്, പത്രപ്രവർത്തനരംഗത്ത് എ.കെ.ഗോപാലകൃഷ്ണൻ, സിനിമാ-നാടകരംഗത്ത് ആദിനാട് ശശി, കെ.എസ്.പുരം സന്തോഷ്, നാടകരംഗത്ത് ആദിനാട് ഗോപൻ, ആദിനാട് വാസുദേവൻ എന്നിവരുടെ പേര് എടുത്തുപറയേണ്ടതാണ്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സാമ്പത്തിക പുരോഗതിയോടൊപ്പം സാസ്ക്കാരികവളർച്ചയും അനുപേക്ഷണീയമാണ്. അതുകൊണ്ടുതന്നെ ജനങ്ങളുടെ സാംസ്ക്കാരികവളർച്ച എന്ന വിഷയം അതീവപ്രാധാന്യമർഹിക്കുന്നു.

സാധ്യതകൾ

1. വായനശാലകൾ സാംസ്ക്കാരികകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുക.

2. വായനാശീലം വളർത്താൻ സ്ക്കൂൾതലത്തിൽത്തന്നെ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുക.

3. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരവും ദുർവിനിയോഗവും നിയന്ത്രിക്കുക.

4. കുറ്റവാസനകളും ലൈംഗിക അരാജകത്വവും വളർത്തുന്ന സിനിമകളുടെ മേൽ നിയന്ത്രണമേർപ്പെടുത്തുക.

5. പുതിയ രൂപത്തിലുള്ള അനാചാരങ്ങളുടെ പുനഃസ്ഥാപനം തടയാനുള്ള കൂട്ടായ യത്നം വളർത്തുക.

6. വിവാഹം അടക്കമുള്ള ചടങ്ങുകളുടെ ആർഭാടവും ദുർവ്യയവും നിയന്ത്രിക്കുക.

7. കായികവിനോദസൗകര്യങ്ങൾ്യങ്ങൾ വികസിപ്പിക്കുക.

8. പഞ്ചായത്തുതല കലാ-കായിക പരിപാടികൾക്ക് ഒരു വാർഷിക കലണ്ടർ തയ്യാറാക്കുക.

9. നല്ല സിനിമകളും ദൃശ്യകലാ രൂപങ്ങളും പ്രോത്സാഹിപ്പിക്കാൻ തക്കവിധം വീഡിയോ ക്ലബ്ബുകളും ഫിലം സൊസൈറ്റികളും രൂപീകരിക്കുക.

10. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ ബോധവൽക്കരണം നടത്തുക.

11. മതസൗഹാർദ്ദം വളർത്താനുള്ള പ്രായോഗിക പരിപാടികൾക്ക് രൂപം കൊടുക്കുക.

12. നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുക.

വനിത

ഏതൊരു സമൂഹത്തിന്റേയും പുരോഗതി ആ സമൂഹത്തിലെ സ്ത്രീകളുടെ ജീവിതനിലവാരവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. തൊഴിൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയകാര്യങ്ങളിൽ സ്ത്രീകളുടെ ഉയർച്ച സമൂഹത്തന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് വഴിവെക്കും ആനിലയ്ക്ക് കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ വിശദമായ പരിശോധന അർഹിക്കുന്നു. കഴിഞ്ഞനൂറ്റാണ്ടുകളിൽ ഇവിടുത്തെ സാമൂഹികവ്യവസ്ഥിതിയിൽ നിലനിന്നിരുന്ന സാമ്പത്തികവും ആചാരപരവുമായ കെട്ടുപാടുകളിൽ കുടുങ്ങിക്കിടന്ന സ്ത്രീസമൂഹം ഇന്ന് വളരെ മുന്നേറിയിട്ടുണ്ടെങ്കിലും ഒട്ടനവധി പ്രശ്നങ്ങൾ അവശേഷിക്കുകയാണ്. ജന്മിത്വത്തിന്റേതായ സാമൂഹിക കുടുംബബന്ധങ്ങളിൽ സ്ത്രീ വെറും തടവുകാരിയായിരുന്നു എന്ന് ഇവിടുത്തെ ചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നു. സമൂഹത്തിൽ സ്ത്രീക്കുള്ള പങ്ക് നിഷേധിക്കപ്പെടുകയും അവർ പുരുഷമേധാവിത്വത്തെ പഞ്ചപുഛമടക്കി അനുസരിക്കാൻ ചരിത്രപരമായി വിധിക്കപ്പെട്ടവരാണെന്ന ധാരണ പ്രബലമായിരുന്നു.

പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർദ്ധക്യേ
നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി

എന്ന മനുവിന്റെ ശാസനം പൊതുവിൽ നിലനിന്നുപോന്നിരുന്നു. സ്ത്രീക്ക് സ്വത്തവകാശമോ വിദ്യാഭ്യാസമോ ആവശ്യമില്ലന്ന കാഴ്ചപ്പാട് അംഗീകരിക്കപ്പെട്ടിരുന്നു. ജന്മിത്വവ്യവസ്ഥയിൽ കാർഷികവൃത്തിയടക്കമുള്ള ഉൽപാദനരംഗങ്ങളിൽ സ്ത്രീകളുടെഅദ്ധ്വാനം അനിയന്ത്രിതമായി ചൂഷണം ചെയ്യപ്പെടുകയും അവരുടെ പരിമിതമായ വ്യക്തിസ്വാതന്ത്യം പോലും അടിച്ചമർത്തപ്പെടുകയുമുണ്ടായി. ഇതിന് മതപരവും ജാതിപരവുമായ പിൻബലവും ലഭിച്ചിരുന്നു. തൽഫലമായി സ്ത്രീകൾ അദ്ധ്വാനിക്കാനും പുരുഷന്റെ ഇച്ഛാനുവർത്തിയായി, അടിമയായി ജീവിക്കാനും വിധിക്കപ്പെട്ടിരുന്നു. അതിനുമുപരി നൂറായിരം അന്ധവിശ്വാസങ്ങളുടെ ഇരയായി, നോവുകളുടെ ആഴക്കയങ്ങളിൽ ആണ്ടുകിടക്കേണ്ട ദുർവിധി നമ്മുടെ സ്ത്രീ സമൂഹത്തിനുണ്ടായി.

നവോത്ഥാനപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെയാണ്. സ്ത്രീകളെ കെട്ടിവരിഞ്ഞിരുന്ന സാമൂഹികവ്യവസ്ഥയുടെ കാണാച്ചരടുകളിൽ നേരീയ അയവുണ്ടായിതുടങ്ങിയത്. ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും മറ്റും ഉയർത്തിവിട്ട വിപ്ലവകരമായ ആശയങ്ങൾ സ്ത്രീകളുടെ വിദ്യാഭ്യാസാദി കാര്യങ്ങളിൽ ഒരു പുതിയ കാൽവെയ്പാവുകയായിരുന്നു. സ്ത്രീ സമൂഹത്തിൽ പ്രത്യാശയുടെ കിരണങ്ങൾതെളിയിക്കാൻ ഇതു വഴിവെച്ചു. നാട്ടിലാകെയുണ്ടായ ഈ മാറ്റങ്ങൾ കുലശേഖരപുരത്തും പ്രതിഫലിച്ചിരുന്നു. എന്നാൽ പഴയകാലങ്ങളിൽ സ്ത്രീകളുടെ സംഘടിതമായ മുന്നേറ്റങ്ങളോ, ഉയർത്തെഴുന്നേൽപ്പോ ഇവിടെ ഉണ്ടായില്ല. കാലം കടന്നുപോയപ്പോൾ സാമൂഹികസാമ്പത്തിക വ്യവസ്ഥയിൽ ഉണ്ടായ പുത്തൻപ്രവണതകൾ സ്ത്രീകളുടെ ജീവിതസാഹചര്യങ്ങളുടെ വ്യവസ്ഥാപിത ചട്ടക്കൂട് തകർക്കുകയും, അന്ധവിശ്വാസങ്ങളുടേയും അടിച്ചമർത്തലിന്റേയും മാറാലകളിൽ നിന്ന് സ്ത്രീകൾ മെല്ലെയെങ്കിലും മുന്നേറുകയും ചെയ്തു. കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയിൽ അണുകുടുംബങ്ങളുടെ ആവിർഭാവവും വിദ്യാഭ്യാസകാര്യങ്ങളിൽ സ്ത്രീകൾക്കുണ്ടായ പങ്കാളിത്വവും വലിയമാറ്റങ്ങൾക്ക് ഹേതുവായിട്ടുണ്ട്. എങ്കിലും കമ്പോളസമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് അനുസരിച്ച് സാമൂഹിക ജീവിതത്തിൽ സ്ത്രീകൾ കൂടുതൽ ജീവിതഭാരങ്ങൾ പേറുന്ന കാഴ്ചയാണ് ഇന്നും കാണുന്നത്. ജീവിതത്തന്റെ എല്ലാത്തുറകളിലും എത്തിപ്പെടാനും പുരുഷമേധാവിത്വം തകർക്കാനും സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും അത് ആശാവഹമായ തലത്തിൽ എത്തിയിട്ടില്ല. മുതലാളിത്ത വ്യവസ്ഥയിൽ മറ്റ് ചരക്കുകളെ പോലെ സ്ത്രീയും ഉപഭോഗവസ്തുവായി വ്യവഹരിക്കപ്പെടുന്നു. നമ്മുടെ സമൂഹം എത്തിനിൽക്കുന്ന

കാലികപ്രതിസന്ധികളെ മറികടക്കാൻ പുരോഗതിയുടെ പടവുകളിലേയ്ക്ക് ജനതയെ ഉയർത്താൻ പരിശ്രമിക്കുമ്പോൾ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അവഗണിക്കാൻ ആർക്കുംകഴിയില്ല.

1991ലെ സെൻസസ് പ്രകാരം കുലശേഖരപുരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 41464 ആണ്. ഇതിൽ 20974പേർ അഥവാ 50.6% സ്ത്രീകളാണ്. അതായത് പുരുഷൻമാരേക്കാൾ 512 സ്ത്രീകൾ കൂടുതലാണെന്നർത്ഥം. പഴയകാലത്തെ അപേക്ഷിച്ച് പഴയകാലത്തെ അപേക്ഷിച്ച് സാക്ഷരതയിലും വിദ്യാഭ്യാസനിലവാരത്തിലും വനിതകൾ പുരുഷൻമാർക്കൊപ്പമോ അതിനുമുന്നിലോ ആണ്. പ്രൈമറിവിദ്യാഭ്യാസമെങ്കിലും പൂർത്തിയാക്കാത്ത ആരും തന്നെ പുതിയതലമുറയിൽ ഇല്ല എന്നത് ശ്രദ്ധേയമാണ്. പെൺകുട്ടികളെ പഠിപ്പിക്കുന്നത് പാഴ്വേലയാണന്ന പഴയകാഴ്ചപ്പാട് ഏറെ മാറിയിട്ടുണ്ട്. സ്ത്രീകൾക്കിടയിൽ ബിരുദ-ബിരുദാനന്തര തലംവരെയോ, സാങ്കേതിക വിദ്യാഭ്യാസമോ നേടുന്നവരുടെ എണ്ണം വളരെകൂടിയിട്ടുണ്ട്. പ്രീഡിഗ്രി തലംവരെ ഇപ്പോൾ ഭൂരിപക്ഷം പെൺകുട്ടികളാണ് എത്തുന്നത് എന്നാൽ ചെറുതും വലുതുമായ തൊഴിൽമേഖലയിൽ പ്രവർത്തിക്കാൻതക്കവിധം തൊഴിലധിഷ്ടിതമായ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല. അതിനുള്ള പ്രാദേശിക സൗകര്യങ്ങൾ യതൊന്നും നമ്മുടെ പഞ്ചായത്തിലോ സമീപത്തോ ഇല്ല.

സ്ത്രീകൾക്കിടയിൽ ആരോഗ്യവിദ്യാഭ്യാസവും പരിമിതമാണ്. ഈ രംഗത്ത് അംഗൻവാടികളുടെ സേവനമാണ് പ്രധാനം. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 30 അംഗൻവാടികളിൽ 60 സ്ത്രീകൾ ജോലിചെയ്യുന്നു. മാതൃശിശുസംരക്ഷണത്തിലും ബോധവൽക്കരണത്തിലും സാമാന്യമായ കഴിവും താല്പര്യവുമുള്ളവരാണ് ഈ അംഗൻവാടി പ്രവർത്തകർ. കുട്ടികളിലൂടെ അമ്മമാരുമായി ബന്ധംസ്ഥാപിക്കാനും മാതൃസംഘങ്ങളിലൂടെയും മറ്റും സ്ത്രീകൾക്ക് ഫലപ്രദമായ ആരോഗ്യവിദ്യാഭ്യാസം ഇവർനൽകുന്നുണ്ട്. നാട്ടുപുറങ്ങളിലെ സ്ത്രികളുടേയും കുട്ടികളുടേയും പോഷകാഹാരകാര്യങ്ങളിലും അംഗൻവാടികളുടെ സേവനം പ്രശംസനീയമാണ്. സ്ത്രീകളുടേയും കുട്ടികളുടേയും വിദ്യാഭ്യാസ ആരോഗ്യാദി നിലവാരം ഉയർത്തുന്നതിൽ വലിയ പങ്കുവഹിക്കാൻ അംഗൻവാടികൾക്ക് കഴിയും. എന്നാൽ അതിൽ സമൂഹം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. പകുതിയിലേറെ അംഗൻവാടികൾക്ക് കെട്ടിടമില്ല. കുട്ടികൾക്ക് നല്ല ഇരിപ്പിടങ്ങളോ കളിക്കോപ്പുകളോ ഇല്ല. അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ശമ്പളം മറ്റു മേഖലകളെ അപേക്ഷിച്ച് വളരെ തുച്ഛമാണ് . ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണം. ഈ പഞ്ചായത്തിലെ വനിതകളുടെ നന്മയ്ക്ക് അത് അനിവാര്യമാണ്.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ സാഹചര്യങ്ങൾ പരിശോധിച്ചാൽ സ്ഥിതി ദയനീയമാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കുലശേഖരപുരം പ്രദേശത്ത് സ്ത്രീകൾ പ്രധാനമായും കാർഷികവൃത്തിയിൽ ഏർപ്പെടുകയായിരുന്നു. പുരുഷനെ അപേക്ഷിച്ച് ജോലിഭാരം കൂടുതലായാലും കൂലിക്കുറവ് പണ്ടും സ്ത്രീകൾക്കായിരുന്നു. മുന്നു പൂ കൃഷി നടക്കുന്ന അക്കാലത്ത് കാർഷികമേഖലയിലെ തൊഴിൽ ദിനങ്ങൾ വളരെ കൂടുതലായിരുന്നു. എങ്കിലും ക്ഷാമകാലങ്ങളിലും പഞ്ഞമാസങ്ങളിലും പട്ടിണിയും വറുതിയും വളരെ വ്യാപകമായിരുന്നു. അത്തരം കെടുതികൾ ഏറെ അനുഭവിക്കുവാൻ സ്ത്രീകൾ വിധിക്കപ്പെട്ടിരുന്നു. 50കൾക്കുശേഷം കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ വ്യാപനത്തോടെ നാട്ടുംപുറത്തെ നല്ലൊരു വിഭാഗം സ്ത്രീകൾക്ക് ആ മേഖലയിൽ തൊഴിൽ ലഭിച്ചു.

നമ്മുടെ പ്രദേശത്തെ സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ പരമ്പരാഗത വ്യവസായങ്ങൾ വളരെ സഹായിച്ചിട്ടുണ്ട്. എന്നാൽ കാർഷിക മേഖലയിൽ കഴിഞ്ഞ രണ്ടുമുന്ന് പതിറ്റാണ്ടുകൾക്കിടയിലുണ്ടായ തകർച്ചയും കൃഷിയുടെ നാണ്യവിളയിലേയ്ക്കുള്ള മാറ്റവും മൂലം കർഷകത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ വൻതോതിൽ നഷ്ടപ്പെടുകയുണ്ടായി. തുടർന്ന് കയർ കശുവണ്ടി തഴപ്പായ് മെയ്ത്ത് തുടങ്ങിയ തൊഴിൽ മേഖലകൾ പ്രതിസന്ധിയിലായതോടെ സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ ഇവിടെ ഗുരുതരമാവുകയായിരുന്നു. കഴിഞ്ഞ കുറേക്കാലമായി സ്ത്രീകളുടെ തൊഴിലവസരങ്ങളും പങ്കാളിത്തവും വർദ്ധിപ്പിക്കുവാൻ നിലവിലുള്ള ഒരു പദ്ധതിയും ഈ പ്രദേശത്തെ സഹായിച്ചില്ല. സ്ത്രീകളെ പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് തിരിച്ചുവിടാൻ തക്കവണ്ണം ചെറുകിട-കുടിൽ വ്യവസായങ്ങൾ തുടങ്ങാനും പരമ്പരാഗത രംഗത്തെ നവീകരിക്കാനും ദീർഘവീക്ഷണത്തോടെയുള്ളയാതൊരു നീക്കങ്ങളും ഉണ്ടായില്ല. സ്ത്രീകളുടെ പുരോഗതിക്കായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ വഴിമുന്നോട്ടുവരുന്ന ചുരുക്കം വനിതകളെങ്കിലും ഡിപ്പാർട്ട്മെന്റിന്റെയും ബാങ്കുകളുടേയും ഊരാക്കുടുക്കിൽപ്പെട്ട് പിന്തിരിയുന്ന കാഴ്ചയാണുള്ളത്. പുതിയ

തൊഴിലുകൾ കണ്ടെത്താനുള്ള പരിശീലനവും പ്രോത്സാഹനവും വേണ്ടവിധം ലഭിക്കുന്നില്ല. അവർക്ക് ആത്മവിശ്വാസം പകരാനും കഴിയുന്നില്ല.

തത്ഫലമായി അഭ്യസ്തവിദ്യരടക്കം ഈ പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും ഗാർഹികമായ കാണാപ്പണി ചെയ്തു കഴിയുന്നവരാണ്. കുട്ടികളെ വളർത്തുക, വീടും പരിസരവും വൃത്തിയാക്കുക, ആഹാരം പാകം ചെയ്യുക. അതിനാവിശ്യമായ വിറക് ശേഖരിക്കുക തുടങ്ങിയ ജോലികൾ ഭൂരിപക്ഷം സ്ത്രീകളിലും നിക്ഷിപ്തമാണ്. ജോലി എന്താണെന്ന് ചോദിച്ചാൽ 'ജോലിയൊന്നുമില്ല' എന്നാണിവരുടെ ഉത്തരം. ഓഫീസുകളിലും മറ്റ് തൊഴിലിടങ്ങളിലും പണിയെടുക്കുന്ന ഒരു വിഭാഗം സ്ത്രീകൾ വീട്ടുജോലികളും ചെയ്യുന്നു. ഇരട്ടജോലികൾ ചെയ്യുന്ന ഇവരുടെ തൊഴിൽ ഭാരം പുരുഷന്മാരേക്കാൾ വളരെ കൂടുതലാണ്.

വരുമാനം ലഭിക്കുന്ന തൊഴിലെടുക്കുന്നവരുടെ സംഖ്യ സ്ത്രീകളിൽ വളരെകുറവാണ്. കയർ,കശുവണ്ടി മേഖലയിൽ 4500 സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. മറ്റ് രംഗങ്ങൾ എല്ലംകൂടിയെടുത്താൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം ആകെയുള്ളതിന്റെ മുന്നിലൊന്നു പോലും വരില്ല.

എന്നാൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്ന ഒട്ടേറെ ചെറുകിട വ്യവസായങ്ങളുണ്ട്. റെഡി മെയ്ഡ് വസ്ത്രനിർമ്മാണം, പലഹാരങ്ങൾ, അച്ചാറുകൾ എന്നിവയുടെ നിർമ്മാണം, ഇലക്ട്രോണിക്സ് ഘടകനിർമ്മാണ യൂണിറ്റുകൾ, പഴസംസ്കരണം എന്നിവയും ആട്, കോഴിവളർത്തൽ, പശുവളർത്തൽ, പച്ചക്കറിത്തോട്ടം, പൂകൃഷി തുടങ്ങി ഒട്ടേറെ സ്വയംതൊഴിൽ സാധ്യതകളും നമ്മുടെ പഞ്ചായത്തിലുണ്ട്. സ്വന്തമായി തൊഴിൽ ചെയ്ത് വരുമാനം ആർജ്ജിക്കാനും ആ നിലയ്ക്ക് സാമൂഹ്യ പദവി ഉയർത്താനും സ്ത്രീകൾക്ക് സ്വന്തംകാലിൽ നിൽക്കാനുള്ള ശേഷിവളർത്തുകയും വേണം. ഇതിന് സ്ത്രീകളുടെ കൂട്ടായ്മയുണ്ടാകണം. നിലവിലുള്ള IRDP, DWCRA തുടങ്ങിയ പദ്ധതികൾ വ്യാപകമാക്കണം.

സ്ത്രീകളുടെ ആരോഗ്യകാര്യങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ മാറ്റംഉണ്ടായി. സാക്ഷരതയിലും വിദ്യാഭ്യാസ നിലവാരത്തിലും ഉണ്ടായ വർദ്ധനവ് ആരോഗ്യസംരക്ഷണത്തിനും രോഗപ്രതിരോധം, കുടുംബാസൂത്രണം എന്നിവയിലും ഗുണപരമായ നേട്ടം ഉണ്ടായിട്ടുണ്ട്. എങ്കിലും നല്ലൊരു വിഭാഗം രോഗാതുരരാണ്. പൊതുജനാരോഗ്യസംവിധാനത്തിന്റെ അപര്യാപ്തതകളും സ്വകാര്യആശുപത്രികളിലെ ചികിൽസാചെലവിന്റെ ഭാരവും ദുർബലവിഭാഗത്തിന്റെ ആരോഗ്യരക്ഷയ്ക്ക് തടസ്സമാകുന്നു. പോഷകാഹാരക്കുറവും വ്യാപകമായിട്ടുണ്ട്. ആധുനിക ജീവിതക്രമങ്ങളിൽ നിന്നുമുണ്ടാകുന്ന പലരോഗങ്ങളും സ്ത്രീകളിൽ കാണുന്നുണ്ട്. എന്നാൽ സമീപകാലങ്ങളിൽ സ്ത്രീകളുടെ പ്രസവജന്യരോഗങ്ങളിലും ശിശുമരണ നിരക്കിലും വൻ കുറവുണ്ടായിട്ടുണ്ട്. P.H സെന്ററും , സബ്സെന്ററുകളും അംഗനവാടികളും കാര്യക്ഷമമായി യോജിപ്പിച്ചുകൊണ്ട് ഗ്രാമീണവനിതകളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. അതുപോലെതന്നെ പരമ്പരാഗത വ്യവസായത്തിൽ പണിയെടുക്കുന്ന സ്ത്രീകളെ ബാധിക്കുന്ന തൊഴിൽ ജന്യ രോഗങ്ങൾ നിയന്ത്രിക്കാനുള്ള ആരോഗ്യപദ്ധതിയും രൂപപ്പെടുത്തണം. സ്ത്രീകൾക്കിടയിൽ വ്യാപകമായി ആരോഗ്യവിദ്യാഭ്യാസം നൽകാനുള്ള സംവിധാനവും ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ സാംസ്ക്കാരിക വളർച്ചയും വനിതാ വികസനത്തിൽ ലക്ഷ്യമിടേണ്ട കാര്യമാണ്. എന്നാൽ ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ സ്ഥിതി ആശാവഹമല്ല. വനിതകളുടെ ഇടയിൽ വായനാശീലം വളരെ കുറയുകയാണ്. പത്രങ്ങൾ വായിക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. എന്നാൽ വാരികകളും മാസികകളും നല്ല പ്രചാരത്തിലാണ്. അടുത്തകാലത്തുണ്ടായ ടെലിവിഷൻ പ്രചാരം സ്ത്രീകളെ വായനയിൽനിന്നും കാഴ്ചക്കാരിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ സമൂഹത്തെ ഗ്രസിച്ചിട്ടുള്ള ഒട്ടേറെ സാമൂഹ്യ പ്രശ്നങ്ങളെ മറികടക്കാനുള്ള സ്ത്രീകളുടെ കൂട്ടായ്മ നമ്മുടെ വനിതകൾക്കിടയിൽ വേണ്ടവിധം രൂപപ്പെട്ടിട്ടില്ല. സ്ത്രീ-പുരുഷ സമത്വം, സ്ത്രീ സ്വാതന്ത്ര്യം സ്ത്രീകളുടെ തൊഴിൽ വിദ്യാഭ്യാസ സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്ത്രീകളോടുള്ള അവഗണനയും വിവേചനവും അതിക്രമങ്ങളും അവസാനിപ്പിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന വനിതാ പ്രസ്ഥാനങ്ങൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ത്രീകൾ ഭൂരിപക്ഷവും അസംഘടിതരാണ് മാമൂലുകളും യാഥാസ്ഥിതിക ധാരണകളും പൊതുരംഗത്തേയ്ക്കുള്ള സ്ത്രീകളുടെ വരവിനെ തടയുന്നു. ട്രേഡ് യൂണിയൻ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. വിദ്യാഭ്യാസ വളർച്ചയ്ക്ക് അനുസരണമായി അന്ധവിശ്വാസങ്ങൾക്ക് കുറവുണ്ടായിട്ടില്ല. മതപരവും ജാതിപരവുമായ അനാചാരങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഇതിന് മാറ്റംവരുത്താൻ മഹിളാ സമാജങ്ങളുടെ പ്രവർത്തനം എല്ലാ വാർഡിലും ഉണ്ടാകണം.

നിലവിലുള്ള സാമ്പത്തിക വ്യവസ്ഥയും സ്ത്രീകളെ അലട്ടുന്ന മുഖ്യപ്രശ്നങ്ങളിൽ ഒന്നാണ് സ്ത്രീധനം. സ്ത്രീധനത്തിന്റെ പേരിലുള്ള പീഢനങ്ങൾ ഏറുകയാണ്. സ്ത്രീധന നിരോധനനിയമം നിസ്സഹായമായി നിലകൊള്ളുന്നു. കേരളത്തിൽ സ്ത്രീധനത്തിന്റെ തോത് ഏറ്റവും കൂടിയ പ്രദേശമാണ് നമ്മുടേത്. ഈ

പശ്ചാത്തലത്തിലും സ്ത്രീധനം കൊടുക്കാനില്ലാത്തതിനാൽ വൈവാഹിക ജീവിതത്തിന് അവസരം ലഭിക്കാത്ത നിരവധി പെൺകുട്ടികളുണ്ട്. സ്ത്രീധനം കൊടുക്കാത്തതിന്റെ പേരിൽ കുട്ടികൾ ഉണ്ടായതിൽപ്പിന്നെ ഉപേക്ഷിക്കപ്പെടുകയോ, മർദ്ദനം അനുഭവിക്കുകയോ ചെയ്യുന്ന സ്ത്രീകളും ധാരാളമുണ്ട്. പുരുഷന്മാർക്കിടയിലെ മദ്യപാനത്തിന്റെ കെടുതികളും അതുമായി ബന്ധപ്പെട്ട ഗാർഹിക പ്രശ്നങ്ങളും വൻതോതിതിൽ അനുഭവിക്കുന്നത് സ്ത്രീകളാണ്. ഇതിന് അടിയന്തിരമായ പരിഹാരം ഉണ്ടാകണം. സമൂഹം ഒറ്റക്കെട്ടായി ഇതിനെതിരെ ഉണരേണ്ടതുണ്ട്. സ്ത്രീകളെ ചന്തയിലെ ലേലച്ചരക്കായി കാണുന്ന സമീപനം സാമൂഹ്യപുരോഗതിക്ക് എതിരാണ്. അത് മാറേണ്ടതുണ്ട്.

സ്ത്രീകളുടെ നേർക്കുള്ള അതിക്രമങ്ങളും ഏറിയോ കുറഞ്ഞോ ഇവിടെ ഉണ്ട്. വിദ്യാർത്ഥിനികളാണ് ഇതിന് കൂടുതൽ വിധേയമാകുന്നത്. സ്ത്രീകളുടെ അശ്ലീല പോസ്റ്ററുകളും മറ്റും യഥേഷ്ടം പ്രചരിക്കുന്നു. സ്ത്രീകളുടെ സാമൂഹ്യ പദവിക്കെതിരെ നടക്കുന്ന അതിക്രമങ്ങളും, സ്ത്രീകളെ ഉപഭോഗവസ്തുവായി ചിത്രീകരിക്കുന്ന കമ്പോളശക്തികളുടെ പരസ്യ പ്രചാരണവും അവസാനിപ്പിക്കണം. പൊതു പ്രവർത്തനരംഗത്തേയ്ക്ക് ഉയർന്നുവരുന്ന സ്ത്രീകളുടെ എണ്ണം നന്നേ കുറവാണ്. അവിടെയൊക്കെ നിലനിൽക്കുന്ന പുരുഷമേധാവിത്വപരമായ നിലപാടുകൾ മാറേണ്ടതുണ്ട്. സാമൂഹ്യരംഗത്തേയ്ക്ക് വരുന്ന സ്ത്രീകൾക്കു നേരെ പുരുഷമേധാവിത്വവും ജാതിമത ശക്തികളും പ്രകടിപ്പിക്കുന്ന മതിപ്പില്ലായ്മ സ്ത്രീകൾതന്നെ ഏറ്റു പറയുന്നു. സ്ത്രീകളുടെ ശത്രു സ്ത്രീകൾതന്നെ എന്നു പറയുന്നതുപോലെ മാമൂലുകളിൽനിന്നും മോചനം നേടാനും സ്വന്തം അസ്തിത്വവും പദവിയും നിലനിർത്താനുമുള്ള സ്ത്രീകളുടെ കൂട്ടായ്മ ഉണ്ടാകണം. അതിനവർ ഒത്തുചേരണം. എങ്കിൽ മാത്രമേ സ്ത്രീകൾക്ക് സ്വന്തം വിധിയുടെ വിധാതാക്കളാകാൻ കഴിയൂ.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ വ്യാപകമായ തൊഴിലില്ലായ്മ, ദാരിദ്ര്യം, രോഗങ്ങൾ
2. സ്വയം തൊഴിൽ കണ്ടെത്താനുള്ള പരിശീലനത്തിന്റെ അഭാവം, പ്രോത്സാഹനമില്ലായ്മ
3. സ്ത്രീകൾ സംഘടിതരല്ല. പല ശക്തികളും വനിതകളുടെ കൂട്ടായ്മയ്ക്ക് തടസ്സം നിൽക്കുന്നു.
4. തൊഴിലെടുക്കാൻ കഴിവുള്ളവർ വീടിനുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുന്നു.
5. സ്ത്രീധനം എന്ന ആപത്ത് സ്ത്രീകളെ വേട്ടയാടുന്നു.
6. സ്ത്രീകളുടെ നേർക്കുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നു.
7. പൊതുരംഗത്ത് സ്ത്രീകളുടെ നേതൃത്വപരമായ പങ്കിന്റെ അഭാവം.
8. ആരോഗ്യവിദ്യാഭ്യാസത്തിന്റെ കുറവ്
9. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സ്വാധീനം.
10. സ്ത്രീകൾക്ക് തൊഴിൽ പരിശീലനത്തിന്റെ കുറവ്
11. സ്ത്രീകളുടെ സംഘടിത പ്രവർത്തനത്തിന്റെ അഭാവം

സാധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങളിലുടെയും നവീകരണത്തിലുടെയും പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകവഴിയും സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ.
2. വിദ്യാഭ്യാസത്തിൽ തൊഴിൽ ആരോഗ്യകാര്യങ്ങൾക്ക് മുൻഗണന.
3. സ്വയംതൊഴിൽ പദ്ധതികൾക്കും സഹകരണരംഗത്തെ കൂട്ടായ്മയ്ക്കും ആവശ്യമായ പ്രോത്സാഹനം.
4. ശിശു സംരക്ഷണത്തിലും പോഷകാഹാരകാര്യങ്ങളിലും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ.
5. അംഗനവാടികൾക്ക് എല്ലാത്തിനും കെട്ടിടവും മറ്റ് സൗകര്യങ്ങളുമുണ്ടാക്കുക.
6. എല്ലാ വാർഡിലും വനിതാസമാജങ്ങളുടെ രൂപീകരണം
7. അന്ധവിശ്വാസങ്ങളിൽനിന്ന് മോചനം
8. കൃഷി, മൃഗപരിപാലനം, പച്ചക്കറിക്കൃഷി എന്നിവയിൽ സ്ത്രീകളുടെ പങ്ക് വികസിപ്പിക്കുക.
9. സ്ത്രീകളുടെ സാംസ്ക്കാരിക ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ
10. സ്ത്രീകളിൽ ആത്മവിശ്വാസം വളർത്താനും അവരെ പൊതുരംഗങ്ങളിലും ഭരണരംഗങ്ങളിലും ഉയർത്തിയെടുക്കാനും കഴിയുക.
11. തൊഴിൽസ്ഥാപനങ്ങളിൽ ക്രെഷേകൾ പ്രവർത്തിപ്പിക്കുക.
12. വൃദ്ധകൾക്കും മറ്റും സംരക്ഷണം നൽകാനുള്ള വൃദ്ധഭവനം പഞ്ചായത്തിൽ സ്ഥാപിക്കുക.
13. സ്ത്രീകൾക്ക് മാത്രമായ വായനശാലയ്ക്ക് രൂപം കൊടുക്കുക.
14. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണത്തിനും ആരോഗ്യപരിപാലനത്തിനും അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുക.
14. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്ക് കർശനമായ ശിക്ഷ നടപ്പാക്കുക.

പട്ടിക - 1

പഞ്ചായത്തിലെ അംഗനവാടികളിൽനിന്ന് ശേഖരിച്ച വിവരങ്ങൾ

1.	a)	പഞ്ചായത്തിലെ ആകെ ജനസംഖ്യ	:	41464
	b)	പുരുഷന്മാർ	:	20476
	c)	സ്ത്രീകൾ	:	20988
2.	a)	പട്ടികജാതി ജനസംഖ്യ	:	3469
	b)	പട്ടികവർഗ്ഗ ജനസംഖ്യ	:	6
3.	a)	അംഗനവാടികളുടെ എണ്ണം	:	30
4.	a)	ഒരുവയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾ	:	296
	b)	1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	330
	c)	2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	954
	d)	3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:	1072
5.	a)	ആകെ ഗർഭിണികളുടെ എണ്ണം	:	230
	b)	ഇവരിൽ പ്രത്യേകപരിചരണം അവശ്യമുള്ളവരുടെ എണ്ണം	:	10
6.	a)	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6മാസം വരെ പ്രായമുള്ള കുട്ടികളുള്ള)	:	252
7.		കഴിഞ്ഞവർഷത്തെ ചാപിള്ള ജനനങ്ങൾ	:	8
8.	a)	ഒരുവയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95- 96)	:	ഇല്ല
	b)	1-3 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം	:	1
	c)	3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	:	ഇല്ല
9.	a)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	:	2400
	b)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	:	190
	c)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	:	175

പട്ടിക - 2

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
പ്രായം	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	135	161	57	78	20	18	ഇല്ല	ഇല്ല
2-3 വയസ്സ്	625	659	319	327	278	299	ഇല്ല	1
3-6 വയസ്സ	510	562	244	279	240	255		

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

സഹകരണ മേഖല

രണ്ടാംലോക മഹായുദ്ധം വരുത്തിവച്ച ദുരന്തങ്ങളിൽ മുഖ്യം സാമ്പത്തികരംഗത്തുണ്ടായ തകർച്ചയായിരുന്നു. ലോകമെമ്പാടും കാർഷിക വ്യവസായിക രംഗം തകർന്നു. ഉല്പാദനം മൂന്നിലൊന്നായി ചുരുങ്ങി. സമ്പദ്‌വ്യവസ്ഥ ആകെ താറുമാറായി. പട്ടിണി പടിവാതിലിൽ മുട്ടി. കൂട്ടായ്മയിൽ കൂടിയല്ലാതെ അഭിവൃദ്ധി ഉറപ്പുവരുത്താൻ പറ്റാത്ത സാഹചര്യമുണ്ടായി. ഈയവസരത്തിലാണ് കൂട്ടായ്മയുടെ പ്രസക്തി വർദ്ധിച്ചതും, സഹകരണ പ്രസ്ഥാനത്തിന് രൂപം കൈവന്നതും. കേരളം ഈ പ്രകിയയിൽ പങ്കുചേർന്നു. ചെറുകിട, നാമമാത്ര കൃഷിക്കാർ സംഘടിക്കുകയും പരസ്പരം സഹായസഹകരണങ്ങൾക്ക് രൂപം നല്കുകയും ചെയ്തു.

കുലശേഖരപുരം പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം താഴത്തോട്ടത്തു ശ്രീ രാഘവൻപിള്ള പ്രസിഡന്റായും, നടുവിൽ ശ്രീ രാമസ്വാമി ചെട്ടിയാർ സെക്രട്ടറിയായും രൂപപ്പെട്ട പുന്നക്കുളം വിവിദോദ്ദേശ സഹകരണസംഘമാണ്. 1924-ൽ ഇതു സ്ഥാപിതമായി.

1929-ൽ ആദിനാടു വടക്കു കേന്ദ്രമാക്കി 866-ാം നമ്പർ പരസ്പര സഹായസംഘവും, ആദിനാട് തെക്ക് കേന്ദ്രമാക്കി 995-ാം നമ്പർ പരസ്പര സഹായസംഘവും, കടത്തൂർ കേന്ദ്രമാക്കി 1305-ാം നമ്പർ പരസ്പര സഹായസഹകരണസംഘവും രൂപീകൃതമായി. ഈ സംഘങ്ങൾ കുലശേഖരപുരത്തെ കർഷകരെ കടക്കെണിയിൽ നിന്നു മോചിപ്പിച്ചു എന്നതിലുപരി കാർഷിക മേഖലയിൽ ഫലവത്തായി ഇടപെടുകയും അവരുടെ അത്താണിയായി വർത്തിക്കുകയും ചെയ്തു. താമസം വിനാ നിക്ഷിപ്ത താല്പര്യക്കാർ ബോധപൂർവ്വം ഈ രംഗത്ത് കടന്നുകയറുകയും, സഹകരണ രംഗത്തെ തകർച്ചയിൽ കൊണ്ടെത്തിക്കുകയും ചെയ്തതായി കാണാം. തുടർന്നുള്ള ഏതാനും വർഷം ഈ രംഗം കാര്യമായ സ്വാധീനം ജനങ്ങളിൽ ഉണ്ടാക്കിയതായി തെളിവില്ല.

1960-കളിൽ സർക്കാർ സഹായത്തോടുകൂടി സേവനോത്സുകമായ ഒരു പറ്റം ജനങ്ങളുടെ സഹായസഹകരണത്തോടെ നിഷ്ക്രിയമായി കിടന്ന സഹകരണമേഖല പ്രവർത്തനോന്മുഖമാക്കി. 1961-ൽ പ്രവർത്തനരഹിതമായിക്കിടന്ന 866, 995, 1305 എന്നീ പരസ്പര സഹായ സഹകരണ സംഘങ്ങളെ സംയോജിപ്പിച്ച് 995-ാം നമ്പർ സർവ്വീസ് സഹകരണസംഘത്തിന് രൂപം കൊടുത്തു. അതിന്റെ സ്ഥാപക പ്രസിഡന്റ് ആദിനാട് കരുണാകരൻപിള്ളയും സെക്രട്ടറി കൊച്ചുവല്ലാറ്റിൽ ശ്രീ ആർ. ദാമോദരക്കുറുപ്പും ആയിരുന്നു. ആദിനാട് തെക്ക് പുത്തൻ പുരയ്ക്കൽ കുടുംബാംഗങ്ങൾ സംഭാവന ചെയ്ത സ്ഥലത്ത് 183 അംഗങ്ങളും 687 രൂപാ മൂലധനവുമായി തുടങ്ങി ഇന്ന് 9633 അംഗങ്ങളും 20 കോടിയിലധികം രൂപ വാർഷിക ടേണോവറുമുള്ള ഇന്നത്തെ 995-ാം നമ്പർ സർവ്വീസ് സഹകരണബാങ്കായി.

ഇതേ വർഷം തന്നെ ആദിനാട് വടക്ക് കേന്ദ്രമാക്കി 25 അംഗങ്ങളും 250 രൂപ ഓഹരിമൂലധനവുമായി തുടങ്ങിയ സ്ഥാപനമാണ് 218-ാം നമ്പർ സർവ്വീസ് സഹക

രണസംഘം. ഇതിന്റെ സ്ഥാപക പ്രസിഡന്റ് എല്ലയ്ത്ത് ശ്രീ. എൻ. ശ്രീധരനും സെക്രട്ടറി കല്ലൂർ കിഴക്കതിൽ ശ്രീ. എൻ. മാധവനും ആയിരുന്നു. ഇന്ന് 8200 അംഗങ്ങളും 4 കോടി 21 ലക്ഷം രൂപ ടേണോവറുമുള്ള സർവ്വീസ് ബാങ്കായ് പുന്നക്കുളം 1240-ാം നമ്പർ വിവിധോദ്ദേശ സഹകരണസംഘം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കായി പുനർനാമകരണം ചെയ്തു. ഇപ്പോൾ 2007 അംഗങ്ങളും 1 കോടി 36 ലക്ഷം രൂപാ വാർഷിക ടേണോവറുമുണ്ട്.

ഈ പഞ്ചായത്തിൽ ആകെയുള്ള ക്രെഡിറ്റ് സംഘങ്ങൾ പഞ്ചായത്തിലെ മൊത്തം ജനവിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങളിൽ താല്പര്യപൂർവ്വം പ്രവർത്തിക്കുന്നു. വലുതും, ചെറുതു, നാമമാത്രമായതുമായ കർഷകരുടെ ഭവനനിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, കൃഷി, തുടങ്ങി എല്ലാവിധ ആവശ്യങ്ങൾക്കും യഥാസമയം വായ്പ നല്കുന്നു. വായ്പ തിരിച്ചടവ് ത്വരിതപ്പെടുത്തുന്നതിനു നാളീകേര സംഭരണം നടത്തുന്നതിലൂടെ കർഷകന് നാളീകേരത്തിന് കൂടുതൽ വില ലഭിക്കുന്നു.

മേല്പറഞ്ഞ മൂന്നു സർവ്വീസ് ബാങ്കുകൾക്കു പുറമേ താഴെപ്പറയുന്ന വിവിധതരം സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1. ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണസംഘം - ഒന്ന്
2. പ്രൈമറി കയർ സഹകരണ സംഘം - അഞ്ച്
3. ഖാദി സഹകരണസംഘം - രണ്ട്
4. ക്ഷീര സഹകരണസംഘം - അഞ്ച്
5. ഹരിജൻ സഹകരണസംഘം - രണ്ട്
6. കൺസ്യൂമർ സഹകരണസംഘം - രണ്ട്
7. ലേബർ കോൺട്രാക്ട് സൊസൈറ്റി - രണ്ട്
8. കുലശേഖരപുരം പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം - ഒന്ന്
9. വനിതാ സഹകരണസംഘം - രണ്ട്
10. ഉൾനാടൻ മത്സ്യസംഘം - ഒന്ന്
11. സ്കൂൾ സഹകരണ സംഘങ്ങൾ - നാല്
12. കേരഫെഡ് - ഒന്ന്

ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥാപിച്ചതും ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതുമായ റൂറൽ ഹൗസിംഗ് സഹകരണസംഘം നടപ്പുവർഷം 48 ലക്ഷത്തോളം രൂപ ഭവനവായ്പയായി നല്കിയിട്ടുണ്ട്. നല്ല രീതിയിൽ പ്രവർത്തനം നടക്കുന്ന സംഘങ്ങളിൽ ഒന്നാണിത്.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ തീരത്ത് പ്രവർത്തിക്കുന്ന കയർ പ്രൈമറി സംഘങ്ങളിൽ മൂന്നും നാമമാത്രമായി പ്രവർത്തിക്കുന്നെങ്കിൽ മറ്റ് രണ്ടെണ്ണം പ്രവർത്തനരഹിതമാണ്. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും അവയുടെ വൃദ്ധിക്ഷയങ്ങൾക്ക് കാരണമാകുന്നു. ആയിരത്തിലധികം വരുന്ന തൊഴിലാളികളുടെ ഏകവരുമാനമാർഗ്ഗമായി ഈ സംഘങ്ങളെ കരുതാമെങ്കിലും ഫലത്തിൽ ഈ മേഖലയിലേക്ക് തൊഴിലാളികൾ ആകൃഷ്ടരാകുന്നില്ല. തൊഴിൽ ജന്യരോഗങ്ങൾ, സേവന സ്ഥിരതയില്ലായ്മ, വേതനക്കുറവ് ഇവയാണ് കാരണങ്ങൾ.

രണ്ട് ഖാദിസഹകരണസംഘങ്ങളുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ഒട്ടും കാര്യക്ഷമമല്ല.

ക്ഷീര സഹകരണസംഘങ്ങൾ താരതമ്യേന ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നെങ്കിലും ഡയറി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കോട്ടയ്ക്കുപുറം ക്ഷീര സംഘം ലാഭകരമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം നിലനില്ക്കുന്നു. കൂടുതൽ കൃഷിക്കാരെ കാലിവളർത്തലിൽ പ്രേരിപ്പിക്കുകയും അവർക്ക് ആവശ്യമായ കാലിത്തീറ്റയും മറ്റുവസ്തുക്കളും സബ്സിഡിയോടുകൂടി ലഭ്യമാക്കുകയാണെങ്കിൽ അതും ലാഭകര

പട്ടിക 1

സർവ്വീസ് സഹകരണ ബാങ്കുകൾ

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിതം	അംഗങ്ങൾ	ഓഹരിമൂലധനം	കാർഷിക വായ്പ	കാർഷികേതര വായ്പ	നിക്ഷേപം	ജില്ലാ വായ്പ	ജീവനക്കാർ	നഷ്ടം/ലാഭം
1.	Q995	1961	9633	1917000	2041550	52867208	43484807	2041550	18	ലാഭം
2.	Q218	1961	8200	1036500	1500000	7269775	13781262	1390023	8	ലാഭം
3.	Q1240	1924	2007	500000	900000	1100000	-	300000	3	നഷ്ടം

മാക്കി പ്രവർത്തിപ്പിക്കുവാൻ കഴിയും.

രണ്ടു ഹരിജൻ സഹകരണസംഘങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

കൺസ്യൂമർ സൊസൈറ്റികളുടെ പ്രവർത്തനങ്ങളും ആശാവഹമല്ല. ലേബർ കോൺട്രാക്ട് സൊസൈറ്റികളും പ്രവർത്തനരഹിതമാണ്. സെറി കൾച്ചർ സഹകരണ സംഘം, വനിതാവികസന സഹകരണസംഘം ഇവയും ജനാവശ്യം മുൻനിർത്തി പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് അതിർത്തിയിലുള്ള നാല് സ്ക്കൂൾ സഹകരണ സംഘങ്ങൾ ഉള്ളത് ഡിപ്പാർട്ടുമെന്റ് നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു.

പ്രശ്നങ്ങളും സാധ്യതകളും

പ്രശ്നങ്ങൾ-കയർസംഘങ്ങൾ

1. കയർ പ്രൈമറി സംഘങ്ങൾക്ക് ജനജീവിതത്തെ സമ്പന്നമാക്കാൻ കഴിയുമെന്നിരിക്കെ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിയമങ്ങൾ തടസ്സമായിരിക്കുന്നു.

2. പഞ്ചായത്തിലെ ആകെയുള്ള 3 ക്രെഡിറ്റ് സംഘങ്ങളും അംഗങ്ങളിൽ നിന്ന് നാളീകേരം സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. ഉദ്ദേശം 15 ലക്ഷം നാളീകേരം ഈ സംഘങ്ങളിൽ വിപണനത്തിനെത്തിച്ചേരുന്നു. അടുത്ത കാലത്തായി ചില സാങ്കേതിക കാരണങ്ങളാൽ നാളീകേര സംഭരണത്തിലും വിപണനത്തിനുമുള്ള കാലവിളംബം കർഷകർക്ക് ഭാരിച്ച നഷ്ടമുണ്ടാക്കുന്നു. ഇതിനു പരിഹാരം കാണേണ്ടതായുണ്ട്.

3. സഹകരണമേഖലകളിലേക്കുള്ള നിക്ഷേപത്തിന്റെ വരവു കുറയുന്നതുമൂലം വായ്പ വിതരണത്തിന് കാലതാമസമുണ്ടാക്കുന്നു. ജീവനക്കാരും സഹകാരികളും ഒത്തൊരുമിച്ച് പ്രവർത്തിച്ച് ഇതിനു പരിഹാരമുണ്ടാക്കേണ്ടതായുണ്ട്.

4. കയർമേഖല തീരദേശവാസികളുടെ പ്രധാനവരുമാനമാർഗ്ഗമാണ്. എന്നാൽ ഈ മേഖലകളിലേക്കുള്ള തൊഴിൽ അന്വേഷകരുടെ എണ്ണം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു. തൊഴിൽജന്യ രോഗങ്ങളും, ഈ തൊഴിലിൽ നിന്നുണ്ടാകുന്ന ശാരീരിക ക്ലേശങ്ങളും ഈ മേഖലയിലെ വേതനകുറവുമാണ് കാരണം. ഇത് പരിഹരിക്കപ്പെടണം.

5. കയർമേഖലയിൽ അംസസ്കൃതപദാർത്ഥമായ തൊണ്ട് ശേഖരിക്കുന്നതിൽ ഉണ്ടാകുന്ന വീഴ്ച ഒരു പ്രധാനപ്രശ്നമാണ്.

6. ഇന്ന് കയറിന്റെ വിപണി കണ്ടെത്തുന്നതിന് എളുപ്പമാർഗ്ഗം തേടി ഉല്പന്നം മുതലാളിമാർക്ക് കൈമാറേണ്ടിവരുന്നു. കയർ ഫെഡറേഷന്റെ പ്രവർത്തനം പ്രൈമറി സംഘങ്ങളെ സഹായിക്കുന്ന തരത്തിൽ മാറ്റേണ്ടതുണ്ട്.

7. തൊഴിൽ ജന്യരോഗങ്ങൾക്ക് പ്രതിവിധി നിർദ്ദേശിക്കുവാനോ കാലാകാലങ്ങളിൽ അവയെപ്പറ്റി ബോധവത്കരണം നടക്കുന്നതിനോ ശ്രമം നടക്കുന്നില്ല.

ക്ഷീരസംഘങ്ങൾ

1. 14 വാർഡുകൾ ഉള്ള ഈ പഞ്ചായത്തിൽ ഭൂരിപക്ഷം കൃഷിക്കാരും, കർഷകത്തൊഴിലാളികളുമാണ്.

പട്ടിക 2

ക്ഷീരസഹകരണ സംഘങ്ങൾ

ക്രമ. നമ്പർ	പേര്	സ്ഥാപിതം	അംഗങ്ങൾ	ജീവനക്കാർ	ഓഹരിമൂലധനം	വാർഷിക ടേണോവർ	ലാഭം/ നഷ്ടം
1.	ക്ഷീരവ്യവസായ സഹകരണസംഘം, കടത്തൂർ	1981	685	3	1700	39ലക്ഷം	ലാഭം
2.	ആദിനാട്	1992	224	3	3790	68 ലക്ഷം	ലാഭം
3.	പുന്നക്കുളം	1991	92	2	1400	40ലക്ഷം	ലാഭം
4.	കാട്ടിൽകടവ്	1995	223	2	2230	20 ലക്ഷം	ലാഭം
5.	കോട്ടയ്ക്കുപുറം	1963	350	3	3500	8ലക്ഷം	നഷ്ടം

അവരുടെ ഭൗതിക സാഹചര്യങ്ങൾ ഒരു പരിധി വരെയെങ്കിലും മെച്ചപ്പെടുത്തുവാൻ കാലിവളർത്തൽ സഹായകമാകും. ഇതിനാവശ്യമായ സഹായവും പ്രേരണയും കൊടുക്കുന്നതിനുള്ള താത്പര്യക്കുറവ് പരിഹരിക്കപ്പെടേണ്ടതായുണ്ട്.

2. നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തന പരിധി നിശ്ചയിച്ചതിനാൽ ഉണ്ടായ തകരാറ് പല കർഷകരേയും ഈ മേഖലയിൽ നിന്ന് അകറ്റിനിർത്തുന്നു.

3. ലാഭേരമല്ലാതെ നടക്കുന്ന സംഘങ്ങൾ പുനരുദ്ധരിക്കേണ്ടത് അത്യാവശ്യമാണ്.

ഖാദിസംഘങ്ങൾ

പ്രവർത്തനരഹിതങ്ങളായ ഖാദി സംഘങ്ങൾ പരിമിതങ്ങളാണെങ്കിലും അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടു.

നിർദ്ദേശങ്ങൾ

1. സംഘങ്ങളുടെ പരിധിയിലെ താമസക്കാരും അർഹരുമായി എല്ലാവർക്കും സംഘത്തിൽ അംഗത്വം കൊടുക്കണം.

2. അതത് സംഘങ്ങൾ സംഭരിക്കുന്ന നാളീകേരം അവിടവിടെത്തന്നെ സംഘങ്ങളുടെ ചുമതലയിൽ സംസ്ക്കരിച്ച് വിപണം നടത്തുവാനുള്ള അവസരമുണ്ടാക്കുക.

3. കേരഫെഡിൽ കൃഷിക്കാരിൽ നിന്ന് നേരിട്ട് കൊപ്ര സംഭരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

4. ഷെഡ്യൂൾസ് ബാങ്കുകളിലേക്കും, പ്രൈവറ്റുമേഖലാ ബാങ്കുകളിലേക്കും ഒഴുകുന്ന നിക്ഷേപങ്ങൾ സർവീസ് സഹകരണ ബാങ്കുകളിലേക്ക് തിരിച്ചുവിടുവാൻ നടപടികൾ എടുക്കുക.

5. ക്രഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യാനുസരണം പുതിയ സ്കീമുകൾ നടപ്പിലാക്കുവാൻ ആവശ്യമായ അവകാശം അതത് സംഘങ്ങളുടെ ബോർഡിൽ നിക്ഷിപ്തമാക്കുക.

6. ഓരോ സംഘത്തിന്റേയും മേൽനോട്ടത്തിൽ ഒന്നിലധികം കൺസ്യൂമർസ്റ്റോറുകൾ നടത്തുവാൻ അനുവാദം കൊടുക്കുക.

7. കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് ജീവിക്കാൻ ആവശ്യമായ വേതനം നല്കുവാനുള്ള സാഹചര്യം ഉണ്ടാക്കുക.

8. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായും ശ്രദ്ധയോടെയും നടപ്പിലാക്കി അസംസ്കൃത സാധനമായ തൊണ്ട് യഥാസമയം ശേഖരിക്കുവാൻ ശ്രമിക്കുക.

9. അഴുക്കുന്നതിന് ശേഖരിച്ച് തൊണ്ട് അഴുക്കൽ കഴിഞ്ഞ് തിരിച്ചെടുക്കുമ്പോഴും എണ്ണത്തിൽ കുറവുണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

10. കയർ സംഘങ്ങളിൽ തൊഴിൽ രംഗത്തുകാണുന്നതായി പറയുന്ന അശാസ്ത്രീയമായ നടപടികൾ ഒഴിവാക്കുവാൻ ഉതകുന്ന പരിപാടികൾ കൈക്കൊള്ളുക.

11. കയർമേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽജന്യരോഗങ്ങളുടെ ചികിത്സയ്ക്ക് ഉള്ള ചിലവ് അതാത് സംഘങ്ങൾ വഹിക്കേണ്ടതാണ്.

12. നിർമ്മാണാനന്തരം കയർ അപ്പക്സ് സംഘങ്ങളിൽത്തന്നെ വിപണനം നടത്തുന്നതിന് നിർദ്ദേശം ഉണ്ടാകണം.

13. അന്താരാഷ്ട്ര രംഗത്ത് സസ്യനാരുകളോട് കാണിക്കുന്ന കൂടുതൽ താല്പര്യം കണക്കിലെടുത്ത് കയർ മേഖലയുടെ താളവും ലയവും വീണ്ടെടുക്കുക.

14. ക്ഷീരസംഘങ്ങളുടെ പ്രവർത്തനപരിധി പുനഃപരിശോധിക്കുകയും ഇപ്പോൾ സംഘങ്ങൾ ഇല്ലാത്ത ഒന്നോ രണ്ടോ വാർഡുകൾ ചേർത്ത് പുതിയ സംഘങ്ങൾ ഉണ്ടാക്കേണ്ടതാണ്.

15. കർഷകർക്ക് കാലികളെ വളർത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾക്ക് സാമ്പത്തിക സഹായം എത്തിക്കുക.

16. നിലവിലുള്ള കന്നുകാലികൃഷിക്കാർക്ക് സഹകരണസംഘങ്ങൾ വഴി കാലിത്തീറ്റയും അനുബന്ധ സാധനങ്ങളും കുറഞ്ഞ വിലയ്ക്ക് കൊടുക്കുവാൻ നടപടിയെടുക്കുക.

17. നഷ്ടത്തിൽ നടക്കുന്ന ക്ഷീരസംഘങ്ങളെ പുരുദ്ധരിക്കുന്നതിന് ആവശ്യമായ വിദഗ്ദ്ധോപദേശങ്ങളും സാമ്പത്തികസഹായവും നല്കുക.

18. നിവിലുള്ള ഖാദിസംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്കവിധത്തിൽ അവ പുനർജീവിപ്പിക്കുകയും ചെയ്യുക.

19. കൂടുതൽ വനിതാ സഹകരണസംഘങ്ങൾ സംഘടിപ്പിച്ച് വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

20. ഉൾനാടൻ മത്സ്യസഹകരണസംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുക.

21. കറിപൗഡറുകൾ, മസാലപൊടികൾ, അച്ചാറുകൾ ഇവ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിന് വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കുക.

22. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഹരിജൻ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

23. സഹകരണമേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് കൃഷി, വ്യവസായ സഹകരണ ഡിപ്പാർട്ട്മെന്റുകളുടെ സഹകരണത്തോടെ പരിശീലനപരിപാടി നടപ്പിലാക്കുക.

24. കാർഷിക വിപണന സഹകരണസംഘങ്ങൾ സ്ഥാപിച്ച് കൃഷിക്കാരെ സഹായിക്കുക.

25. പഞ്ചായത്ത് തുടങ്ങിയ സർക്കാർ ആഫീസുകളുടെ സമ്പത്ത് പഞ്ചായത്തിലുള്ള സഹകരണബാങ്കിൽ നിക്ഷേപിക്കുക.

26. പഞ്ചായത്തിൽ ഒരു മോട്ടോർ സഹകരണ സംഘം സ്ഥാപിക്കുക.

27. പഞ്ചായത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ, ഫാക്ടറി സ്ഥാപിച്ച് കാലിവളർത്തൽ, കോഴിവളർത്തൽ ഇവയ്ക്ക് പ്രോത്സാഹനം നൽകുക.

28. പഞ്ചായത്തിൽ കാർഷികമേഖലയിലെ തൊഴിലിന് മുൻതൂക്കം നല്കിക്കൊണ്ട് ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കുക.

29. പുൽകൃഷി വ്യാപകമാക്കി കാലിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കുലശേഖരപുരം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന കർഷകർ, കർഷകത്തൊഴിലാളികൾ, വിശിഷ്യ വനിതകൾ, പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെടുന്ന ജനങ്ങൾ എന്നിവരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിൽ സഹകരണ പ്രസ്ഥാനത്തിന്, തനതായ സംഭാവനകൾ ചെയ്യുവാൻ കഴിയുമെന്നതിനാൽ അതിന് ആക്കം കൂട്ടുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ക്രിയാത്മക പ്രവർത്തനങ്ങൾ ഉണ്ടാക്കേണ്ടതാണ്.



പട്ടിക ജാതി-പട്ടിക വർഗ്ഗക്ഷേമം

കേരളത്തിന്റെ കാർഷികമേഖലയിലെ ഉപഭോഗവസ്തുവെന്നതിൽ കവിഞ്ഞ സ്ഥാനം ലഭിക്കാതിരുന്ന ഒരു വിഭാഗമാണ് പട്ടകജാതി പട്ടികവർഗ്ഗമെന്ന് കാണാം. മഹാകവി കുമാരനാശാന്റെ വരികൾ ഇത് സാധൂകരിക്കുന്നു.

"മറ്റുള്ളോർക്കായ് ഉഴാനും നടാനും
കറ്റകൊയ്യാനും മെതിക്കുവാനും
പറ്റുമിക്കൂട്ടർ ഇരുകാലി മാടുകൾ
മറ്റു കൃഷിപ്പണി ചെയ്യുവാനും "

ഇവരുടെ സാമൂഹ്യ ജീവിതത്തിന്റെ ചരിത്രവും കേരളത്തിന്റെ സാമൂഹിക ചരിത്രവും പരിശോധിക്കപ്പെടേണ്ടതായുണ്ട്. കേരളത്തിലെ പൂർവ്വകാല ജനതയുടെ ചരിത്രം തന്നയാണ് ഇവിടുത്തെ ആദി ദ്രാവിഡരായി കണക്കാക്കപ്പെടുന്ന പട്ടികജാതികളുടേയും പട്ടികവർഗ്ഗങ്ങളുടേയും സംഘകാലത്തും, A.D. 6-ാം നൂറ്റാണ്ടിലും ഹരിജൻ രാജവാഴ്ച കേരളത്തിൽ പലയിടത്തും ഉണ്ടായിരുന്നതായി കാണാം. തിരുവനന്തപുരത്ത് വേളി കായലിന്റെ തീരത്തുള്ള പുലയനാർ കോട്ട ഇതിനുള്ള തെളിവുകളിൽ ഒന്നായികാണക്കാം.

കാലാന്തരത്തിൽ സാമ്പത്തികമായി തകർന്ന ഈ പൂർവ്വകാലജനത സാമൂഹികമായി പിന്നോക്കം പോകുകയും പൂർണ്ണമായും തകർച്ചയിൽ എത്തുകയും ചെയ്തു. എന്നാൽ നൂറ്റാണ്ടുകൾക്ക് ശേഷം സാമൂഹിക ചരിത്രം തിരുത്തിക്കുറിക്കാൻ പോന്ന സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്ത ശ്രീനാരയണഗുരു, ചട്ടമ്പിസ്വാമികൾ എന്നിവരുടെ ആഹ്വാനങ്ങൾ ചെവിക്കൊണ്ട അയ്യങ്കാളിയും, പൊയ്കയിൽ യോഹന്നാൻ അച്ഛനും പതിതരെന്ന് മുദ്രകുത്തപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗങ്ങളെ സംഘടിപ്പിക്കുകയും സമരങ്ങൾക്ക് രൂപംനൽകുകയും ചെയ്തു. 1915-ൽ തിരുവന്തപുരത്ത് ഊരൂട്ടമ്പലത്തിൽ പൊതുനിരത്ത് ഉപയോഗിക്കാനുള്ള അവകാശത്തിനും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനുള്ള അവകാശത്തിനും ക്ഷേത്രപ്രവേശനാനുവാദത്തിനും വേണ്ടി അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടത്തിയ 'പുലയലഹള' ശ്രദ്ധേയമാണ്. പത്തിതരുടെ ഉന്നമനത്തിനു വേണ്ടി 1905-ൽ അയ്യങ്കാളി സ്ഥാപിച്ച 'സാധുജനപരിപാലനയോഗം' യോഹന്നാൻ അച്ഛന്റെ നേതൃത്വത്തിൽ രൂപപ്പെട്ട "പ്രത്യക്ഷ രക്ഷാ ദൈവസഭ" സ്വാമി ശുഭാനന്ദന്റെ 'ആത്മബോധോദയ സംഘം' തുടങ്ങിയവയും മലബാറിൽ കവിതിലകൻ കെ.പി കുറുപ്പൻ തുടങ്ങിയ സംഘടനകളും അംസംഘടിതരായി കഴിഞ്ഞ അധസ്ഥിതരെ പൊതു സാമൂഹ്യ ധാരയിലേക്ക് കൊണ്ടു വരുന്നതിന് യത്നിച്ചു.

സ്വാതന്ത്യനന്തര കാലഘട്ടം പട്ടികജാതി പട്ടികവർഗ്ഗ ജനതയുടെ ക്ഷേമപ്രവർത്തനങ്ങൾ പദവി സംരക്ഷണം

ഇവ ഉറപ്പുവരുത്തുന്നതിന് ഭരണഘടനയിൽ 341,342 വകുപ്പുകളിൽ എഴുതിച്ചേർത്തു. ഇതിനെ തുടർന്ന് ക്ഷേമപ്രവർത്തനങ്ങൾ ധാരാളമായി നടത്തിയെങ്കിലും അതിനനുസരണമായ പുരോഗതി ഇനിയും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ തലത്തിലുള്ള കർശനമായ നിബന്ധനകളും ഉദ്യോഗസ്ഥരുടെ ഇടപെടലും യഥാവസരം സഹായങ്ങൾ എത്തിക്കുന്നതിൽ വരുത്തിയ വീഴ്ച പട്ടകജാതി പട്ടികവർഗ്ഗ പുരോഗതിയെ തടസ്സപ്പെടുത്തി.

കുലശേഖരപുരം പഞ്ചായത്തിലും പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ സ്ഥിതി വ്യത്യസ്തമല്ല. കേരളഭൂപരിഷ്കരണ നിയമം വഴി കുടികിടപ്പ് അവകാശംലഭിച്ചതിലൂടെയും രാഷ്ട്രീയ ബഹുജനസംഘടനാ പ്രവർത്തകരുടെ അക്ഷീണ പരിശ്രമവും അവരുടെ സാമൂഹ്യ പുരോഗതിയ്ക്ക് അനല്പമായ സഹായമുണ്ടായി. പഞ്ചായത്തിൽ 2595 പട്ടികജാതിക്കാരും ആറു പട്ടികവർഗ്ഗക്കാരുമുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയിൽ 6.5%വരും ഇത്. ഇവരിൽ ഭൂരിപക്ഷവും ദാരിദ്രരേഖയ്ക്കു താഴെയുള്ളവരാണ്.

കുലശേഖരപുരം പഞ്ചായത്തിൽ നിലവിൽ 6 ഹരിജൻ കോളനികൾ ഉണ്ട്.

പട്ടിക 1

ക്രമനം:	കോളനിയുടെ പേര്	വാർഡ്
1	പുച്ചത്തറകോളനി	I
2	മാന്തുർതെക്കടത്തു കോളനി	II
3	എരമത്തുകോളനി	III
4	മഞ്ഞാടികോളനി	IV
5	ചക്കാലയിൽ കോളനി	XII
6	ചെട്ടിശ്ശേരിൽ കോളനി	XII

കോളനികളിലെ വീടുകളുടെ പരിരക്ഷണനടപടികൾ യഥാകാലത്തു നടത്താത്തതുമൂലം ഏതുനിമിഷവും നിലം പതിക്കാവുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. കോളനികളിലെ സാനിട്ടേഷൻസൗകര്യങ്ങൾ, ശുദ്ധജലവിതരണസമ്പ്രദായങ്ങൾ, വൈദ്യുതിലഭ്യത ഇവ ശാസ്ത്രീയമായി സംവിധാനം ചെയ്യേണ്ടതുണ്ട്. കോളനിവാസികളെ സംബന്ധിച്ച് ആവശ്യമായ ഒന്നാണ് പൊതുശ്മശാനം. കഴിവതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാൻ വൈദ്യുതശ്മശാനം സ്ഥാപിക്കുന്നതാണ് ഉചിതം.

കോളനികൾക്ക് പുറത്ത് കഴിയുന്ന പട്ടകജാതി പട്ടികവർഗ്ഗവിഭാഗത്തിൽ നല്ലൊരുപങ്കിന് സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ലാത്തവയാണ്. ഉള്ളവ തന്നെ തകർന്നതും കാലോചിതമായി നിർമ്മിക്കപ്പെടാത്തതുമാണ്. ഭവനനിർമ്മാണത്തിനായി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലഭിയ്ക്കുന്ന തുക അപര്യാപ്തമാണന്ന് മാത്രമല്ല, അർഹരായവർക്കെല്ലാം ലഭിയ്ക്കുന്നുമില്ല. വിദ്യാഭ്യസരംഗത്തെ പുരോഗതിയേയും പരിശോധിക്കപ്പെടേണ്ടതായുണ്ട്. സാക്ഷരതാരംഗം മുതൽ ഉന്നത വിദ്യാഭ്യാസ മേഖലവരെ ഇന്നും സാമ്പത്തിക പിന്നോക്കാവസ്ഥമൂലം പട്ടികജാതിപട്ടകവർഗ്ഗവിഭാഗക്കാർ പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ വിഷയത്തിൽ കൂടുതൽ താല്പര്യംജനിപ്പിക്കുന്നതിന് ഉതകുമാറ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് വേണ്ടി ഒരു സമഗ്ര വിദ്യാഭ്യാസ സർവ്വേ തന്നെ നടത്തേണ്ടതുണ്ട്.

പട്ടകജാതി പട്ടകവർഗ്ഗ വിഭാഗത്തിന്റെ പ്രധാനതൊഴിൽരംഗം കാർഷികമേഖലയായിരുന്നു. ഈ മേഖലയ്ക്ക് ഉണ്ടായ മുരടിപ്പ് മറ്റ് മേഖലകളിലേക്ക് തൊഴിൽ ഉപേക്ഷിച്ചുപോകുന്നതിന് അവരെ പ്രേരിപ്പിച്ചു. കയർ, കശുവണ്ടി,തഴപ്പായനെയ്ത് തുടങ്ങിയ പരമ്പരാഗതമേഖലകളിൽ അസംസ്കൃത വസ്തുക്കളുടെലഭ്യതക്കുറവ് തൊഴിൽസാദ്ധ്യത കുറയ്ക്കാൻ ഇടയാക്കി. ഈ രംഗത്ത് വേതനക്കുറവും മറ്റ് മേഖലകളിലേക്ക് തൊഴിലന്വേഷിച്ചുള്ള കടന്നുകയറ്റത്തിന് ആക്കം കൂട്ടി. ഫലത്തിൽ തൊഴിൽദിനങ്ങളിൽ കുറവുണ്ടാകുകയും ഈ വിഭാഗങ്ങളുടെ സാമ്പത്തികവരുമാനം സാരമായികുറയുകയും ചെയ്തു.

കഠിനാദ്ധ്വാനം വേണ്ടിവരുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ഇവരിൽ ശാരീരിക അവശത അനുഭവിക്കുന്നവർ ഏറെയുണ്ട്. പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളും തൊഴിൽജന്യരോഗങ്ങളും ഇവരുടെ ആരോഗ്യത്തെ കാർന്നുതിന്നുന്നു. ഇതിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ വേറെയും.

ബഹുജനസംഘടനകളിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നവർ പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങളിൽ തുലോംകുറവാണ്. സ്വാതന്ത്യം കിട്ടി അൻപത് ആണ്ടു കഴിഞ്ഞിട്ടും ഭരണഘടന വിഭാവനം ചെയ്ത പട്ടകജാതിക്കാരുടെ സാമൂഹിക പദവി ഉയർത്താൻ കഴിഞ്ഞില്ല എന്ന സത്യം നിലനിൽക്കുന്നു. മറ്റുള്ളവരുടെ നിക്ഷിപ്തതാല്പര്യങ്ങളും ഈ വിഭാഗക്കാരെ സഹജീവികളായി കാണുന്നതിലുള്ള അസിഹിഷ്ണതയും സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് ഒരു കാരണമാണ്.

പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ പരിമിതങ്ങളാണ്.

2. പാർപ്പിടമില്ലാത്തവരിൽ ഉള്ളതുതന്നെ തകർച്ചയുടെ വക്കിൽ എത്തിനിൽക്കുന്നവയും ധാരാളമുണ്ട്.

3. കക്കൂസ് ഇല്ലാത്ത വീടുകൾ ഏറെയുണ്ട്.

4. പൊതു ശ്മശാനം ഇല്ല.

5. രോഗചികിൽസാ സൗകര്യങ്ങൾ ഇല്ല.

6. സ്വയംതൊഴിൽ കണ്ടെത്താനുള്ള സാമ്പത്തിക സഹായം നൽകുന്നതിൽ ബാങ്കുകൾ നിഷ്ക്രിയത്വം ഭാവിക്കുന്നു.

7. അഭ്യസ്തവിദ്യർക്ക് തൊഴിൽ സാധ്യതകുറയുന്നു.

8. ക്ഷേമപദ്ധതികളെ സംബന്ധിച്ചു കാലാകാലങ്ങളിൽ അറിവ് ലഭിക്കുന്നില്ല.

9. പരിസരമലിനീകരണം മൂലം ഉണ്ടാകുന്ന രോഗങ്ങൾ

10. സമൂഹത്തിന്റെ അവഗണന.

11. സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

12. വിവിധവകുപ്പുകളിൽ നിന്നുള്ള ധനസഹായം അർഹതയുള്ളവരിൽ എത്തിച്ചേരുന്നില്ല.

13. പോഷകാഹാരക്കുറവ്, അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ.

14. സാമ്പത്തികസഹായം കിട്ടാത്തതിന് വീടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാൻകഴിയുന്നില്ല.

സാദ്ധ്യതകൾ

1. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി പാർപ്പിടം, കുടിവെള്ളം ഇവയ്ക്ക് പരിഹാരം കാണാവുന്നതാണ്.

2. പഞ്ചായത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന റാപ്പിഡ് ഡിസ്ട്രിബ്യൂഷൻ വാട്ടർ സിസ്റ്റത്തിൽ നിന്നും എല്ലാ കോളനികളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ എടുക്കണം.

3. വീടില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗങ്ങൾക്ക് വീട് നിർമ്മിച്ച് കൊടുക്കുക.

4. എല്ലാവീടുകളിലും വൈദ്യുതി എത്തിയ്ക്കുക.

5. കോളനിനിവാസികളുടെ സഹകരണത്തോടുകൂടി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പരിപാടിനടപ്പിലാക്കുക.

6. കക്കൂസ് ഇല്ലാത്ത എല്ലാവീടുകളിലും അത് നിർമ്മിച്ചു കൊടുക്കുകയും അതു ശുചിയായി സൂക്ഷിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്യുക. അതുമൂലം പരിസരജന്യരോഗങ്ങളെ ഒരളവോളം നിയന്ത്രിക്കാൻ കഴിയും.

7. കോളനികളിലെ ആരോഗ്യവകുപ്പിന്റെ ശ്രദ്ധപതിയാൻ ആവിശ്യമായ നടപിടികൾ എടുക്കണം.

8. വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാഭ്യാസഗ്രാന്റുകൾ വർദ്ധിപ്പിക്കുകയും ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

9. അഭ്യസ്തവിദ്യരുടെ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുകവഴി സാമ്പത്തികനില ഒരു പരിധിവരെ പരിഹരിയ്ക്കാൻ കഴിയും.

10. ക്ഷേമപദ്ധിതികളെ കുറിച്ച് യഥാസമയം ബോധവൽക്കരണം നടത്തുക.

11. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദൂരീകരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

12. അർഹതരായ എല്ലാവർക്കും പെൻഷൻ നൽകുക.

13. പട്ടകജാതി സംരക്ഷണനിയമം ഫലപ്രദമായി നടപ്പിലാക്കുക.

14. പട്ടിക ജാതി പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം രാഷ്ട്രീയ സാമൂഹികരംഗങ്ങളിൽ ഉറപ്പ് വരുത്തുക.

15. കോളനികൾ കേന്ദ്രമാക്കി ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് രൂപം നൽകി തൊഴിലവസരങ്ങൾസൃഷ്ടിക്കുക.

വിഭവസമാഹരണം

ആകർഷകമായ ഭൂപ്രകൃതിയും, സുഖപ്രദമായ കാലാവസ്ഥയും ഫലഭൂയിഷ്ഠമായ ഭൂമിയും കർമ്മോന്മുഖരായ ജനങ്ങളും നമ്മുടെ പഞ്ചായത്തിനെ അനുഗ്രഹീതമാക്കിയിരിക്കുന്നു. നമ്മുടെ പഞ്ചായത്ത് ഒരുകാലത്ത് തിരുവിതാംകൂറിലെ നെല്ലറകളിലൊന്നായ ഓണാട്ടുകരയുടെ ഭാഗമാണ്. നെല്ലും നാളീകേരവും മനുഷ്യശേഷിയുമാണ് നമ്മുടെ വിഭവങ്ങൾ. വ്യവസായങ്ങൾ നാമമാത്രമേയുള്ളു. പരമ്പരാഗതവ്യവസായമായ കയർമേഖല ഫലത്തിൽ തകർന്നുകൊണ്ടിരിക്കുന്നു. കാർഷികമേഖലയും തകർച്ചയുടെ വക്കിലാണ്. വികസനപ്രവർത്തനങ്ങളെ മുന്നിൽകാണുമ്പോൾ നമ്മുടെ വിഭവശേഷി വിലയിരുത്തപ്പെടേണ്ടതുണ്ട്. തകർന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെയും കൃഷിയേയും പോഷിപ്പിക്കുന്നതോടൊപ്പം പുത്തൻ വരുമാനതുറകളും കണ്ടെത്തേണ്ടിവരുന്നു. നമ്മുടെ പഞ്ചായത്തിൽ നിന്നും വിദേശങ്ങളിൽ ജോലിയിലേർപ്പെട്ടിരിക്കുന്നവർ 2000-ൽ ഏറെ വരുമെന്ന് പഠനങ്ങൾ കാണിക്കുന്നു. വിദേശ ഇൻഡ്യാക്കാർ, പ്രാദേശികമായി പണം കടം കൊടുക്കുന്നവർ, സഹകരണ സംഘങ്ങൾ, പൊതുമേഖലാ ബാങ്കുകൾ, പ്രൈവറ്റുബാങ്കുകൾ എന്നിവയെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ആ കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്ത് നിലവിൽ വന്നത് 1953 ആഗസ്റ്റിലാണ്. അന്നു നമ്മുടെ വിഭവശേഷി പരിമിതമായിരുന്നു. തൻവർഷത്തിൽ 1954-55 5120 രൂപാ വരവും അത്രയും തന്നെ ചെലവും വരുന്ന ബഡ്ജറ്റിനാണ് രൂപം നല്കിയത്. 1995-96 വർഷം ആയപ്പോഴേക്കും ബഡ്ജറ്റിൽ വരവിനത്തിൽ 2629851 രൂപയും ചെലവിനത്തിൽ 2349965 രൂപയുമായി വർദ്ധിച്ചതായി കാണാം.

പഞ്ചായത്തിന്റെ ഇപ്പോഴുള്ള പ്രധാന വരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ് ഫീസ്, പഞ്ചായത്തുവക ചാൽ, കുളം, മാർക്കറ്റ് എന്നിവയുടെ ലേലതുക തുടങ്ങിയവയിൽ നിന്നാണ്. കൂടാതെ 1995-96 വർഷത്തിൽ ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റിനത്തിൽ 917769 രൂപയും വസ്തുകൈമാറ്റനികുതിയിനത്തിൽ 330292 രൂപയും ലഭിച്ചിട്ടുണ്ട്. പഞ്ചായത്തുരാജ് നിയമം നടപ്പിലാക്കിയതുവഴി കൂടുതലായി ലഭിച്ച വകുപ്പുകളുടെ നടത്തിപ്പിനായി 984541 രൂപയും ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഭരണത്തിന് 663808 രൂപയും പൊതുമരാമത്തിന് 990054 രൂപയും കറണ്ടുചാർജ്ജിന് 158592 രൂപായും ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഭരണത്തിന് 663808 രൂപയും പൊതുമരാമത്തിന് 990054 രൂപയും കറണ്ടുചാർജ്ജിന് 158592 രൂപയും പൊതുജനാരോഗ്യം, ജലവിതരണം എന്നിവയ്ക്ക് 392227 രൂപയും ചെലവായി.

പഞ്ചായത്തിന്റെ ചുമതലകൾ വർദ്ധിക്കുന്തോറും ചെലവുകളും കൂടുന്നു. ഇതിനുവേണ്ടിവരുന്ന അധിക വിഭവം കണ്ടെത്തേണ്ടതുണ്ട്. 1994-ൽ നികുതി നിരക്കിൽ വർദ്ധനവുണ്ടായി. എങ്കിലും ശാസ്ത്രീയാടിസ്ഥാനത്തിൽ പുനർനിർണ്ണയം നടത്തിവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന് വളരെയധികം സാമ്പത്തികനഷ്ടം ഉണ്ടാകുന്നതായി കാണുന്നു. സ്റ്റാമ്പു ഡ്യൂട്ടിയിനത്തിലെ വിഹിതം രണ്ടുവർഷത്തെ കുടിശ്ശിക ലഭിക്കാനുള്ളതായി കാണുന്നു. ഗവൺമെന്റു ഗ്രാന്റിനത്തിലും തുക ലഭിയ്ക്കാനുണ്ട്. JRY പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് 79000 രൂപായും മറ്റുള്ളവർക്ക് 329529 രൂപായും ലഭിക്കുകയും ആയത് ചെലവു ചെയ്യുകയും ചെയ്തു. 1954-55 കാലഘട്ടത്തിൽ ഭരണപരമായ ചെലവ്

738 രൂപ ആയിരുന്നത് 1995-96 ആയപ്പോഴേക്കും 663803 രൂപ ആയി വർദ്ധിച്ചു. ജോലിഭാരം വർദ്ധിച്ചതോടുകൂടി ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. അതോടൊപ്പം ശമ്പളത്തിലും. പൊതുമരാമത്ത് ഇനത്തിൽ 990054 രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലുണ്ടായ വികസനത്തിന്റെ ഏകദേശ രൂപം ഇതിൽ നിന്നും വ്യക്തമാകും. 1954-55-ൽ വൈദ്യുതി ചാർജ്ജ് 254 രൂപ ചെലവഴിച്ചിരുന്നുവെങ്കിൽ ഇപ്പോൾ 158592 രൂപയായി ഉയർന്നു.

പഞ്ചായത്തിലെ വരവു ചെലവുകളുടെ വ്യതിയാനം പട്ടിക ഒന്നിൽ കൊടുത്തിട്ടുണ്ട്.

കെട്ടിടനികുതി

നമ്മുടെ പഞ്ചായത്തിൽ കെട്ടിടനികുതി വാർഷിക വാടകയുടെ 10 ശതമാനം മെയിന്റനൻസിനുവേണ്ടി നീക്കി ബാക്കിയുള്ള തുകയുടെ 6% നികുതിയും നികുതിയുടെ 5% ലൈബ്രറി സെസ്സുമായിട്ടാണ് ഈടാക്കുന്നത്. കെട്ടിടനികുതി അസസ്മെന്റ് ചെയ്യുന്നതിൽ വലിയ പാകപ്പിഴകൾ വന്നുകൂടുന്നു. അതിൽകൂടി സാമ്പത്തികചോർച്ചയും. കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ആഡംബര വസ്തുക്കളുടെ വില എന്നിവ അസസ്മെന്റിൽ പരിഗണിക്കേണ്ടതുണ്ട്. ഈ വിധത്തിൽ നികുതി ഏർപ്പെടുത്തിയാൽ കെട്ടിടനിർമ്മാണത്തിലെ ആഡംബര ഭ്രമം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും. വാടകകെട്ടിടങ്ങളുടെ നികുതി യഥാർത്ഥ വാടകയെ അടിസ്ഥാനമാക്കി പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

തൊഴിൽനികുതി

ആറുമാസത്തെ ശമ്പളത്തിന്റെ ശരാശരി കണക്കാക്കി ഗവർമെന്റ് നിശ്ചയിച്ച സ്ലാബ് പ്രകാരമാണ് തൊഴിൽ നികുതി പിരിക്കുന്നത്. ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ശരിയായ കണക്കുകൾ ലഭിക്കുന്നത്. എങ്കിലും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന കണക്കുകൾ വസ്തുതയ്ക്ക് നിരക്കാത്തതാണ്. ഈ ഇനത്തിൽ പഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടാകുന്നു. ആകയാൽ ഈ പഞ്ചായത്ത് അതിർത്തിയിൽ സ്വകാര്യസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ ആളുകളുടെയും ശരിയായ സ്ഥിതിവിവരകണക്കുകൾ സ്വീകരിച്ച് നികുതി ഈടാക്കേണ്ടതാണ്.

വിനോദനികുതി

പഞ്ചായത്തിലെ രണ്ടു സിനിമാശാലകളിലെ നികുതിപിരിവ് കാര്യക്ഷമമാക്കുവാൻ നികുതി കോമ്പൗണ്ടു ചെയ്യുക.

ലൈസൻസ് ഫീസ്

പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന് ലഭിക്കുന്ന ലൈസൻസ് ഫീസ് വളരെ കുറവാണെന്ന് മനസ്സിലാക്കാം. എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് ഏർപ്പെടുത്തുകയും ഇപ്പോഴുള്ളത് ശാസ്ത്രീയാടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്യുകയും ചെയ്യേണ്ടതാണ്.

മാർക്കറ്റ്

ഈ പഞ്ചായത്തിൽ രണ്ട് പബ്ലിക് മാർക്കറ്റുകളും ഒരു സ്വകാര്യ മാർക്കറ്റുമുണ്ട്. എന്നാൽ അനധികൃതമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യമാർക്കറ്റുകൾ നടക്കുന്നുണ്ട്. ഇവയ്ക്കുകൂടി ലൈസൻസ് കൊടുക്കുകയോ, നിർത്തലാക്കുകയോ ചെയ്യേണ്ടതാണ്.

വള്ളിക്കാവ് പബ്ലിക് മാർക്കറ്റിനോട് ചേർന്ന് റൂറൽ ഡവലപ്മെന്റ് ബോർഡിൽനിന്ന് വായ്പയെടുത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മറ്റിനം

സ്വകാര്യ പണമിടപാടുകാർക്കും ചിട്ടി നടത്തിപ്പുകാർക്കും പഞ്ചായത്തിൽനിന്നും ലൈസൻസ് ഏർപ്പെടുത്തേണ്ടതാണ്. സ്റ്റാമ്പ് ഡ്യൂട്ടിയിലുള്ള ചോർച്ച ഒഴിവാക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തിയാൽ പഞ്ചായത്തിന് ഗണ്യമായ ഒരു തുക അധികമായി ലഭ്യമാകും.

സർക്കാരിൽനിന്നും ലഭിക്കേണ്ട വ്യത്യസ്ത ഗ്രാന്റുകളും നികുതി വിഹിതങ്ങളും യഥാസമയം ലഭ്യമക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. ക്ഷേമപദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഒരേസ്വഭാവത്തിലുള്ള സ്കീമുകളുടെ ഗുണം ഒരേയാൾതന്നെ ആവർത്തിച്ച് ഉപയോഗപ്പെടുത്തുന്ന രീതി ഒഴിവാക്കുന്ന കാര്യത്തിൽ ജനകീയ സമിതികളുടെ മോണിറ്ററിംഗ് അത്യാവശ്യമായും ഉണ്ടാകണം. ഉപാധിരഹിത ഫണ്ട് ജനറൽ സെക്റ്ററിലേയ്ക്ക് അനുവദിക്കുമ്പോൾ ഉപയോഗത്തിന്റെ പ്രാധാന്യം കണക്കിലെടുക്കേണ്ടതും അവികസിത മേഖലയ്ക്ക് മുൻഗണന നൽകേണ്ടതുമാണ്. വിദേശ ഇന്ത്യാക്കാരുടെ സമ്പത്ത് പഞ്ചായത്തിലെ പ്രത്യുൽപ്പാദന മേഖലകളിലേയ്ക്ക്

തിരിച്ചുവിടാനുതകുന്ന ബോധവൽക്കരണം നടത്തേണ്ടതാണ്.

മനുഷ്യശേഷി

മനുഷ്യശേഷിയെ ശരിയായ വഴിക്ക് തിരിച്ചുവിട്ടാൽ വികസനരംഗത്ത് വലിയ ഫലങ്ങൾ ഉണ്ടാക്കുവാൻ കഴിയും. വിദ്യാസമ്പന്നരുടെ സേവനം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യപരിപാലനം, ശുചീകരണം, പരിസരമലിനീകരണം, മദ്യം, മയക്കുമരുന്ന് ഇവയുടെ ദോഷഫലങ്ങൾ എന്നീ കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്. സന്നദ്ധസംഘങ്ങൾ ഓരോ വാർഡിലും രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പദ്ധതികളുണ്ടാകണം.

ബാങ്കുകളുടെ പങ്ക്

റിസർവ്വ് ബാങ്ക് കാലകാലങ്ങളിൽ നൽകുന്ന നിർദ്ദേശാനുസരണം ബാങ്കുകൾക്ക് ലഭിക്കുന്ന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം തുക അതത് ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വിതരണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണം. ഇതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം. സഹകരണ ബാങ്കുകളുടെ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉൽപ്പാദനമേഖലയെ പരിപോഷിപ്പിക്കാൻ വഴികണ്ടെത്തുകയും വേണം.

പട്ടിക – കുലശേഖരപുരം പഞ്ചായത്ത് വരവ്-ചെലവ് കളുടെ വ്യതിയാനം

വരവ്

ക്രമനമ്പർ	ഇനം	1992–93	1995–96	വ്യത്യാസം
1.	കെട്ടിടനികുതി	231341	440948	+173607
2.	തൊഴിൽനികുതി	127570	175970	+4400
3.	വിനോദനികുതി	134476	136057	+1581
4.	അധികവിനോദനികുതി	81544	81994	+450
5.	പ്രദർശനനികുതി	2181	4552	+2371
6.	സർചാർജ്ജ്	566	1141	+575
7.	ചന്തവരവ്	3341	17325	+13984
8.	ഇറച്ചിസ്റ്റാൾ	12236	32990	+20754
9.	ലൈസൻസ്ഫീസ്	15680	14383	1297
10.	വസ്തുകൈമാറ്റനികുതി	434164	475282	+41118
11.	ഗ്രാന്റുകൾ ഒഴികെയുള്ളത്	49724	61260	+11536
	ആകെ	1092826	1448846	
ചെലവിനം				
1.	ഭരണം	475117	663808	+188691
2.	പൊതുമരാമത്ത്	94515	990054	+814539
3.	വിദ്യാഭ്യാസം	55790	25815	−29975
4.	ജലവിതരണം പൊതുജനാരോഗ്യം	19796	395227	+375431
5.	തെരുവുവിളക്ക്	153664	158592	+4928
6.	മറ്റുള്ളവ	63935	197469	+135534
	ആകെ	862819	2349965	1487148

പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ വിവിധ ഘട്ടങ്ങളിൽ

I. 1953-63

1.	ജി.കാർത്തികേയൻ	പ്രസിഡന്റ്
2.	കെ.അബ്ദുൾ ഖാദിർ കുഞ്ഞ്	വൈ.പ്രസിഡന്റ്
3.	ജി.മാധവൻപിള്ള	മെമ്പർ
4.	എൻ.രാമൻപിള്ള	മെമ്പർ
5.	പി.ഗംഗാധരൻ	മെമ്പർ
6.	എൽ.കൃഷ്ണപിള്ള	മെമ്പർ
7.	കെ.വേലുവൈദ്യൻ	മെമ്പർ
8.	എം.സെയ്നുദ്ദീൻ കുഞ്ഞ്	മെമ്പർ
9.	വി.നാണു	മെമ്പർ
10.	കെ.വാസുദേവൻ	മെമ്പർ
11.	എം.അബൂബേക്കർകുഞ്ഞ്	മെമ്പർ

II. 1963-79

1.	ജി.കാർത്തികേയൻ	പ്രസിഡന്റ്
2.	എൻ.രാമൻപിള്ള	വൈസ് പ്രസിഡന്റ്
3.	ജി.മോസ്ക്കരൻ ഉണ്ണിത്താൻ	മെമ്പർ
4.	പി.എം.സെയ്നുദ്ദീൻ കുഞ്ഞ്	മെമ്പർ
5.	കെ.സുകുമാരൻ	മെമ്പർ
6.	പി.പരമേശ്വരൻപിള്ള	മെമ്പർ
7.	ഹമീർകുഞ്ഞ്	മെമ്പർ
8.	എം.ഷംസുദ്ദീൻകുഞ്ഞ്	മെമ്പർ
9.	കെ.കുഞ്ഞച്ചൻ	മെമ്പർ
10.	എൻ.ശ്രീധരൻ	മെമ്പർ
11.	പാത്തുമ്മാകുഞ്ഞ്	നോമിനേറ്റഡ് മെമ്പർ
12.	പി.രവീന്ദ്രൻ	മെമ്പർ

III. 1979-84

1.	എൻ.രാമൻപിള്ള	പ്രസിഡന്റ്
2.	കെ.ഹമീർകുഞ്ഞ്	വൈ.പ്രസിഡന്റ്
3.	എൻ.രാജശേഖരൻനായർ	മെമ്പർ
4.	പി.എം.സെയ്നുദ്ദീൻകുഞ്ഞ്	മെമ്പർ
5.	വി.ശിവദാസൻ	മെമ്പർ
6.	എൻ.ശിവരാജൻ	മെമ്പർ
7.	വി.മോനു	മെമ്പർ
8.	എം.സിദ്ദിക്ക്	മെമ്പർ
9.	കെ.പീതാംബരൻ	മെമ്പർ
10.	വി.പത്മനാഭൻ	മെമ്പർ
11.	വി.കെ.ആനന്ദം	മെമ്പർ
12.	പി.കെ. പ്രശാന്തൻ	മെമ്പർ

IV. 1988-95

1.	എൻ.രാമൻപിള്ള	പ്രസിഡന്റ്
2.	ഒ.ഇബ്രാഹിംകുട്ടി	വൈ.പ്രസിഡന്റ്
3.	ഡി.ബാബു	മെമ്പർ
4.	ഡി.രാജൻ	മെമ്പർ
5.	റ്റി.വി.പത്മാവതി	മെമ്പർ
6.	വാസന്തി ജനാർദ്ദനൻ	മെമ്പർ
7.	വി.കെ.ആനന്ദം	മെമ്പർ
8.	എ.ഷാഹുൽ ഹമീദ്	മെമ്പർ
9.	നീലികുളം കുട്ടൻപിള്ള	മെമ്പർ
10.	കെ.ജയപ്രകാശ്	മെമ്പർ
11.	കെ.ആത്മാറാം	മെമ്പർ
12.	എം.ഇബ്രാഹിംകുട്ടി	മെമ്പർ
13.	പി.കെ.പ്രശാന്തൻ	മെമ്പർ
14.	നസീം അഹമ്മദ്	മെമ്പർ

ഒരു വാക്കുകൂടി....

കേരളത്തിന്റെ ഒമ്പതാംപദ്ധതി ജനകീയപദ്ധതിയായി ഏറ്റെടുക്കാനുള്ള തയ്യാറെടുപ്പിലാണ് സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളും. വരുന്ന ഏപ്രിലിൽ ആരംഭിക്കുന്ന ഒമ്പതാം പദ്ധതിയുടെ ഭാഗമായി പദ്ധതി തുകയുടെ 40% അഥവാ 4400 കോടി രൂപ പഞ്ചായത്തുകളിലേക്ക് വരുകയാണ്. ഈ ധനവും പ്രാദേശികമായി സമാഹരിക്കുന്ന വിഭവങ്ങളും ചേർത്ത് ശാസ്ത്രീയമായ മുൻഗണനാക്രമത്തിൽ ജനാഭിലാഷങ്ങൾ മാനദണ്ഡമാക്കി രൂപം കൊടുക്കുന്ന സ്കീമുകൾക്കായ് വിഭവങ്ങൾ ഉപയോഗിക്കുകയാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരും സാമൂഹ്യനന്മ കാംക്ഷിക്കുന്ന മറ്റെല്ലാവരും ചേർന്ന ഒരു കൂട്ടായ്മ ഈ കർമ്മപരിപാടിയുടെ വിജയത്തിന് അനിവാര്യമാണ്.

ഒട്ടേറെ പരിമിതികളിൽ നിന്നുകൊണ്ടാണെങ്കിലും നമ്മുടെ കൃഷിയും പരമ്പരാഗത വ്യവസായവും ഇതര മേഖലകളും ഒരു പരിധി വരെ പച്ചപിടിക്കാൻ ജനകീയാസൂത്രണം വഴി സാധിക്കും. ഈ സാമൂഹ്യ ഉത്തരവാദിത്വം ഏറ്റെടുക്കാൻ നമ്മളും ഉറച്ചിരിക്കുന്നു എന്നതിന്റെ വിളംബരമാണ് ഈ വികസനസെമിനാർ. സെമിനാറിലെ ക്രിയാത്മകവും ആത്മാർത്ഥവുമായ ചർച്ചകളിലൂടെ ഗ്രാമതലആസൂത്രണത്തിന് പുത്തൻ ആശയങ്ങളും ആയുധങ്ങളും നാം സ്വരൂപിക്കുകയാണ്. പഞ്ചായത്തിലെ ഓരോ വാർഡിലെയും വികസന പ്രവർത്തനങ്ങൾ സെമിനാറിന് ശേഷം രൂപംകൊള്ളുന്ന കർമ്മസമിതി പരിശോധിക്കും. വികസനപദ്ധതികൾക്ക് രൂപം കൊടുക്കും. മുൻകാലങ്ങളിൽ നിന്നു വ്യത്യസ്തമായി എല്ലാ പദ്ധതികളുടെയും നടത്തിപ്പും മേൽനോട്ടവുമെല്ലാം ജനകീയകമ്മിറ്റികൾക്കായിരിക്കും. ധനവിനിയോഗം സുതാര്യമായിരിക്കും. അങ്ങനെ അധികാരം ജനങ്ങളിലെത്തിക്കുകയും ജനാധിപത്യത്തിന് ശരിയായ അർത്ഥം കണ്ടെത്തുകയുമാണിവിടെ.

കുലശേഖരപുരം പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങളെല്ലാം ഈ റിപ്പോർട്ടിൽ ചർച്ച ചെയ്യുന്നുണ്ട്. ഈ റിപ്പോർട്ട് കുറ്റമറ്റ ഒരു രേഖയല്ല. കാരണം വളരെ സമയമെടുത്ത് കൃത്യമായ സർവ്വേ നടത്തി തയ്യാറാക്കിയ റിപ്പോർട്ടല്ല ഇത്. അതിനുള്ള സാവകാശവും ലഭിച്ചിരുന്നില്ല. എന്നാൽ ഓരോ വിഷയവുമായി ബന്ധപ്പെട്ട ഗവൺമെന്റ് - സഹകാര്യ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും ഉപയോഗിച്ചുകൊണ്ടാണ് റിപ്പോർട്ടിന് രൂപം കൊടുത്തിട്ടുള്ളത്. സെമിനാറിൽ നടക്കുന്ന ചർച്ചകളിലൂടെ ഇത് കൂടുതൽ മെച്ചപ്പെടുത്താനാകും. വളരെപ്പേരുടെ അക്ഷീണ പരിശ്രമം ഇതിനുപിന്നിലുണ്ട്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് ഇന്നോളം നടന്നിട്ടില്ലാത്ത പഠനവും അന്വേഷണവുമൊക്കെ നടത്തേണ്ടിവന്നു. അതിലൊക്കെ വളരെയധികം പേരുടെ സഹകരണവും സഹായവും ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളെ കൂടാതെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. ഗോപിനാഥന്റേയും മറ്റ് ഓഫീസ് ജീവനക്കാരുടേയും സേവനം എടുത്തുപറയേണ്ടതാണ്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ലതികാബാബു, അഗ്രികൾച്ചറൽ ഓഫീസർ ശ്രീ. സുധീർ, K.S.E.B. അസിസ്റ്റന്റ് എൻജിനീയർ ശ്രീ.സദാശിവൻനായർ, PWD ഓവർസിയർ ശ്രീ. രവീന്ദ്രൻ പിള്ള, സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് ശ്രീ. പി. ദാമോദരൻപിള്ള, സ്കൂൾ ഹെഡ്മാസ്റ്റർമാർ, വില്ലേജ് ഓഫീർമാർ, ഡിപ്പാർട്ട്മെന്റ് ഓഫ് എർത്ത് സയൻസ് സ്റ്റഡീസ് ഉദ്യോഗസ്ഥർ, L.R.P. കളായ ശ്രീ. മുഹമ്മദ്കുഞ്ഞ്, ശ്രീ. കൊച്ചുകുഞ്ഞ്, ശ്രീമതി കെ. രമണി, പത്മാസാഗർ, കെ. സജീവൻ, എൻ. കൃഷ്ണകുമാർ എന്നിവരുടെ സഹായങ്ങൾ കൃതജ്ഞതയോടെ സ്മരിക്കട്ടെ.

നമ്മുടെ പഞ്ചായത്തിലൂടെ നാടിന് സമൃദ്ധി....



വ്യവസായം, മീൻവളർത്തൽ, പശു, കോഴിവളർത്തൽ,
കൃഷി തുടങ്ങിയവകൊണ്ട് നമുക്ക് സമ്പന്നമാകാം.
ആ നല്ല സ്വപ്നം സഫലീകൃതമാകാൻ ജാതി-മത ചിന്തകൾക്കും
കക്ഷിരാഷ്ട്രീയത്തിനും അതീതമായി നമുക്ക് ഒന്നിക്കാം.

ആശംസകളോടെ

സുരേഷ് ടെക്സ്റ്റൈൽസ്

ഓച്ചിറ

കുലശേഖരപുരം സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ Q 995

കാട്ടിൽ കടവ് പി.ഒ., ഫോൺ : 620 353

35 വർഷത്തെ സേവന പാരമ്പര്യവുമായ് ജൈത്രയാത്ര തുടരുന്നു.

കുലശേഖരപുരം പഞ്ചായത്തിന്റെ വികസനത്തിന്

കാർഷികവും കാർഷികേതരവും ആയ വായ്പകൾ

സമയബന്ധിതമായി നൽകുന്നു.

കരുനാഗപ്പള്ളി താലൂക്കിലെ ഏക സ്പെഷ്യൽ ഗ്രേഡ് "A" ക്ലാസ്സ്

സർവ്വീസ് സഹകരണ ബാങ്ക്.

അതെ .... നിങ്ങളുടെ സ്വന്തം ബാങ്ക് ....

കുലശേഖരപുരം സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ Q 218

ക്ലാപ്പന പി.ഒ., ഫോൺ : 897534

ജനസേവനത്തിനായ് പ്രതിബദ്ധതയോടെ

വിവിധ കാർഷിക - കാർഷികേതര വായ്പകൾ

സ്വർണ്ണപ്പണയം, ചിട്ടി, ടെക്സ്റ്റയിൽസ്, വളം, കീടനാശിനി

പുരോഗതിക്ക് വേണ്ടിയുള്ള ജനകീയ ഉദ്യമത്തിൽ
ഞങ്ങളും കൈ കോർക്കുന്നു.

എൻ. തങ്കമ്മ
സെക്രട്ടറി

പി. ദാമോദരൻ പിള്ള
പ്രസിഡൻറ്